Reg. No. M. 2293 ഒററപ്രതി 2 ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 27 | 1129 കുംഭം 5—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ഫെബ്രുവരി 17 | ലക്കം 25

## റഷ്യൻ വിപ്ലവത്തെപ്പററിയുള്ള പ്രവചനങ്ങൾ

(ഒ. അയ്യനേത്തു്)

ബൂർഷ്വായിസവും അക്രൈസ്തവതയുമാകുന്ന തിമിരത്തിൽ തപ്പിത്തടയുന്ന ലോകത്തിനു്, പ്രത്യേകിച്ചു് പടിഞ്ഞാറെ ലോകത്തിനു് വെളിച്ചം തെളിച്ചുകൊടുക്കത്തക്കവണ്ണം സുദൃഢശാലനവും സുന്ദരവുമായ ഒരു ഭാവി റഷ്യക്കുണ്ടു് എന്ന വിശ്വാസക്കാരായിരുന്നു റഷ്യക്കാർ പൊതുവേ, വിശേഷിച്ചു് ബുദ്ധിജീവികൾ. എന്നാൽ കറുത്തതും കരിയും പുരണ്ട ഒരു റഷ്യ പിറന്നുവരുന്നതിനുമുമ്പു് അതു് അതിഭയങ്കരമായ വിധം ദുഷിക്കുമെന്നും ഒരു ഭീകരവിപ്ലവത്തെ അതിന്നഭിമുഖീകരിക്കേണ്ടിവരുമെന്നും ദീർഘദൃഷ്ടിയുള്ള അനുഗൃഹീതരായ ഏതാനും അസാധാരണ ചിന്തകന്മാർ നേരത്തെതന്നെ കാണുകയുണ്ടായി. പത്തൊൻപതാംനൂററാണ്ടിനെ കമ്മ്യൂണിസത്തിന്റെ വെളുപ്പാൻകാലം എന്നു വിളിക്കാം. ഈ കാലയളവിൽ പാശ്ചാത്യരായ ബുദ്ധിരാക്ഷസന്മാർ അപ്രതിഹതമായ പുരോഗമിയെപ്പററി അനവരതം ചിലച്ചുകൊണ്ടിരുന്നപ്പോൾ ദീർഘദൃഷ്ടിയുള്ള പ്രസ്തുത റഷ്യൻ ബുദ്ധിജീവികൾ ബൂർഷ്വായിസം, ഭൗതികമാത്രസംസ്കാരം എന്നിവയുടെ ദുഷ്ഫലങ്ങളെപ്പററി മുന്നറിയിപ്പു നല്കിക്കൊണ്ടിരിക്കയായിരുന്നു. ജീവിതത്തേയും മരണത്തേയും പരിവേഷം ചെയ്തു നില്ക്കുന്ന പരമപാവനമായ ദിവ്യരഹസ്യങ്ങളിൽ—സംഗതങ്ങളും സാരവത്തുക്കളുമായ ഒട്ടുവളരെക്കാര്യങ്ങളിൽ—അവരുടെ അന്തർദൃഷ്ടികളും ചിന്താശക്തികളും തുളച്ചുകയറുകയുണ്ടായി. ഈ യാഥാർത്ഥ്യങ്ങളുടെ പെരുമ്പറയാണു് അവരുടെ ലോകോത്തരസുന്ദരങ്ങളായ ഗ്രന്ഥതല്ലജങ്ങൾ. ഭാവിയെപ്പററിയുള്ള അവരുടെ പ്രവചനങ്ങൾ ഏതുതരത്തിലെന്നു് ഇവിടെ അല്പമായി കാണിക്കാം.

ലിയോൺ ടിവ്യൂ എന്ന ചിന്തകൻ വിശ്വസിച്ചു, അന്തിക്രിസ്തുവിനെ ജനിപ്പിക്കുകയാണു് റഷ്യയുടെ പ്രേഷിതവൃത്തി (Mission) എന്നു്. സംഭവിക്കാറാകുന്ന വിപ്ലവം ഭീകരവും രക്തപങ്കിലവുമായ ഒന്നാണു്; അതു് പാശ്ചാത്യരെ പൊതുവെ ആകർഷിക്കും; അനന്തരം ബൂർഷ്വാലോകത്തെ നശിപ്പിക്കാൻ അതു് പടിഞ്ഞാറോട്ടു തിരിക്കും; അതുമൂലം ലോകത്തിന്റെ അവസാനമല്ല വരുന്നതു്, പിന്നെയോ, പദാർത്ഥവാദത്തിന്റെയും ദേശീയവാദത്തിന്റെയും അമിതമായ സ്വാതന്ത്ര്യവാദത്തിന്റെയും (Liberalism) അവസാനമാണു്, എന്നൊക്കെ അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി.

ലോകചരിത്രത്തിന്റെ ഒരു പരിവർത്തനഘട്ടത്തെ റഷ്യ സമുദ്ഘാടനം ചെയ്യുമെങ്കിലും അതിനുമുമ്പു്, അതു തന്റെ തന്നെ നാശംവരുത്തുമെന്നു് ലെക്കോറിൻ വിശ്വസിച്ചു.

പ്രകാശരശ്മികൾ വീശുന്ന വെൺചിറകുമായി റഷ്യ ഒരിക്കൽ പറന്നുയരും; എന്നാൽ അതിനുമുമ്പു് നിശ്ചിതവും നിർണ്ണയവുമായ ഒരു വിപ്ലവത്തിന്റെ സംഭവ്യത അതിനുണ്ടു് എന്നു് സുപ്രസിദ്ധ സാഹിത്യകാരനായ പുഷ്കിൻ ദീർഘദൃഷ്ടിയിൽ കണ്ടു.

റഷ്യൻ വിപ്ലവത്തെപ്പററി പ്രവചിച്ചുകൊണ്ടു 1831 ൽ ലെർമൊന്റോവ് എഴുതിയ "നാശം" (Perdition) എന്ന കവിത ഇങ്ങനെ പോകുന്നു:

"ആ ദിവസം വരും: അന്ധകാരത്തിന്റെ ആ ദിനം റഷ്യയിൽ പിറക്കും;

"അന്നു് സാർചക്രവർത്തിയുടെ കനകകിരീടം തറയിൽ വീണു് തകർന്നു തരിപ്പണമാകും;

"ഒരിക്കൽ അദ്ദേഹത്തെ സ്നേഹിച്ചിരുന്ന ജനസമൂഹമെല്ലാം; വിരക്തിക്കും വിപ്ലവോന്മത്തരായ ആ കീഴാളർ ഇനി അദ്ദേഹത്തെ സ്നേഹിക്കുകയില്ല;

"മരണവും വാർദ്ധക്യരോഗങ്ങളും പലർക്കും അനുഭവിക്കേണ്ടിവരും;

"നിയമമോ ആരും വകവയ്ക്കുകയില്ല; നിഷ്കളങ്കനേയും നിരപരാധിയായ സ്ത്രീയെയും സംരക്ഷിക്കാൻ യാതൊരു നിയമവും ഉണ്ടായിരിക്കയില്ല;

"അഴുകിപ്പൊട്ടുന്ന ശവങ്ങളിൽ നിന്നും പൊന്തിയുയരുന്ന പ്ലേഗുബാധ കദനത്തിന്റെ കൈപ്പുനീർ കുടിക്കുന്ന ജനപദങ്ങളിൽ കൂടി ഇഴഞ്ഞുചെല്ലും;

"കുടിലുകളിൽനിന്നും കീറത്തുണിയുടുത്ത നിരാധാരർ സഹായത്തിനായി കൈകൾ നീട്ടും; എന്നാൽ ഒരുത്തർക്കും ഒരു സഹായം ചെയ്യാൻ കഴിവുണ്ടാകയില്ല;


"ഒരു ഭീകരക്ഷാമം നാട്ടിൻപുറങ്ങളെ ഒന്നടങ്കം വിഴുങ്ങും;

"പുലരി അരുവികളെ ആരക്തമാക്കും;

"അപ്പോൾ ശക്തനായ ആ മനുഷ്യൻ പുറത്തുവരും; അവനെ നീ കണ്ടറിയും; അവന്റെ കൈയിൽ പ്രഭോജ്ജ്വലമായ ഒരു വാൾ ഉണ്ടായിരിക്കും;

"സങ്കടമാണു് നിന്റെ വിധി; തീവ്രവേദനയാൽ നിന്റെ കണ്ണുകൾ ചൂളും;

"നിന്റെ മിഴിനീരിന്റെയും ദീർഘനിശ്വാസത്തിന്റെയും നേരെ നോക്കി അവൻ ഒരു പരിഹാസച്ചിരി ചിരിക്കും."



**തൊഴിലാളി! എങ്ങോട്ടു്?**

**മതവിശ്വാസത്തിലേക്കോ?—കമ്മ്യൂണിസത്തിലേക്കോ?**

ററിയുട്ട്ചേവ് അന്ധകാരത്തിന്റെയും വൈകാരികവികിരണങ്ങളുടെയും നാടായിട്ടാണു് റഷ്യയെ മുൻകൂട്ടിക്കാണുന്നതു്. കിരാതത്വത്തിന്റെ കൂത്തരങ്ങായി, വിപ്ലവത്തിന്റെ ഭാവഗ്രന്ഥിജ്വാല പരന്ന മേഖലയായി റഷ്യയെ കണ്ടിട്ടു അദ്ദേഹം ഇങ്ങനെ പറയുന്നു: "അതിന്റെ വിജയം അതു ശരിയെന്നല്ല, പ്രത്യുത, നമുക്കു തെററിപ്പോയി എന്നു കാണിക്കുന്നു."

സുപ്രസിദ്ധ ചിന്തകനും നോവലിസ്റ്റും ഒരു തികഞ്ഞ രാഷ്ട്രീയപ്രവാചകനുമായ ഡസ്റ്റോവിസ്കി, 'സ്രഷ്ടാവായ ദൈവത്തിനെതിരായി മനുഷ്യർ നടത്തുന്ന വിപ്ലവത്തിന്റെ വിവിധവശങ്ങളെപ്പററി സൂക്ഷ്മനിരീക്ഷണം ചെയ്തു പഠിച്ചിട്ടുണ്ടു്' എന്നു് ആർക്കും മനസ്സിലാകും, അദ്ദേഹത്തിന്റെ ഗ്രന്ഥതല്ലജങ്ങൾ ഒരാവർത്തി വായിച്ചുനോക്കിയാൽ—പ്രത്യേകിച്ചു് Possessed, Brothers Karemazov എന്ന നോവലുകൾ. ദൈവനിഷേധം ദൈവത്തിന്റെ സ്ഥാനത്തു് മനുഷ്യരെ അവരോധിച്ചിരുത്തുന്നതിനു സമമാണു് എന്നദ്ദേഹം പറയുന്നു.

ഭാവിയിലെ വിപ്ലവം ബാഹ്യശക്തികളിൽ നിന്നല്ല, ദൈവവും അവിടുത്തെ സൃഷ്ടികളായ മനുഷ്യരും തമ്മിൽ മുന്നമേയുണ്ടായിരുന്ന ആ മധുരബന്ധത്തിന്റെ തകർച്ചയിൽനിന്നാണുയിരെടുക്കുന്നതു് എന്നു് ഡസ്റ്റോവിസ്കി ചൂണ്ടിക്കാണിക്കുന്നു; വളരെ നേരത്തേതന്നെ. ഈ വിപ്ലവമാകട്ടെ, "നിരീശ്വരത്വത്തിന്റെ ആധുനികാവതാരമായ സോഷ്യലിസത്തിന്റെ—ദൈവത്തെക്കൂടാതെ പണിതുയർത്തിയ ബാബേൽഗോപുരമായ ഭൂമിയെ സ്വർഗ്ഗത്തോടടുപ്പിക്കാനല്ലാതെ, സ്വർഗ്ഗത്തെ ഭൂമിയി

ലേക്കു കെട്ടിയിറക്കാൻ വെമ്പുന്ന സോഷ്യലിസത്തിന്റെ—വേഷത്തിലായിരിക്കും എന്നത്രേ അദ്ദേഹത്തിന്റെ പ്രവചനം. സോഷ്യലിസം എങ്ങനെ എല്ലാവരെയും സംഘടിപ്പിക്കും എന്നു് പിശാചനെക്കൊണ്ടു് അദ്ദേഹം പറയിക്കുന്നു: “ഞങ്ങൾ അവരെക്കൊണ്ടു് പണിയെടുപ്പിക്കും; അവരുടെ വിശ്രമാവസരങ്ങളിലാകട്ടെ, അവരുടെ ജീവിതത്തെ ഞങ്ങൾ പട്ടുത്സവത്തും; പാപംചെയ്യുന്നതിനു് ഞങ്ങൾ അവരെ അനുവദിക്കും; എന്തെന്നാൽ അവർ അത്രമാത്രം ബലഹീനരും നിസ്സഹായരുമാണെന്നു് ഞങ്ങൾക്കറിയാം.”

നിരീശ്വരപരമായ സാമൂഹ്യപ്രബോധനങ്ങളുടെ പ്രലോഭനത്തിനു്—“അപ്പത്തിന്റെയും അധികാരത്തിന്റെയും” പ്രലോഭനത്തിനു്—റഷ്യ അടിപ്പെട്ടുപോകുമെന്നു് പ്രവചിക്കാൻ ഡസ്റ്റേവിസ്കി മടിക്കുന്നില്ല. വിശന്നുപൊരിഞ്ഞുകിടക്കുന്ന ജനലക്ഷങ്ങളെ അപ്പത്തിന്റെയും (ഭാവിയിൽ ലഭിക്കാൻപോകുന്ന) അധികാരത്തിന്റെയും പേരിൽ പ്രലോഭിപ്പിച്ചു്, നിത്യജീവസന്ദായകമായ സ്വർഗ്ഗീയമന്നായെയും അതിന്റെ ദാതാവായ ദൈവത്തെയും നിഷേധിക്കുന്നവരും തന്നെ മാത്രം ആരാധിക്കുന്നവരുമായി അവരെ പകർത്തുമെന്നു് “കരമസോവു് സഹോദരന്മാർ” എന്ന ഗ്രന്ഥത്തിൽ അദ്ദേഹം അന്തിക്രിസ്തുവിനെക്കൊണ്ടു പറയിക്കുന്നു.* അന്തിക്രിസ്തുവിനെ ഇവിടെ ഒരു വലിയ ഹ്യൂമനിസ്റ്റ്—മനുഷ്യവർഗ്ഗക്ഷേമവാദി—ആയിട്ടത്രേ അദ്ദേഹം ചിത്രീകരിക്കുന്നതു്. ലോകത്തെ ഒന്നടങ്കം പരിവർത്തനത്തിനു വിധേയമാക്കുന്ന ഒരു വിപ്ലവം—ഫ്റാൻസിൽ നടന്നതരത്തിലുള്ള ഒരു ഭയങ്കരവിപ്ലവം—റഷ്യയിൽ നടക്കുന്നതാണെന്നു് 1877-ൽ അദ്ദേഹം എഴുതുകയുണ്ടായി. +

നിരീശ്വരപരമായ ആ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള ഡസ്റ്റേവിസ്കിയുടെ വിവരണം വായിക്കുമ്പോൾ അദ്ദേഹം ഈ ഇരുപതാംനൂറ്റാണ്ടിൽ ജീവിച്ചിരിക്കുന്ന ആളാണോ എന്നു് അനുവാചകർക്കു തോന്നിപ്പോകും. അദ്ദേഹം പറയുന്നു: “സമുദായത്തിലെ ഓരോ അംഗവും പരസ്പരം ഒറ്റിക്കൊടുക്കുന്നു; അങ്ങനെ ചെയ്യുക ഒരുവന്റെ കടമയാണു്...... എല്ലാവരും അടിമകൾ! അടിമത്തത്തിൽ അവർ സമന്മാരാണു്... ...സിസറോയുടെ നാവു് മുറിച്ചെറിയപ്പെടും. കൊപ്പർണിക്കസിന്റെ കണ്ണു് നിഷ്പ്രഭമാക്കപ്പെടും. ഷേക്സ്പിയർ കല്ലെറിയപ്പെടും....സമത്വം പാലിക്കണമെന്നു് അടിമകൾക്കു് കടമയുണ്ടു്......കുട്ടികളോടുകൂടിച്ചേർന്നു് തങ്ങളുടെ ദൈവത്തിനെതിരായി പരിഹാസം മുഴക്കുന്ന ആ അദ്ധ്യാപകൻ ഞങ്ങളുടെ ചേരിയിലാണു്. തന്റെ കക്ഷി, അദ്ദേഹത്തിന്റെ പ്രതിയോഗിയെക്കാൾ സംസ്കാരസമ്പന്നനാണു്, പണം തട്ടിയെടുക്കുന്നതിനു് അദ്ദേഹത്തിനു് കൊലപാതകം നടത്താതെ വേറെ നിവൃത്തിയൊന്നുമില്ലായിരുന്നു എന്നു് വിദ്യാസമ്പന്നനായ ഒരു കൊലപാതകിക്കുവേണ്ടി വാദിക്കുന്ന വക്കീൽ ഞങ്ങളിലൊരാളാണു്. വികാരത്തിനു ചൂടുകൊടുക്കുന്നതിനുവേണ്ടി മാത്രം ഒരു കർഷകനെ വധിച്ചുകളയുന്ന സ്കൂൾകുട്ടികൾ ഞങ്ങളുടേതാണു്. സർവ്വ കുറ്റവാളികളെയും നിരപരാധികളായി വിട്ടുകളയുന്ന ജഡ്ജിമാർ ഞങ്ങളുടെ കൂട്ടരത്രേ... ...ഉദ്യോഗസ്ഥന്മാരെയും സാഹിത്യകാരന്മാരെയും ഞങ്ങളോടൊട്ടിനില്ക്കുന്നവർ പലരുണ്ടു്; അവരതറിയുന്നില്ലെങ്കിലും....വിനാശത്തിന്റെ കൊമ്പുവിളി ഞങ്ങൾ മുഴക്കും....തീകൊളുത്തിക്കൊണ്ടു് ഞങ്ങൾ സഞ്ചരിക്കും... ലോകം ഇതുവരെ കണ്ടിട്ടില്ലാത്ത വലിയ ഒരു തകിടംമറിച്ചിൽ ഉണ്ടാകും. അന്ധകാരം റഷ്യയെ ആക്രമിച്ചടക്കും. ഭൂമി അതിന്റെ ദൈവങ്ങളെ കരഞ്ഞുവിളിച്ചുപേക്ഷിക്കും”.

ബൈബിളിൽ കാണുന്ന ജരാസനിലെ ഭൂതഗ്രസ്തനായ മനുഷ്യനോടാണു് ഡസ്റ്റേവിസ്കി റഷ്യയെ അദ്ധ്യവസാനം ചെയ്യുന്നതു്. അദ്ദേഹം പറയുന്നു: “സർവ്വവ്രണകെട്ടുകളും, സകലവിധ പകർച്ചവ്യാധികളും, സർവ്വ അശുദ്ധിയും, ചെറുതും വലുതുമായ സകല പിശാചുക്കളും ബലഹീനയായ റഷ്യയിൽ പെരുകിപ്പരക്കും.”

## വിവാഹം

മതിലകംപള്ളി എടവക തിരൂടി ദേവസ്സിയുടെ പുത്രൻ ശ്രീമാൻ ദേവസ്സിക്കുട്ടിയും ഇരിഞ്ഞാലക്കുട ചിറയത്തു് കൊടിയൻ വറീതിന്റെ പുത്രി ശ്രീമതി കൊച്ചുത്രേസ്യായും തമ്മിൽ വിവാഹം ഈ ഫെബ്രുവരിമാസം 15-ാംതിയതി ഇരിഞ്ഞാലക്കുട പള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു. നവദമ്പതിമാർക്കു സൗഭാഗ്യപൂർണ്ണമായ വൈവാഹികജീവിതത്തെ സർവ്വദയാപരൻ പ്രദാനം ചെയ്യട്ടെയെന്നു ഹൃദയപൂർവ്വം ആശംസിക്കുന്നു.

എന്നു്, ടി. ഡി. മിഖേൽകുട്ടി

---

ഈ പ്രവചനങ്ങളെല്ലാം അതേപടി നിറവേറിയിരിക്കുകയാണിന്നു റഷ്യയിൽ. 1917-ലെ ബോൾഷെവിക്കു് വിപ്ലവത്തിനുശേഷം കമ്മ്യൂണിസ്റ്റുകാർ ചെയ്തിട്ടുള്ള കടുംകൈകൾ കരിങ്കല്ലിനെപ്പോലും കരയിക്കുന്നതത്രേ. ദേവാലയങ്ങൾ അനവധി അവർ നശിപ്പിച്ചു. കുറെ അവർ അടച്ചുപൂട്ടി. ചിലതു് വെടിമരുന്നുശാലകളോ നൃത്തശാലകളോ ആയി മാറ്റി. മെത്രാന്മാരെയും വൈദികരെയും അവർ വാളിനിരയാക്കി. ഒട്ടുവളരെപ്പേരെ അവർ നാടുകടത്തി. കണക്കില്ലാത്തവരെ തടങ്കൽപ്പാളയങ്ങളിലും കൽത്തുറുങ്കിലുമിട്ടു് മർദ്ദിച്ചു. ഭയങ്കരമായവിധം മതപീഡനം നാടാകെ നടമാടി. നിണപ്പുഴ റഷ്യയിലവിടവിടെ ഒഴുകി. മതവിശ്വാസികളോ പ്രതിവിപ്ലവകാരികളോ എന്നറിയപ്പെട്ടവരെയും സംശയിക്കപ്പെട്ടവരെയും ഒന്നടങ്കം സൈബീരിയൻ തടങ്കൽപ്പാളയങ്ങളിലേക്കു് വലിച്ചിഴച്ചുകൊണ്ടുപോയി. കുടുംബബന്ധം ശിഥിലമായി. സർവ്വോപരി മനുഷ്യത്വം നിചനിചമായി ചവിട്ടിമെതിക്കപ്പെടുകയുമുണ്ടായി.

ഇന്നും ഇതേ പ്രവൃത്തികൾ റഷ്യ തുടർന്നുകൊണ്ടിരിക്കയാണു്. സൈബീരിയൻ തടങ്കൽപ്പാളയങ്ങളിൽക്കിടന്നു് പട്ടിണിയുടെയും പട്ടാളത്തിന്റെയും കടുത്ത മർദ്ദനങ്ങൾക്കു വിധേയരായി കഷ്ടപ്പെട്ടു പണിയെടുക്കുകയാണു് ഇന്നും അനേകലക്ഷങ്ങൾ. ഇഞ്ചിഞ്ചായി അരഞ്ഞരഞ്ഞു്, വേച്ചുവേച്ചു മണ്ണടിയുകയാണു് ആയിരമായിരം മനുഷ്യജീവികൾ! മരിച്ചുവീഴുന്നവരുടെ കോളം നിറയ്ക്കുന്നതിനു് ഉപഗ്രഹരാജ്യങ്ങളിൽനിന്നും മറ്റും ബലാൽക്കാരമായി പിടിച്ചെടുത്ത സ്ത്രീപുരുഷന്മാരെയും കുട്ടികളെയുംകൊണ്ടു് അതാ പോകുന്നു തീവണ്ടികൾ ഒന്നിനുപിറകെ ഒന്നായി! വണ്ടിയുടെ ചൂളംവിളികളെ ഭേദിച്ചുകൊണ്ടു് അന്തരീക്ഷത്തിലേക്കുയരുകയാണു് നിരാലംബരും നിസ്സഹായരുമായ മനുഷ്യജീവികളുടെ ദയനീയരോദനം! ആരു കേൾക്കാനാണു്!

അതേ, നിരീശ്വരത്വത്തിന്റെയും നിർമ്മതത്വത്തിന്റെയും കരാളമായ കിരാതവാഴ്ചയുടെയും നാടായിരിക്കയാണിന്നു റഷ്യ. അന്ധകാരം അതിനെ ഇന്നു സമാവരണം ചെയ്തിരിക്കുന്നു. അടുത്തുകിടക്കുന്ന ചെറുരാജ്യങ്ങളെ ഓരോന്നായി അവൾ ഇതിനകം വെട്ടിവിഴുങ്ങിക്കഴിഞ്ഞിരിക്കുന്നു. പടിഞ്ഞാറു് മദ്ധ്യജർമ്മനിമുതൽ കിഴക്കു് ചീനയുടെ തീരംവരെ വ്യാപിച്ചിരിക്കുകയാണു് അന്ധകാരം. ഇരുമ്പുകർട്ടന്റെ ഉള്ളിലമർന്നു ഞെരിപിരികൊള്ളുകയാണു് വിപുലവിശാലമായ ഈ പ്രദേശങ്ങൾ. ശ്വാസംമുട്ടിച്ചാകാറായികിടക്കുകയാണു് അവിടെ അവശേഷിച്ചിരിക്കുന്ന മനുഷ്യത്വം. അവിടത്തെ ഓരോ മനുഷ്യജീവിക്കും, ഓരോ പുൽക്കൊടിക്കും, അല്ല, ഓരോ മൺതരിക്കും പറയുവാനുണ്ടു് കരളലിയിക്കുന്ന കഥകൾ—കണ്ണീരിൽ കുളിപ്പിച്ച അനുഭവകഥകൾ—ലോകാവസാനംവരെ പറഞ്ഞാലും തീരാത്ത നീണ്ട ചരിത്രങ്ങൾ—മനുഷ്യത്വത്തോടു് ലോകം ഇതുവരെ ചെയ്തിട്ടുള്ളതിലേക്കും ഘോരമായ കടുംകൈകൾ! കമ്മ്യൂണിസ്റ്റുഭരണത്തിലിരിക്കുന്നിടത്തോളം കാലം ഇത്തരത്തിലിരിക്കും റഷ്യാക്കാരുടെ അനുഭവം: കണ്ണീരിലും കരച്ചിലിലും കൂടിയുള്ള ജീവിതം!

അച്ചടിയിലിരിക്കുന്ന “മാർക്സിസം റഷ്യയിൽ” എന്ന ഗ്രന്ഥത്തിൽനിന്നു്.

---

* Cf. Destoevsky; The Brothers Karemazov pp 229—230

+ Dostoevsky; Journal of an Author, May—June 1877

# അമേരിക്കയിലെ സാമ്പത്തികസ്വാതന്ത്ര്യം

(ഫാദർ ആന്റണി മാഞ്ഞൂരാൻ)

കഴിഞ്ഞ ലോകമഹായുദ്ധത്തിൽ ജർമ്മൻകാരാൽ ഞാനൊരു തടവുകാരനാക്കപ്പെട്ടു. ഒരുദിവസം ജർമ്മൻകാരനായ ഒരു സ്നേഹിതൻ സന്ദർഭവശാൽ എന്നോടു ചോദിച്ചു: “യുദ്ധസേവനത്തിനു മുമ്പു നിങ്ങൾക്കു എന്തു ജോലിയായിരുന്നു?” “ഞാനൊരു മുതലാളിയായിരുന്നു” എന്നു പെട്ടെന്നു ഞാൻ മറുപടി പറഞ്ഞുപോയി. എന്റെ സ്നേഹിതൻ അമ്പരന്നു. ക്രോധവും പുച്ഛവും അമർഷവും അയാളുടെ മുഖത്തു പ്രതിഫലിച്ചു. രൂക്ഷമായി എന്നെ ഒന്നു നോക്കിക്കൊണ്ടു് ഒന്നും മിണ്ടാതെ അയാളങ്ങു കടന്നുപോയി. മുതലാളി എന്നുള്ള സംജ്ഞ എന്റെ സ്നേഹിതനെ ഇത്ര വെഹിളികൊള്ളിച്ചതിന്റെ കാരണം മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞില്ല. എന്റെ കൂട്ടുകാരായ രണ്ടമേരിക്കൻ തടവുകാരുണ്ടായിരുന്നു. അവരും ഈ സംഭവത്തിൽ അത്ഭുതസ്തബ്ധരായി.

അമേരിക്കാക്കാരായ ഞങ്ങൾക്കു നിരവധി മേന്മകൾ പ്രദാനംചെയ്യുന്ന ഞങ്ങളുടെ സാമ്പത്തികവ്യവസ്ഥിതിയെപ്പറ്റി തെറ്റിദ്ധരിച്ചിട്ടുള്ളവരും അതിന്റെ ഫലദായകത്വത്തെ സംശയദൃഷ്ട്യാ വീക്ഷിക്കുന്നവരുമായി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിരവധിയാളുകളുണ്ടെന്നു അന്നുമുതലാണു് ഞാൻ മനസ്സിലാക്കിത്തുടങ്ങിയതു്. ഇതു് എത്ര വലിയൊരു തെറ്റിദ്ധാരണയാണെന്നു അനുവാചകർക്കു ഞാൻ വിശദമാക്കിത്തരാം.

മുതലാളിത്തം അഥവാ സാമ്പത്തിക ഉടമ മുമ്പെന്തായിരുന്നുവെന്നും, ഇപ്പോൾ അതു് എന്തായിരിക്കുന്നുവെന്നും വ്യക്തമാക്കുന്നതായാൽ ആ ബദ്ധധാരണകൾ എളുപ്പത്തിൽ നീങ്ങിപ്പോകും. പണ്ടത്തെ മുതലാളിമാരുടെ ദൂഷണകഥകൾ ഇന്നും നമ്മുടെ മനസ്സിൽനിന്നും മാഞ്ഞുപോയിട്ടില്ല. അന്നത്തെ മുതലാളിത്തവും, ഇന്നത്തെ അമേരിക്കയിലെ മുതലാളിത്തവും തമ്മിൽ പഴയ വലിബോട്ടുകളും, പുതിയ ജറ്റുവിമാനങ്ങളുംപോലെയുള്ള ഭേദമുണ്ടു്. മുതലാളിയെന്ന പേരു് കേൾക്കുമ്പോൾത്തന്നെ കാരുണ്യലേശംപോലും സ്പർശിക്കാത്ത, [illegible] കണ്ണുകളോടുകൂടിയ, സകലതും തനിക്കുതന്നെ അനുഭവിക്കണമെന്നുള്ള ആർത്തിയും സ്വാർത്ഥതയുടെ പാരമ്യവും ഒത്തുകൂടി നില്ക്കുന്ന ഒരു ക്രൂരന്റെ രൂപമാണു് ഇന്നിയും നമ്മുടെ മാനസമുകുരത്തിൽ ആവിർഭവിക്കുന്നതു്. വിസ്തൃതങ്ങളായ ഭൂവിഭാഗങ്ങളുടെയും മറ്റു നാനാതരത്തിലുള്ള നിരവധി സ്വത്തുക്കളുടെയും അധിപതിയായി ആയിരക്കണക്കിനു് ദാരിദ്ര്യപീഡിതരായ അടിമകൾ തൊഴുതു പൂജിച്ചു നില്ക്കുന്ന ഒരു സ്വേച്ഛാധിപതിയുടെ ചിത്രമാണു് മനസ്സിൽ ഉദിച്ചുയരുന്നതു്. മനുഷ്യവർഗ്ഗത്തിന്റെ പ്രാഥമികാവകാശങ്ങളെപ്പോലും ഹനിച്ചുകൊണ്ടു് സ്വാർത്ഥതയുടെ പീഠത്തിന്മേൽ ദുർഗ്ഗുണമൂർത്തിയായി മുതലാളി നിലകൊള്ളുന്നതാണു് ഈ ചിത്രത്തിൽ നാം കാണുന്നതു്.

എന്റെ രാജ്യത്തുള്ള ആധുനികമുതലാളിക്കു് മേൽക്കാണിച്ച ചിത്രത്തോടു് യാതൊരു സാമ്യവും ഞാൻ കാണുന്നില്ല. അമേരിക്കയിലെ എല്ലാ സംഘടനകൾക്കും പൊതുജനങ്ങളോടും, വേലക്കാരോടും നിർബന്ധിതമായ ഒരു സാമൂഹ്യബാദ്ധ്യതയുണ്ടു്. സാമ്പത്തികകഴിവുകളെ വ്യക്തിഗതമായി കൈകാര്യം ചെയ്യാമെന്നിരുന്നാലും, അതിനെ അതിരിട്ടു് നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ ശരിക്കുണ്ടാക്കിവെച്ചിട്ടുണ്ടു്. ഞങ്ങളുടെ വ്യവസായമണ്ഡലത്തിനു തികച്ചും ധാർമ്മികമായ ഒരടിത്തറയുണ്ടു്. അതിന്റെയെല്ലാം ഫലമായി ലോകം ഇതേവരെ കണ്ടിട്ടുള്ളതിനെയെല്ലാം കവച്ചുവെക്കുന്നതും, വിപ്ലവകരമായ വേഗതയോടുകൂടിയതും, അഭിവൃദ്ധ്യുന്മുഖവുമായ പരമോൽക്കർഷമാണു് അമേരിക്കൻ ജനതയ്ക്കിന്നുണ്ടായിട്ടുള്ളതു്.

പ്രസ്തുത ഉൽക്കർഷമേറെയെന്നാൽ ബലപ്രയോഗത്തിൽനിന്നുണ്ടായിട്ടുള്ളതല്ല; പ്രത്യുത യഥാർത്ഥസ്വാതന്ത്ര്യത്തിൽനിന്നു വളർന്നുവന്നിട്ടുള്ളതാണു്. ഉല്പാദനശക്തിയും, സുരക്ഷിതത്വവും പരമാവധി കരഗതമാകുന്നതിനു പറ്റിയ രീതിയിൽ ഒരു സ്വതന്ത്രസാമ്പത്തികവ്യവസ്ഥ രൂപവൽക്കരിക്കുന്നതിനുവേണ്ടിയുള്ള ഒരു സ്വതന്ത്രജനതയുടെ സ്വമേധയായ സഹകരണമാണു് ഈ വിജയത്തിന്റെയെല്ലാം രഹസ്യം. ഞങ്ങൾക്കിപ്പോൾ ലക്ഷക്കണക്കിനു് “മുതലാളികൾ” ഉണ്ടു്. ഞങ്ങളുടെ സ്വതന്ത്രവ്യവസായപരിപാടിയിൽ ഭാഗഭാക്കുകളായിരിക്കുന്നവരും, അന്യൂനമായ ഒരു സാമൂഹ്യമുതൽമുടക്കു് തങ്ങൾക്കുണ്ടെന്നഭിമാനിച്ചു് സന്തോഷിക്കുന്നവരുമാണു് ആ മുതലാളികൾ.

പ്രായാധിക്യം, രോഗബാധ, തൊഴിലില്ലായ്മ മുതലായ അവശതാസാഹചര്യങ്ങളെ തൊഴിലാളികൾ തരണംചെയ്യുന്നതിനു് ഗവർമ്മെന്റുസഹായത്തിന്റെ പോരായ്മയെ പരിഹരിക്കുമാറു് വിപുലമായ തോതിൽ ക്ഷേമപ്രദായകങ്ങളായ സ്വകാര്യമൂലധനങ്ങൾ ശേഖരിച്ചുവെക്കുന്നതിനു വേണ്ട ഏർപ്പാടുകളും ഞങ്ങളുടെ നാട്ടിലുണ്ടു്. തൊഴിലുടമകൾ തങ്ങളുടെ വേലക്കാരുടെ സുഖമായ താമസത്തിനു് അഗ്രഹാരങ്ങൾ പോലെയുള്ള ഏർപ്പാടുകൾ ചെയ്തുവെച്ചിട്ടുണ്ടു്. ആകമാനബാധകമായ വ്യവസായവൃത്തിയുടെ കർത്തവ്യം വെറും കൂലി കൊടുക്കൽകൊണ്ടുമാത്രം നിർവ്വഹിക്കപ്പെടുന്നില്ലെന്നുള്ള ബോധം അടിക്കടി വർദ്ധിച്ചുകൊണ്ടുവരുന്നതിന്റെ ഫലമായി ആശുപത്രികളും, പള്ളിക്കൂടങ്ങളും, അവിടവിടെ പൊന്തിയുയരുന്നതായിക്കാണാം. തൊഴിലാളികളെ വെറും കൂലിക്കാരായി കണക്കാക്കാതെ വ്യവസായസമിതിയിലെ അംഗങ്ങളെന്നോണം മാനിച്ചുയർത്തി അവർക്കായി പ്രത്യേക സംഘടനകളുണ്ടാക്കി ആ സംഘടനകളുടെ സഹകരണം സുലഭമാക്കിക്കൊണ്ടിരിക്കുന്ന വ്യവസായസ്ഥാപനങ്ങൾ ഞങ്ങളുടെ നാട്ടിൽ കുറച്ചൊന്നുമല്ല.

മേൽ പ്രസ്താവിക്കപ്പെട്ട ആരോഗ്യകരമായ സഹകരണത്തിന്റെ ഫലമായി ഉല്പാദിതവസ്തുക്കൾ എണ്ണത്തിലും, ഗുണത്തിലും വിലക്കുറവിലും മികച്ചുനില്ക്കുന്നതായിട്ടാണനുഭവം. കൂലി മേലോട്ടുകയറുമ്പോൾ വേലസമയം കിഴോട്ടിറങ്ങിക്കൊണ്ടിരിക്കുന്നു. വ്യവസായചക്രങ്ങൾക്കയവുണ്ടാവാൻ മനുഷ്യരുടെ വിയർപ്പിനുപകരം യന്ത്രങ്ങളാകുന്ന എണ്ണയാണു് പ്രയോഗിക്കപ്പെടുന്നതു്. അതേസമയംതന്നെ ജോലിക്കു് കൂടുതൽ അവസരങ്ങളും, പണ്ടെങ്ങും കിട്ടാത്തതരത്തിൽ സുരക്ഷിതത്വവും, വിശ്രമോല്ലാസങ്ങൾക്കുള്ള സന്ദർഭങ്ങളും എല്ലാവർക്കും ലഭിക്കുന്നുമുണ്ടു്.

ഈ നേട്ടങ്ങൾ ഞങ്ങളുടെനാട്ടിൽമാത്രം കരഗതമാകത്തക്കവണ്ണം ഞങ്ങൾ ഒന്നും ചെയ്തുവച്ചിട്ടില്ല. പുരോഗമനപരവും ഉല്പാദനവർദ്ധകവുമായ ഒരു സാമൂഹ്യസമ്പത്തു് ഞങ്ങൾക്കനുഭവിക്കാനിടയാക്കിത്തീർത്തിട്ടുള്ള അതേ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിൽ ലോകത്തിലുള്ള മറ്റു സകല സ്വതന്ത്രജനതകൾക്കും അതിൽ ഭാഗഭാക്കുകളാകാവുന്നതാണു്. ഈ ലക്ഷ്യത്തോടുകൂടിയുള്ള ഞങ്ങളുടെ സഹായസഹകരണങ്ങൾ യാതൊരുതരത്തിലും രാഷ്ട്രീയവിലങ്ങുകളാക്കിത്തീർത്തിട്ടില്ല. യഥാർത്ഥ സാമ്പത്തികമുന്നേറ്റത്തിനു് സ്വാതന്ത്ര്യം അവശ്യം കൂടിയേ കഴിയൂവെന്നു് ഞങ്ങൾക്കറിയാം.

ഞങ്ങൾക്കും, ലോകത്തിനും സാധിച്ചിട്ടുള്ള കുതിച്ചുകയറ്റത്തിനു നിദാനമായി നില്ക്കുന്നതു് ഞങ്ങളുടെ സ്വതന്ത്രസാമ്പത്തികവ്യവസ്ഥിതി ഒന്നുമാത്രമാണു്. ഇതിനെ ഞങ്ങൾ മുതലാളിത്തമെന്നു വിളിക്കുന്നു. ഇതിനെപ്പോലെ ഇത്രവളരെ തെറ്റിദ്ധാരണയ്ക്കു വിഷയീഭവിച്ചിട്ടുള്ള ഒരു ധനതത്വസമ്പ്രദായം ലോകത്തിൽ വേറെയില്ല.

ഞങ്ങൾക്കുണ്ടായിട്ടുള്ള അഭി

---

വി. യൂദാ തദ്ദേവൂസിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

മിസ്സിസ് പി. ജെ. പി.

# "ആ ക്രിസ്ത്യൻ മാനിഫെസ്റ്റോ"

(ജോസഫ് മാന്തറ)

ആലപ്പുഴപ്പട്ടണം അതിനു മുൻപു ദർശിച്ചിട്ടില്ലാത്ത ഒരസാധാരണസംഭവമാണ് ഇക്കഴിഞ്ഞ ജനുവരി 31-ാംനു ഞായറാഴ്ച അവിടെ നടന്നതു്. ഉച്ചഭക്ഷണം കഴിഞ്ഞു് വിശ്രമത്തിനൊരുങ്ങിയ നഗരവാസികൾ പ്രാർത്ഥനയുടെയും ഗാനാലാപങ്ങളുടെയും മാറ്റൊലിയാൽ തെരുവീഥികളിലേക്കു് ആഹ്വാനം ചെയ്യപ്പെട്ടു. ജിജ്ഞാസാപൂർവ്വം റോഡിന്റെ ഇരുവശങ്ങളിലായി അവർ ഓടിക്കൂടി. ഒരു കൂട്ടർ കെട്ടിടങ്ങളുടെ രണ്ടാംനിലയിലെ വരാന്തകളിലും ജനൽപ്പടികളിലും നിലയുറപ്പിച്ചു. എന്താണു് അവർ കാണുന്നതു്? നോക്കെത്താത്തവിധം നീണ്ടുകിടക്കുന്ന ഒരു ജനാവലി. നട്ടുച്ചനേരത്തു്, പഴുത്തുകിടക്കുന്ന താറിട്ട റോഡിൽക്കൂടി ചെരിപ്പും കുടയുമില്ലാതെ രണ്ടു വരിയായി മുന്നോട്ടു നീങ്ങുന്നു. മുന്നടിനീളമുള്ള മരക്കുരിശു ഒരു കൈയിലും, മററതിൽ ജപമാലയും ഓരോരുത്തരും വഹിച്ചിരിക്കുന്നു. അസാധാരണവലിപ്പമുള്ള ഒരു കുരിശു ഉയർത്തിപ്പിടിച്ചുകൊണ്ടു് മുന്നണിയിൽ നടക്കുന്നതു് ആലപ്പുഴ രൂപതയുടെ അഭിവന്ദ്യമെത്രാനച്ചൻതന്നെ. അദ്ദേഹത്തിന്റെ ഇരുവശങ്ങളിലും തുടർന്നും ഇടവകവൈദികരും സന്യാസികളും നടക്കുന്നു. ഉയർന്നസ്വരത്തിൽ ജപമാലചൊല്ലിയും, ഇടയ്ക്കിടയ്ക്കു കീർത്തനങ്ങൾ ആലപിച്ചുംകൊണ്ടുള്ള ഒരു തീർത്ഥാടനമാണതു്. മെത്രാനച്ചൻതിരുമേനിയുടെ പിൻപിലായി കാണപ്പെട്ട രണ്ടു തിരുസ്വരൂപങ്ങൾ കാണികളെ ഹഠാദാകർഷിക്കുന്നവയായിരുന്നു. 16 അടി പൊക്കമുള്ള ഒരു കുരിശിൽ ആൾ വലിപ്പത്തിലുള്ള ക്രൂശിതരൂപം. അതിന്റെ മുൻപിൽ വി. ഫ്രാൻസീസ് അസ്സീസി മുട്ടുകുത്തി കൈകൾ വിരിച്ചു് ക്രൂശിതനായ മിശിഹായെ നോക്കി പ്രാർത്ഥിക്കുന്ന സ്വരൂപം. ഗാഗുൽത്തായിൽവച്ചു് ലോകരക്ഷകൻ സഹിച്ച പീഡകളുടെ പാരമ്യം വിളിച്ചറിയിക്കുന്നതും സജീവമെന്നു തോന്നിക്കുന്നതുമായ ക്രൂശിതരൂപവും, മിശിഹാ കർത്താവിന്റെ പീഡകളിലുള്ള ഹൃദയപൂർവ്വമായ സഹതാപവും സ്നേഹവും വെളിപ്പെടുത്തുന്ന ഫ്രാൻസീസിന്റെ സ്വരൂപവും ശില്പകലാവൈഭവത്തിന്റെ മാതൃകകൾതന്നെ. മാർത്തോമ്മാശ്ലീഹായുടെയും വി. ഫ്രാൻസീസ് സേവ്യറിന്റെയും ശതാബ്ദാഘോഷവേളയിൽ തൃപ്പൂണിത്തുറനിന്നു് എറണാകുളത്തെ ജൂബിലിപ്പന്തലിലേക്കു നടത്തപ്പെട്ട പ്രദക്ഷിണത്തിൽ ഉപയോഗിച്ച തിരുസ്വരൂപങ്ങളാണിവ. അന്നത്തേതുപോലുള്ള ഒരു തീർത്ഥയാത്രയാണിതും.

ജനുവരി 24 മുതൽ 31 വരെ ആലപ്പുഴ നഗരത്തിന്റെ രണ്ടു ഫൊറോനാപ്പള്ളികളിലും ആറു കപ്പൂച്ചിൻ വൈദികർ ചേർന്നു് ഒരു മിഷൻധ്യാനം നടത്തി. അതിന്റെ സമാപനച്ചടങ്ങായി കരുതപ്പെടാവുന്ന പ്രദക്ഷിണത്തിന്റെ വിവരണമാണു് മുകളിൽ കണ്ടതു്. നോട്ടീസ് മൂലവും പത്രങ്ങൾ മുഖേനയും നേരത്തെ അറിയിച്ചിരുന്നതനുസരിച്ചു് നഗരത്തിലെയും പരിസരങ്ങളിലെയും ഇടവകകളിൽനിന്നും സന്യാസാശ്രമത്തിൽനിന്നും വൈദികരും വിശ്വാസികളും കുരിശുകളുമായി മാർസ്ലീവാപ്പള്ളി മൈതാനത്തു വന്നുചേർന്നു. തത്തംപള്ളിയിൽനിന്നും മൗണ്ടുകാർമ്മൽപള്ളിയിൽനിന്നും പുറപ്പെട്ടവർ പ്രദക്ഷിണമായിട്ടുതന്നെയാണു് പോന്നതു്. രണ്ടുമണിയായപ്പോഴേക്കും പള്ളിമൈതാനം കുരിശുവാഹികളായ വിശ്വാസികളാൽ നിറയപ്പെട്ടു. അഭിവന്ദ്യതിരുമേനി മൈക്കൾ ആറാട്ടുകുളം കുരിശുകൾ വെഞ്ചരിക്കുകയും, പരിഹാരസമർപ്പണജപം മുട്ടുകുത്തിനിന്നുകൊണ്ടു ഉച്ചഭാഷിണിയിൽക്കൂടി വായിക്കുകയും ചെയ്തു. അതിനെത്തുടർന്നു് 153 മണിജപം തുടങ്ങി. ഒന്നാമത്തെ രഹസ്യം ഗാനമായി ആലപിച്ചശേഷം എല്ലാവരും എഴുന്നേററു് പ്രദക്ഷിണം ആരംഭിച്ചു. ഏഴായിരത്തിലധികം വരുന്ന ജനം രണ്ടു വരിയായി പുറപ്പെട്ടു. ക്രൂശിതരൂപത്തെ തുടർന്നു് സുകൃതജപങ്ങളും മുദ്രാവാക്യങ്ങളും എഴുതിയിരുന്ന അനേകപതാകകൾ ഉയർത്തിപ്പിടിച്ചിരുന്നു. പല ഭാഗങ്ങളിലായി ജപമാല ഉയർന്നസ്വരത്തിൽ ചൊല്ലിക്കൊണ്ടും, കീർത്തനങ്ങൾ പാടിക്കൊണ്ടും തുടന്ന് പരിഹാരപ്രദക്ഷിണം പട്ടണത്തിന്റെ പ്രധാനതെരുവുകളിൽക്കൂടി നീങ്ങിക്കൊണ്ടിരുന്ന കാഴ്ച നഗരവാസികൾക്കു പുതുമയേറിയതന്നെയായിരുന്നു.

മാർസ്ലീവാപ്പള്ളിയിൽനിന്നും കല്ലുപാലംവഴി പടിഞ്ഞാറോട്ടു തിരിഞ്ഞു് പട്ടണംചുററി ശവക്കോട്ടപ്പാലത്തിൽ എത്തി. അവിടെനിന്നും തെക്കോട്ടുനടന്നു് മൗണ്ടുകാർമ്മൽപള്ളി മൈതാനത്തു പ്രവേശിച്ചപ്പോൾ മണി അഞ്ചുകഴിഞ്ഞിരുന്നു. അവിടെ വച്ചു വന്ദ്യമെത്രാനച്ചൻ ഉജ്ജ്വലമായ ഒരു പ്രസംഗം ചെയ്തു. അതിൽ ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ആഹ്വാനമനുസരിച്ചും, ക്രിസ്തുവിനെ അനുകരിച്ചും കുരിശുവഹിക്കേണ്ടതിന്റെ ആവശ്യകത, പ്രത്യേകം ഇക്കാലത്തു് ആലപ്പുഴപ്പട്ടണത്തെ നിരീശ്വരത്വത്തിലേക്കും അരാജകത്വത്തിലേക്കും അധഃപതിപ്പിക്കാൻ പ്രയത്നിച്ചുകൊണ്ടിരിക്കുന്ന തല്പരകക്ഷികളെ പരാജിതരാക്കാൻ കുരിശിനെ ആയുധമാക്കേണ്ടവിധം എന്നിവയെപ്പററി ശക്തിയായ ഭാഷയിൽ പ്രതിപാദിച്ചു. തുടന്നു്, ആലപ്പുഴയുടെമുഖത്തു് കരിതേച്ചുകമ്മ്യൂണിസ്റ്റുകാർജനങ്ങളെ വഞ്ചിച്ചു വഴിപിഴപ്പിക്കുന്ന അവരുടെ മാനിഫെസ്റ്റോ പ്രസിദ്ധീകരിച്ചതുപോലെ ആലപ്പുഴ നിവാസികളുടെ ദൈവവിശ്വാസത്തെയും സന്മാർഗ്ഗബോധത്തെയും വിളിച്ചറിയിക്കുന്ന ഒരു "ക്രിസ്ത്യൻ മാനിഫെസ്റ്റോ" ആണു് കുരിശുവാഹികളായ ആ വമ്പിച്ച ജനസഞ്ചയം എന്നു് അദ്ദേഹം ആവർത്തിച്ചു പ്രസ്താവിക്കയുണ്ടായി. പള്ളിമൈതാനം കവിഞ്ഞു് തെരുവുകളിൽപ്പോലും തിങ്ങിക്കൂടിയിരുന്ന ആ ജനക്കൂട്ടം മരക്കുരിശുകൾ ഉയർത്തിപ്പിടിച്ചുകൊണ്ടു് വിശ്വാസപ്രഖ്യാപനം നടത്തിയ കാഴ്ച ഏതൊരു ദൈവവിശ്വാസിക്കും എത്രയോ ആശ്വാസസംദായകമായിരുന്നു.

ഗ്രോട്ടോയ്ക്കു സമീപം സജ്ജമാക്കിയിരുന്ന താല്ക്കാലികബലിപീഠത്തിൽ വി. കുർബാന പരസ്യമായി എഴുന്നെള്ളിച്ചുവച്ചു് [illegible]. കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനു് ആലപ്പുഴപ്പട്ടണത്തെ സമർപ്പിച്ചു. അതിനുശേഷം തിരുവനന്തപുരം അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ മാർ ഗ്രിഗോറിയോസ് തിരുമേനി വി കുർബാനയുടെ വാഴ്വു് കൊടുത്തുകൊണ്ടു് "ആ മാനിഫെസ്റ്റോ" സമാപിച്ചു.

ദൈവവിശ്വാസവും സന്മാർഗ്ഗബോധവും നശിപ്പിച്ചു് നഗരവാസികളെ നിരീശ്വരത്വത്തിനും റഷ്യൻ സ്വേച്ഛാധിപത്യത്തിനും അടിമപ്പെടുത്താനുള്ള ശ്രമം ആലപ്പുഴയിൽ കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അവിടെയുള്ള ദൈവവിശ്വാസികളുടെ ഈ "മാനിഫെസ്റ്റോ"തികച്ചും അഭിനന്ദനീയവും അനുകരണീയവുമായിരിക്കുന്നു.



ആലപ്പുഴ മെത്രാൻ ഡോക്ടർ മൈക്കൾ ആറാട്ടുകുളം തിരുമനസ്സുകൊണ്ടു് പ്രദക്ഷിണം നയിക്കുന്നു.


## തൃശ്ശിവപേരൂർ ലൂർദ്ദ്പള്ളി പുതിയ കുറികൾ

ബ. ഗവർമ്മെണ്ടിൽനിന്നും സിദ്ധിച്ച 183/54 R. D. നമ്പ്ര് കല്പനപ്രകാരം തുടങ്ങുന്നതു്

| മാസക്കുറി | കൊല്ലക്കുറി |
| --- | --- |
| നറുക്കു് 1-ക്കു് 100 ക. | നറുക്കു് 1-ക്കു് 1000 ക. |
| 111 നറുക്കു് 11100ക. സല. | 32 നറുക്കു് 32000ക. സല |
| ആദ്യനറക്കെട്ടപ്പ് 1954 ഏപ്രിൽ 5-ാംനു- 1129 മീനം 23-ാംനു- | ആദ്യനറക്കെട്ടപ്പ് 1954 ഏപ്രിൽ 20-ാംനു- 1129 മേടം 8-ാംനു- |
| കുറിയിൽ കുറഞ്ഞതു് 1/32 നറുക്കു് (3ക. 2ണ. യുടെ വീതം) വരെ ചേരാവുന്നതാണു് | കുറിയിൽ കുറഞ്ഞതു് 1/16 നറുക്കു് (62ക. 8ണ. യുടെ വീതം) വരെ ചേരാവുന്നതാണു് |

കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫാറത്തിനും ആവശ്യപ്പെടുക:—

Trichur,
25—1—1954.

VICAR & TRUSTEES
The Lourdes Church Kuri Office


ആദ്ധ്യാത്മികവീഥി(17)

# ആ ചെറുഗണം

ദൈവത്തിന്റെ വത്സലമക്കളേ,

ഞാൻ നിങ്ങൾക്കു തരുന്ന നിർദ്ദേശങ്ങൾ വളരെ അകന്നുപോകുന്നതുകൊണ്ടു വേണ്ടത്ര പ്രയോജനമുണ്ടാകുന്നില്ലെന്നു . ഒരു പരാതിയുണ്ടു്. എനിക്കു പറയാനുള്ളതെല്ലാം വലിയ വിലയില്ലാത്ത ഒരു ചെറിയ പുസ്തകരൂപത്തിൽ കിട്ടിയാൽ ഉപകാരമായിരുന്നു എന്നൊരഭിപ്രായവും കേൾക്കുകയുണ്ടായി. പ്രസ്തുതയാഗ്രഹം സാധിച്ചുകൊടുക്കുന്നതിനെന്താണു മാർഗ്ഗമെന്നു ആലോചിച്ചു കൊണ്ടിരിക്കുമ്പോഴാണു് "തേടിയവള്ളി കാലിൽ ചുററി" എന്നു പറഞ്ഞതുപോലെ "ആ ചെറുഗണം" എന്ന ചെറുപുസ്തകം കാണാനിടയായതു്.

5¼ ഇഞ്ചു × 3¼ ഇഞ്ചു വലിപ്പത്തിൽ 150-ൽപരം പേജുള്ള ആ പുസ്തകത്തിനു 6 ണ മാത്രമാണു വില. 'ഉത്തമക്രിസ്ത്യാനിയുടെ ദിനചര്യ' എന്ന അപരനാമമുള്ള പ്രസ്തുത പുസ്തകത്തിൽ ക്രിസ്തീയപരിപൂർണ്ണത പ്രാപിക്കാൻ ആഗ്രഹിക്കുന്ന ഒരു അവൈദികൻ അവശ്യം അറിഞ്ഞനുഷ്ഠിക്കേണ്ട എല്ലാ സംഗതികളെക്കുറിച്ചും ചുരുക്കമായി പറഞ്ഞിട്ടുണ്ടു്. ആദ്ധ്യാത്മികവീഥിയുടെ ഉദ്ദേശ്യംതന്നെയാണു് ഈ ചെറുഗ്രന്ഥത്തിനുമുള്ളതെന്നു് അതിന്റെ പ്രസ്താവനയിൽനിന്നു വ്യക്തമാകുന്നു. പ്രസ്താവന ചുവടെ ചേർക്കുന്നു.

"വാഴ്ത്തപ്പെട്ട പത്താംപീയൂസ് പാപ്പാ കർദ്ദിനാളന്മാരുമായി സംസാരിച്ചുകൊണ്ടിരുന്ന ഒരവസരത്തിൽ അവരോടു് ഇപ്രകാരം ചോദിക്കയുണ്ടായി: "സമുദായത്തെ ഉദ്ധരിക്കുന്നതിനു് ഇന്നു തിരുസഭയ്ക്കു ഏററവും ആവശ്യപ്പെട്ടിരിക്കുന്നതെന്താണു്?" "കത്തോലിക്കാ വിദ്യാലയങ്ങൾ സ്ഥാപിക്കുക" എന്നൊരാൾ പറഞ്ഞു. തിരുമനസ്സുകൊണ്ടു് ഉടൻ മറുപടിനൽകി "അല്ല". "പള്ളികൾ വർദ്ധിപ്പിക്കുക" എന്നു മറെറാരാൾ. അതിനും മറുപടി "അല്ല" എന്നുതന്നെ. അവസാനം തിരുമനസ്സുകൊണ്ടുതന്നെ ഉത്തരം പറഞ്ഞു. "ഇതൊന്നുമല്ല ഇപ്പോൾ അത്യാവശ്യപ്പെട്ടിരിക്കുന്നതു്. പ്രത്യുത ഓരോ ഇടവകയിലും നല്ല സുകൃതവാന്മാരും മതപഠനമുള്ളവരും ധൈര്യമുള്ളവരും യഥാർത്ഥ തീക്ഷ്ണതയാൽ ജ്വലിക്കുന്നവരുമായ വിശ്വാസികളുടെ ഒരു ചെറിയ ഗണം ഉണ്ടാകണം...."

"പരിശുദ്ധപിതാവിന്റെ ഈ നിർദ്ദേശാനുസരണം അനുകരണാർഹമായ ഉത്തമക്രിസ്തീയജീവിതം കഴിക്കാൻ കഴിവും സന്നദ്ധതയുമുള്ളവർ ഇന്നു ഇടവകകൾതോറും കാണപ്പെടുന്നുണ്ടെന്നുള്ളതു വളരെ ആശ്വാസകരമാണു്: പക്ഷേ അവരിൽ പലക്കും അതിലേക്കു വേണ്ടത്ര പരിശീലനവും പ്രോത്സാഹനവും ലഭിക്കായ്കയാൽ അവരുടെ ആഗ്രഹം പോലെ ജീവിക്കുവാൻ സാധിക്കാതെയാണിരിക്കുന്നതെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഇതു പരിഹരിക്കപ്പെടേണ്ട ഒരു ന്യൂനതതന്നെ. ഈ ഉദ്ദേശാർത്ഥം പല വിശിഷ്ടകൃതികളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടു്. പക്ഷേ അവയുടെ വലിപ്പംകൊണ്ടും പ്രതിപാദനരീതികൊണ്ടും അവ സാധാരണക്കാക്കു വാങ്ങിക്കാനോ വായിച്ചു ഗ്രഹിക്കാനോ അത്ര എളുപ്പമല്ല. ആകയാൽ എല്ലാവക്കും എളുപ്പത്തിൽ വാങ്ങിക്കുന്നതിനും വായിച്ചു ഗ്രഹിക്കുന്നതിനും തദ്വാരാ മുകളിൽ സൂചിപ്പിച്ച ന്യൂനതകൾക്കു അല്പമെങ്കിലും പരിഹാരം ഉണ്ടാക്കിക്കൊടുക്കുന്നതിനും വേണ്ടിയാണു് ഈ വിനീതകൃത്യത്തിനു് ഉദ്യമിച്ചതു്. ഇതു.... തികച്ചും അവസരോചിതമായിട്ടുണ്ടു്... ഈ മരിയൻവത്സരത്തിൽ സാധിക്കേണ്ട സർവ്വപ്രധാനമായിട്ടുള്ള കാര്യം ജീവിതവിശുദ്ധീകരണമാണു്. ഇതിനു ഈ ചെറുഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നവ അല്പമെങ്കിലും ഉപകരിക്കാതിരിക്കയില്ല."

സ്വന്തം പേരുപോലും വയ്ക്കാതിരിക്കുന്ന വിനീതനായ ഗ്രന്ഥകർത്താവു തന്റെ പുസ്തകം ജീവിതവിശുദ്ധീകരണത്തിനു അല്പമെങ്കിലും ഉപകരിക്കാതെയിരിക്കയില്ലെന്നേ പറയുന്നുള്ളു. എന്നാൽ അതു വായിച്ചുനോക്കിയാൽ കാണാം അല്പമായിട്ടു മാത്രമല്ല വളരെയധികം ഉപകരിക്കുമെന്നു്. അതിനാൽ ആദ്ധ്യാത്മികവീഥി വായനക്കാരെല്ലാവരുമെങ്കിലും "ആ ചെറുഗണത്തി"ന്റെ ഓരോ പ്രതി വാങ്ങിക്കുന്നതു നന്നായിരിക്കുമെന്നു ഉൽബോധിപ്പിച്ചുകൊള്ളുന്നു.

7 അണ വിലയ്ക്കുള്ള സ്റ്റാമ്പു് St. Joseph's Press, Mannanam എന്ന വിലാസത്തിൽ വിവരം പറഞ്ഞു അയച്ചുകൊടുത്താൽ Book Post ആയി അയച്ചുതരും.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

---

വൃദ്ധിയെ അതിശയോക്തിപരമായി വർണ്ണിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ലക്ഷ്യത്തിലെത്തുവാൻ ഇനിയും അധികം പ്രയാണം ചെയ്യുവാനുണ്ടു്. എങ്കിലും, ഗണ്യമായ ദൂരം ഞങ്ങൾ പിന്നിലാക്കിയിട്ടുണ്ടു്. ഞങ്ങൾക്കിതു സാദ്ധ്യമായതു് രാഷ്ട്രീയരംഗത്തു് ഞങ്ങളെന്തുചെയ്തുവോ, അതേരീതിയിൽത്തന്നെ സാമ്പത്തികരംഗത്തും സ്വയംനിർണ്ണയം ചെയ്യുന്നതിനു് ഞങ്ങൾ അനുവദിച്ചുകൊണ്ടാണു്. ജനത്തിന്റെ ഉത്തമതാല്പര്യങ്ങൾക്കനുകൂലമായി ഞങ്ങളുടെ ധനാർജ്ജനസമ്പ്രദായം പ്രവർത്തിക്കുന്നില്ലെന്നു് കണ്ടപ്പോഴെല്ലാം ഞങ്ങൾ എന്തെങ്കിലും ചെയ്യാതെ വിട്ടിട്ടില്ല. സാധാരണയായി അങ്ങനെ ചെയ്തിട്ടുള്ളതെല്ലാം സമുചിതവും, സന്ദർഭോചിതവുമായിരുന്നിട്ടേയുള്ളു.

ഞങ്ങൾക്കെല്ലാവക്കും ആദായത്തിലൊരവകാശമുണ്ടു്. മുതൽമുടക്കിയിട്ടുള്ളവരല്ല ജോലിക്കു പൂർത്തിവരുത്തിയിട്ടുള്ളതു്; പ്രയത്നസമ്മർദ്ദവുമല്ല; ഭരണകൂടത്തിന്റെ 'വിജ്ഞാന'വുമല്ല. അരക്ഷിതത്വത്തിന്റെ ബലിഷ്ഠപ്രാകാരങ്ങളുടെമേൽ സ്വതന്ത്രമനുഷ്യർ ഒത്തൊരുമിച്ചു നടത്തിയ ആക്രമണത്തിൽ വിജ്ഞാനത്തെ കഴിവുകളുടെ പരമാവധി അവധാനപൂർവ്വം പ്രയോഗിച്ചുകൊണ്ടാണു് അത്യന്തം കാമ്യമായ പരിപൂർത്തി സംഗതമായതു്.

ചെറുകഥ

# കുട്ടിസഖാക്കൾ

(ജെ. തേവർവേലിൽ)

"ചെരയ്! അവർ നല്ലവർ, യോഗ്യന്മാർ, അവർ ചതിക്കുകയോ?" വക്കച്ചനതു വിശ്വസിക്കാൻ കഴിഞ്ഞില്ല.

വഴിവക്കിലാണ് വക്കച്ചന്റെ ഹോട്ടൽ. ഇന്ന് അല്പം അധഃപതിച്ചുപോയെങ്കിലും പ്രതാപത്തിന്റെയും പ്രൗഢിയുടേയും ഒരു നല്ലകാലം അതിനുണ്ടായിരുന്നു. ജിണ്ണിക്കാറായ ഒരു കസേരയിലിരുന്ന് സ്മരണയുടെ ചുരുളുകൾ അഴിച്ച് വക്കച്ചൻ പലപ്പോഴും വായിക്കും.

പതിനഞ്ചുകൊല്ലങ്ങൾക്കു മുമ്പാണ് ആ ഹോട്ടൽ തുടങ്ങിയതു്. അന്ന് വിഭവസമ്പൂർണ്ണമായ ഒരു സദ്യ ദേശവാസികൾക്ക് സൗജന്യമായി കൊടുത്തു. ഒന്നുരണ്ടു മാസങ്ങൾകൊണ്ട് വക്കച്ചൻ ഒരു നല്ല പണക്കാരനായി. രാവും പകലും മംഗളകരമായി കടന്നുപോയി. അവിടത്തെ പിരിവിനു ഒരു കുറവും വന്നില്ല. വക്കച്ചൻ പണം വാരിക്കൂട്ടി. മഷിയുണങ്ങാത്ത പച്ചനോട്ടുകൾ അയാൾ എണ്ണിയെണ്ണിയടുക്കി. കണ്ടവും കരയും വാങ്ങി. മനോഹരമായ ഒരു കെട്ടിടം പണിയിച്ചു ......

നാലഞ്ചുവർഷങ്ങൾ പെട്ടെന്നു കഴിഞ്ഞു. കഷ്ടകാലത്തിന്റെ കാളമേഘം അയാളുടെമേൽ കരിനിഴൽ നീട്ടി. തുടർന്നുണ്ടായതു് അധോഗതിയായിരുന്നു. സമ്പത്തും പ്രതാപവും പമ്പകടന്നു. നിലവും പറമ്പും എഴുതിവിററു. ......ഇവയൊക്കെ ഓർക്കുമ്പോൾ വക്കച്ചന്റെ ഉള്ളിൽനിന്ന് ചുടുനിശ്വാസങ്ങളുയരും. നയനങ്ങളിൽനിന്ന് ചുടുകണ്ണീർകണങ്ങൾ അടർന്നുവീഴും. കടന്നുപോയ കാലത്തിന്റെ സുഖസ്മരണകളെ നിലനിത്തുന്നതിനായി മാത്രമാണ് ചെറിയ തോതിലെങ്കിലും വക്കച്ചൻ ഇപ്പോഴും ആ ഹോട്ടൽ പ്രയാസപ്പെട്ട് നടത്തുന്നതു്. സ്നേഹവും അനുഭാവവുമുള്ള വ്യക്തികൾ പലരുണ്ട്. അവരുടെയൊക്കെ പ്രോത്സാഹനമാണ് വക്കച്ചന്റെ നിരാശ നിറഞ്ഞ ഹൃദയത്തിനു് ആശ്വാസമേകുന്നതു്.

തെരഞ്ഞെടുപ്പിന്റെ കാലമായി. നാടാകെയിളകി. ആഹ്വാനങ്ങളും വാഗ്ദാനങ്ങളുംകൊണ്ട് അന്തരീക്ഷം നിറഞ്ഞു. സമാധാനത്തിന്റെ അങ്കതലത്തിൽ സംതൃപ്തരായി കഴിഞ്ഞുകൂടിയിരുന്ന ആ ദേശവാസികൾ രണ്ടു വിഭിന്നചേരികളിൽ അണിനിരന്നു. സങ്കല്പസ്വർഗ്ഗത്തിന്റെ പ്രതിനിധിക്കു് വോട്ടുനൽകുവാൻ ഒരുകൂട്ടരും യാഥാർത്ഥ്യങ്ങളുടെ പ്രതിനിധിക്കു് വോട്ടുചെയ്യുവാൻ മറെറാരുകൂട്ടരും ഉറച്ചുകഴിഞ്ഞു.

അന്നൊരു ശനിയാഴ്ചയായിരുന്നു. ഉച്ചവെയിലേററ് വിശാലമാകെ വാടിവിളറിയിരിക്കുകയാണ്. വിണ്ണിലൂടെ ഓടിയോടി വെൺമേഘങ്ങൾ തളർന്നു. തണലേകുന്ന മാമരക്കൊമ്പുകളിലിരുന്ന് ചെറുപക്ഷികൾ വിശ്രമിക്കുകയാണ്. വക്കച്ചൻ കുടവയറും തടവിയിരിക്കുകയായിരുന്നു. മൂന്നുനാലു ചെറുപ്പക്കാർ അവിടേക്കു കടന്നുചെന്നു. ശുഭ്രവേഷമണിഞ്ഞ ചില സഹൃദയന്മാർ. വക്കച്ചൻ എഴുന്നേററു. ഉപചാരപൂർവ്വം ആഗതരെ ഇരുത്തി.

"ഊണു കിട്ടിയാൽ കൊള്ളാം." വന്നവരിൽ ഒരാൾ പറഞ്ഞു.

"ഓഹോ! അതിനെന്താ, പെട്ടെന്നു തയ്യാറാക്കിത്തരാം." വക്കച്ചൻ അകത്തേക്കുപോയി. കാര്യങ്ങളെല്ലാമൊക്കെ ശരിയാക്കി. അതിവേഗം തിരിച്ചുവന്നു.

"എല്ലാം റെഡി," അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു.

ഇലനിരത്തി. ചോറും കറികളും വിളമ്പി. അവർ സുഖമായി ഭക്ഷണം കഴിച്ചു. തൃപ്തിയായെന്നു് അവരുടെ മുഖഭാവത്തിൽനിന്നു പരിചയസമ്പന്നനായ വക്കച്ചൻ മനസ്സിലാക്കി

"മാനേജരുടെ പേരെന്താ?"

"വക്കച്ചൻ," അയാൾ അഭിമാനസമേതം പറഞ്ഞു.

"മി. വക്കച്ചൻ, ഇദ്ദേഹമാണ് മി. മേനവൻ; ഇവിടത്തെ സ്വതന്ത്രസ്ഥാനാർത്ഥി. ഞങ്ങളെല്ലാം അദ്ദേഹത്തിന്റെ സ്നേഹിതന്മാരാണ്. തെരഞ്ഞെടുപ്പു കഴിയുംവരെ ഇവിടെത്തന്നെ താമസിക്കാനാണ് ഞങ്ങൾ ഉറച്ചിരിക്കുന്നതു്; വിഷമമില്ലല്ലോ?" കുമാരസ്വാമി ചോദിച്ചു.

"ഹെ, ഒരിക്കലുമില്ല; പണ്ടുമുതലേ ഒരുവിധം കൊള്ളാവുന്നവർ വന്നാൽ ഇവിടെമാത്രമേ താമസിക്കൂ. മാന്യന്മാർക്ക് മാന്യന്മാരെയറിയാം." വക്കച്ചൻ തട്ടിവിട്ടു.

"മി. വക്കച്ചൻ, ഇതാ നൂറുരൂപാ," മേനവൻ ഒരു കറൻസിനോട്ടെടുത്തുകൊടുത്തു. വഴിയേ വന്നുകയറിയ മഹാഭാഗ്യത്തെ വക്കച്ചൻ രണ്ടു കൈയുംനീട്ടി വാങ്ങി.

"രണ്ടുമാസത്തോളം ഇവിടെ താമസിക്കേണ്ടിവരും; അതായതു് തെരഞ്ഞെടുപ്പു കഴിയുന്നതുവരെ. രൂപാ എത്രവേണമെങ്കിലും തന്നുകൊള്ളാം," മേനവൻ കാര്യങ്ങൾ വിശദീകരിച്ചു.

വക്കച്ചനു് അതിരില്ലാത്ത സന്തോഷമുണ്ടായി. തന്റെ മുമ്പിൽ നില്ക്കുന്നവർ നിലയും വിലയുമുള്ള വ്യക്തികൾ, സാധുക്കൾക്കു വേണ്ടി പാടുപെടുവാൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന മൂന്നുനാലു യുവത്തിടമ്പുകൾ.

"വക്കച്ചാ, ഞങ്ങൾ പോകട്ടെ. വൈകിട്ട് മടങ്ങിവരാം, കിടക്കയും മററും ശരിപ്പെടുത്തിയിട്ടേക്കണം, കേട്ടോ?" മേനവൻ വക്കച്ചന്റെ തോളിൽ തട്ടിക്കൊണ്ടു പറഞ്ഞു. അവർ ഹോട്ടലിൽനിന്നിറങ്ങി നിരത്തിലൂടെ നടന്നുപോയി.

വക്കച്ചനു് ആകെപ്പാടെ ഒരു ഉണർവും ഉന്മേഷവുമുണ്ടായി. മയങ്ങിക്കിടന്ന ആ ഹോട്ടൽ വീണ്ടും നവജീവൻ പൂണ്ടു. കൈമറിഞ്ഞുപോയ പണവും പറന്നകന്ന പ്രതാപവും അതിവേഗം മടങ്ങിവരുമെന്നു് അയാൾ കരുതി. അനതിദൂരഭാവിയിൽ താൻ പഴയ വക്കച്ചനായിത്തീരുമെന്നു് അയാൾ വിശ്വസിച്ചു. അല്പം ഇരുട്ടിയെങ്കിലും മേനവനും കൂട്ടുകാരും വന്നു. കുളിയും ഊണും കഴിഞ്ഞു് കിടന്നുറങ്ങി. അവർക്കു വേണ്ട സകല സൗകര്യങ്ങളും ലോഭംകൂടാതെ നൽകുന്നതിനു് വക്കച്ചൻ മുൻകരുതൽ ചെയ്തിരുന്നു. ദിവസങ്ങൾ ഇഴഞ്ഞുനീങ്ങി. വക്കച്ചന്റെ ചെറുപ്പംമുതലേയുള്ള ഒരു പരിചയക്കാരനാണ് ചാക്കോച്ചൻ. ഒരു ദിവസം അയാൾ ഹോട്ടലിലേക്കു് കയറിവന്നു. വക്കച്ചനു സന്തോഷമായി. ഇരുവരും ഇരുന്നു. കുശലങ്ങൾ പറഞ്ഞു പൊട്ടിച്ചിരിച്ചു. സമയം കടന്നുപോയി.

"വക്കച്ചാ, ഒരു സംഗതി കേട്ടു, അതു ശരിയാണോന്നറിയാനാ ഇത്തററം വന്നതു്."

"എന്നതാ സംഗതി?" വക്കച്ചൻ കണ്ണുമിഴിച്ചു.

"ഇവിടെ കുറേ ഐ. മു. കാരു് പൊറുക്കുന്നുണ്ടെന്നു കേട്ടു. അങ്ങനെയെങ്കിൽ, അവരെ പ്രോത്സാഹിപ്പിക്കുന്നതു് തെററാണ്; തലമറന്നെണ്ണതേക്കുന്നതു്."

"ശുദ്ധമേ കള്ളം," വക്കച്ചൻ കലികയറിപ്പറഞ്ഞു. "കൊള്ളാവുന്ന മൂന്നാലു ചെറുപ്പക്കാർ ഇവിടെ താമസിക്കുന്നുണ്ട്; അവരു് ഐമുവും കിയ്മുവുമൊന്നുമല്ല, സ്വതന്ത്രരാണ്. രാജ്യത്തെ സ്നേഹിക്കുന്നവരും നല്ലവരുമാണ്; അതൊക്കെയറിഞ്ഞശേഷമാണ് ഇവിടെ താമസിക്കാൻ അനുവദിച്ചതു്; വല്ല ഏഷണികളും വല്ലോം പറഞ്ഞാൽ നമ്മക്കെന്നാ ചേതം."

"എന്റെ വക്കച്ചാ, എനിക്കു് സംഗതിയൊക്കെ ശരിയായറിയാം. അതുകൊണ്ടാണ് പറയാനായി ഇങ്ങോട്ടു കേറിയതു്; "ഐ. മു"വായി നിന്നാൽ വോട്ടു കിട്ടത്തില്ലെന്നു പേടിച്ച് സ്വതന്ത്രരായി വേഷം കെട്ടിയിരിക്കയാണ്; ഇഷ്ടമുണ്ടെങ്കിൽ വിശ്വസിക്കു; എന്തായാലും ആ ലാഭം വേണ്ടെന്നുവയ്ക്കുകയാ നല്ലതു്." ചാക്കോച്ചൻ വഴിയിലേക്കിറങ്ങിനടന്നു മറഞ്ഞു.

"നേരായിരിക്കുമോ?" വക്കച്ചനൊരു സംശയം. "നേരാണെങ്കിൽ തന്നെയെന്താണ്. കാശു് കിട്ടുന്ന ഏർപ്പാടല്ലേ? ഏതായാലും മുഖത്തുവന്ന മഹാലക്ഷ്മിയെ ഇത്തെറിയുന്നതു ഭംഗിയല്ല," അയാൾ മനഃസാക്ഷിയെ ബലംപ്രയോഗിച്ചു കീഴടക്കി.

അന്നും രാത്രിയായി. മേനവനും പാർട്ടിയും വന്നു. നൂറുരൂപായുടെ ഒരു പച്ചനോട്ട് വക്കച്ചന്റെ കൈയിലേക്കു് വീണ്ടും വന്നുവീണു. അയാളുടെ ഉള്ളിൽ ആനന്ദത്തിന്റെ വെള്ളിയലകൾ പതഞ്ഞുപൊങ്ങി. ഭാവിയിലെ ധനികനായ വക്കച്ചനെ അയാൾ ഭാവനയിൽകണ്ടു. സഖാവു് മേനവൻ വക്കച്ചനെ അരികിൽ വിളിച്ചു. ചില രഹസ്യങ്ങൾ കൈമാറി. വക്കച്ചൻ തലകുലുക്കി സമ്മതിച്ചു. പണം കിട്ടുന്ന കാര്യമല്ലേ! തെരഞ്ഞെടുപ്പുദിനം അടുത്തുവന്നു. ആരുമാരുമറിയാതെ, വിശ്വസ്തയായ ഭാര്യയോടുപോലും ചോദിക്കാതെ, പറമ്പു പണയത്തിന്മേൽ ആയിരം ഉറുപ്പിക വക്കച്ചൻ ബാങ്കിൽനിന്നു കടമെടുത്തു. ലാഭം കിട്ടുന്ന കാര്യമല്ലേ! ഹോട്ടലിലെ മട്ടാകെ മാറി. പലപല അലമാരികൾ പലഹാരങ്ങൾകൊണ്ടു നിറഞ്ഞു. ആറേഴുവേലക്കാർ രാപകൽ ഭേദമില്ലാതെ വേലചെയ്തു. ഏതു സമയത്തും ഊണും കാപ്പിയും തയ്യാറായിരുന്നു.

പ്രതീക്ഷയുടെ തൈമരം പൂത്തു. സൗരഭ്യം വാരിവിതറുന്ന പിച്ചകപ്പൂവുകൾ വിടർന്നു. വോട്ടിംഗിന്റെ ദിവസമായി. ഉച്ചഭാഷിണികളുടെ ഉയർന്ന ശബ്ദം ദേശവാസികളെ ഉണർത്തി. മഞ്ഞുതുള്ളികൾ ഇളംവെയിലിൽ നീരാവിയായി മാറി. വോട്ടിംഗ് തുടങ്ങി. ആളുകൾ കൂട്ടംകൂട്ടമായി "പോളിംഗ്ബൂത്തി"ലേക്കു പോയി. സ്വതന്ത്രസ്ഥാനാർത്ഥി സഖാവു് മേനവനു് വോട്ടുചെയ്യുവക്കു് വക്കച്ചന്റെ ഹോട്ടലിൽ വിഭവസമൃദ്ധമായ ഊണും കാപ്പിയും സൗജന്യമായി നൽകപ്പെട്ടു. മേനവൻ വാടകയ്ക്കെടുത്ത കാറിൽ കയറി വക്കച്ചൻ "പോളിംഗ് സ്റ്റേഷനിൽ" പോയി. ആനപ്പെട്ടിയിൽ വോട്ടുചെയ്തു. പണം കിട്ടുന്ന കാര്യമല്ലേ!

വോട്ടെണ്ണൽ ധൃതഗതിയിൽ നടക്കുകയാണ്. മേനവനും വക്കച്ചനും പാർട്ടിയും ഫലമറിയാൻ കാത്തുനിന്നു, ആശാനിർഭരമായ നയനങ്ങളോടെ. പൂമരത്തിലെ സുവർണ്ണസൂനങ്ങൾ അടർന്നുവീണു. ദയനീയമാംവിധം മേനവൻ പരാജിതനായി. വക്കച്ചനു് അതിയായ വിഷമംതോന്നി. "നമുക്കു പോകാം," അയാൾ മേനവനെ ക്ഷണിച്ചു.

"മി. വക്കച്ചൻ, "കൗണ്ടിംഗി"ൽ എന്തോ പിശകു പിണഞ്ഞിട്ടുണ്ട്, അതു നോക്കിക്കഴിഞ്ഞു് ഞങ്ങൾ ഉടൻതന്നെ വന്നേക്കാം. നല്ലപോലെ വിശക്കുന്നു. എല്ലാം ശരിപ്പെടുത്തിവച്ചേക്കണം. മി. കുമാർ, വക്കച്ചനെ ഹോട്ടലിൽ കൊണ്ടുവിടാൻ ഡ്റൈവറോടു പറയൂ." മേനവൻ മുറിയിലേക്കുപോകാൻ ഭാവിച്ചു.

"മി. മേനവൻ," വക്കച്ചൻ വിളിച്ചു. "വരാൻ താമസിക്കല്ലേ; ഇന്നുതന്നെ കണക്കൊക്കെ തീർക്കണം."

"തീർച്ചയായും," സഖാവു സമ്മതിച്ചു.

വക്കച്ചൻ ഹോട്ടലിലേക്കു പോയി. വേഗം ഭക്ഷണം തയ്യാറാക്കുവാൻ വേലക്കാരോടു പറഞ്ഞു. "എല്ലാം ശരിപ്പെട്ടിരിക്കയാണ്," അവർ അറിയിച്ചു. വക്കച്ചൻ മേനവനേയും മററും കാത്തിരുന്നു. ഒന്നുരണ്ടു മണിക്കൂറുകൾ കഴിഞ്ഞു. എന്നിട്ടും അവർ വന്നില്ല. വക്കച്ചൻ പിന്നെയും പുറത്തേക്കു നോക്കിയിരിപ്പാണ്. ഉള്ളിലൊരു ഭീതി, ഒരു സംശയം. "ആ ലാഭം വേണ്ടെന്നു വയ്ക്കുകയാ നല്ലതു്," ചാക്കോച്ചൻ പറഞ്ഞ വാചകം ഹൃദയത്തിന്റെ ഉള്ളറകളിൽനിന്നു പൊട്ടുന്നനവെ പൊങ്ങിവന്നു.

"ചെരയ്! അവർ യോഗ്യന്മാരാണ്," വക്കച്ചൻ സമാധാനിക്കുവാൻ ശ്രമിച്ചു.

"പറമ്പു പണയം......1000 രൂപാ കടം......അവർ ചതിക്കുമോ......പത്തുപന്ത്രണ്ട് കുട്ടിപ്പിശാചുക്കൾ ചുററുമിരുന്നു പിറുപിറുക്കുന്നതുപോലെ വക്കച്ചനു തോന്നി.

യാമങ്ങൾ ഒന്നൊന്നായി കടന്നുപോയി. അവർ വന്നില്ല. നേരമിരുട്ടി. നല്ലപോലെയിരുട്ടി. എന്നിട്ടും അവരെ കണ്ടില്ല. ചാക്കോച്ചൻ പരിഭ്രമിച്ചു ടോർച്ചുലൈറ്റുമെടുത്തു് "പോളിംഗ്ബൂത്തി"ലേക്കോടി. പതറുന്ന പാദങ്ങളോടെ അയാൾ ആ കെട്ടിടത്തിലെത്തി. അതു് പൂട്ടിയിട്ടിരുന്നു. അവിടെയെങ്ങും ഒരു മനുഷ്യജീവിയും ഉണ്ടായിരുന്നില്ല.

ഭയാനകമായ കൂരിരുട്ടിൽനിന്നു്, ശ്മശാനമൂകതയിൽനിന്നു്, നിസ്സഹായനായ വക്കച്ചന്റെ സ്വരം ഉയർന്നുകേട്ടു, "എന്റെ ദൈവമേ! എന്റെ രൂപാ!"

—o—

## സ്വതന്ത്രലോകം പുരോഗമിക്കുന്നു

പ്രസിഡണ്ട് ഐസനോവർ രാഷ്ട്രത്തിനുള്ള ഒരു സന്ദേശത്തിൽ പറയുന്ന വചനങ്ങൾ അത്യന്തം ആശ്വാസസന്ദായകങ്ങളായിരിക്കുന്നു: "കൊറിയായിൽ കമ്മ്യൂണിസ്റ്റാക്രമണത്തെ തടഞ്ഞു എന്നാൽ ഇൻഡോചൈനായിൽ അതു പൂർവ്വവൽ രൂക്ഷതരമായി തല കാണിക്കുന്നു. എങ്കിലും അമേരിക്കൻ സഹായത്തോടുകൂടി ഫ്റാൻസും അവിടത്തെ സംഘടിതസംസ്ഥാനങ്ങളും ശക്തിയുക്തം അതിനോടു എതിർത്തു കൊണ്ടുതന്നെയിരിക്കുന്നു.. പാശ്ചാത്യജർമ്മനിയിലും, ഇറാനിലും, ലോകത്തിൽ മററു പല ഭാഗങ്ങളിലും സ്വതന്ത്രരാജ്യശക്തികൾക്കു ആശാസ്യമായ രാഷ്ട്രീയനേട്ടങ്ങൾ കൈവന്നിട്ടുണ്ട്. സാവധാനമായും, എന്നാൽ സുനിശ്ചിതമായും, സ്വതന്ത്രലോകം ശക്തിസംഭരിച്ചുവരുന്നു. അതേസമയംതന്നെ, ഇരുമ്പഴിക്കുള്ളിൽനിന്നു്, ക്രൂരാധിപത്യത്തിനു സുഖമില്ലെന്നുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. അതിന്റെ പുറമ്പട കട്ടിയുള്ളതാണെങ്കിലും ഉള്ളു എളുപ്പത്തിൽ തകരുന്നതരത്തിലുള്ളതാണെന്ന സൂചനകൾ ദൃശ്യമാകുന്നുണ്ട്." അമേരിക്കയുടെ ശ്രമഫലമാണിതെന്നുള്ളതു ആർക്കും മറക്കാനോ മറയ്ക്കാനോ സാദ്ധ്യമല്ല. ആകയാൽ പൊതുശത്രുവിനെ നിലയ്ക്കു നിറുത്തുന്നതിനു ഇനി ശേഷിക്കുന്ന ഏകമാർഗ്ഗം സ്വതന്ത്രരാജ്യങ്ങളെല്ലാം അമേരിക്കയോടൊത്തു അണിനിരക്കുകയെന്നുള്ളതാണ്. അതു സഫലമാകാതിരിക്കുന്നതിനുള്ള സകല കുതന്ത്രങ്ങളും ശത്രു എടുത്തു പെരുമാറുന്നുണ്ട്. ആ കെണിയിൽ വീണുപോയാൽ നാം ഇലഞ്ഞെതു തന്നെ.

Just Received
WEDDING SAREES
WHITE HALL
The Silk Palace
DIRECT IMPORTERS
MATTANCHERRY Cochin BROADWAY Ernakulam
Maximum Sarees Minimum Price is Our Motto

ഗ്രൂപ്പ് ഫോട്ടോ
നിങ്ങൾക്കിഷ്ടമുള്ള സൈസിലും അതിവിശിഷ്ടമായ രീതിയിലും മിതമായ ചാർജ്ജിനും കൃത്യസമയത്തും ചെയ്തുതരുവാൻ ഞങ്ങളെ സമീപിക്കുക.
ലോയൽ സ്റ്റുഡിയോ
തൊടുപുഴ (T. C. State)

# വൈദികരുടെ രാഷ്ട്രീയം

(ജോസഫ് ചാണ്ടി, തൃശൂർ)

കമ്മ്യൂണിസത്തെക്കുറിച്ച് പഠിച്ചറിഞ്ഞിട്ടുള്ളവർ അതിന്റെ ഉള്ളുകള്ളികൾ — കമ്മ്യൂണിസം നിരീശ്വരത്വത്തിൽ അധിഷ്ഠിതമാണെന്നും, അതു് കുടുംബത്തിന്റെ അടിത്തറ മാന്തുമെന്നും, വ്യക്തിസ്വാതന്ത്ര്യം എന്നതു് അതിനു് അജ്ഞാതമാണെന്നും ഏകാധിപത്യമാണു് അതിൽ നടമാടുന്നതെന്നും മറ്റും — ജനങ്ങൾക്കു് ബോദ്ധ്യപ്പെടുത്തിക്കൊടുക്കുകയാണു്. മനുഷ്യസ്വാതന്ത്ര്യത്തെ അങ്ങേ അറ്റത്തോളം മറവിപ്പിക്കുന്ന കമ്മ്യൂണിസത്തെ പരാജയപ്പെടുത്തണമെന്നു് വൈദികരും ജനങ്ങളെ ഉപദേശിക്കുന്നു. അതിൽ ഒരുവക രാഷ്ട്രീയവുമില്ല. സർവ്വവും പരിത്യജിച്ച് ദൈവശുശ്രൂഷയ്ക്കായി ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള വൈദികർക്കു് നിഗൂഢമായ എന്തെങ്കിലും താല്പര്യം ഉള്ളില്ല. ദരിദ്രപക്ഷങ്ങൾ ഉയരട്ടെയെന്നു അവർ വിചാരിക്കാനും നിരുത്തിയില്ല. അവരുടെ ആത്മാർത്ഥതയിൽ വിശ്വസിച്ചു് അവരുടെ വാക്കുകളെ ജനങ്ങൾ സ്വീകരിക്കുന്നു. ഇക്കാരണത്താൽ സഖാക്കളുടെ പ്ലാനെല്ലാം പൊളിയുകയാണു്.



അതുകൊണ്ടു് അവർ മറ്റൊരു സൂത്രം കണ്ടുപിടിച്ചു് പ്രയോഗിക്കുന്നു. വൈദികർ ഒന്നുകിൽ ഇരുവക കാര്യങ്ങളിൽ ഒരുവക അഭിപ്രായവും പറയാതിരിക്കണം, അല്ലെങ്കിൽ അവർ പറഞ്ഞാൽ തന്നെ ജനങ്ങൾ അവരെ വിശ്വസിച്ചനുസരിക്കാതിരിക്കണം. ഇതിനു് പറ്റിയ ചില അടവുകൾ അവർ നിർമ്മിച്ചുവെച്ചിട്ടുണ്ടു്. "ആദ്ധ്യാത്മികപുരോഹിതന്മാർ രാഷ്ട്രീയത്തിൽ കൈയിടരുതു്". ഇതാണു് അവരുടെ പ്രസ്തുത അടവുകളിലൊന്നു്. അതോടുകൂടി പുരോഹിതന്മാർ വിശ്വസിക്കാൻ അത്ര കൊള്ളുന്നവരല്ല എന്നൊരു ധ്വനി വരുത്തക്കവണ്ണം ചില കള്ളക്കഥകളും അവർ കെട്ടിയുണ്ടാക്കും. സുസംഘടിതമായ ഒരു പ്രചാരണപരിപാടിയുള്ളതുകൊണ്ടു് ഇരുവക പ്രചാരണങ്ങൾക്കു് അവർക്കു് വളരെ എളുപ്പമാണു്. കഴിഞ്ഞ മുനിസിപ്പൽ പഞ്ചായത്തു തെരഞ്ഞെടുപ്പുകാലത്തു് ഈ അടവു് വിശേഷാൽ അവർ പയറ്റിനോക്കി. അന്നു് സഖാക്കൾ വഴിക്കവലകളിൽ വന്നുനിന്നു് പ്രസംഗിച്ചിരുന്നതു് കമ്മ്യൂണിസത്തിന്റെ മേന്മയോ കോൺഗ്രസ്സിന്റെ പോരായ്മകളോ ഒന്നുമല്ല; പള്ളിയേയും വൈദികരേയും കുറ്റംപറയുക — വടക്കനച്ചന്റെമേൽ ചവുട്ടി പള്ളിയിലേക്കു കടക്കുക. "ഇന്ന പള്ളിയിലെ അച്ചൻ എന്താണു് ചെയ്തതെന്നു് നിങ്ങൾക്കറിയാമോ?", "ഇന്നയിടത്തു് കന്യാസ്ത്രീകളാണു് വീടുതോറും കയറിയിറങ്ങി കോൺഗ്രസ്സിനു് വോട്ടു ചോദിക്കുന്നതു്", "കോൺഗ്രസ്സിനു് വോട്ടുചെയ്യാത്തവരെ മഹറോൻ ചൊല്ലുമെന്നു് ഇന്ന മെത്രാൻ പറഞ്ഞതെന്തുകൊണ്ടാണെന്നു് നിങ്ങൾക്കറിയാമോ?", "അവർക്കു് ഇതിലെന്തുകാര്യം; അവർക്കു് ആത്മീകമല്ലേ പാടുള്ളു" ഇത്തരം ജല്പനങ്ങൾ അവരുടെ എല്ലാ പ്രസംഗങ്ങളിലും നിറഞ്ഞിരിക്കും.

അതോടുകൂടി മറ്റൊരു അടവും. കൊച്ചിയിൽ പ്രസംഗിക്കുന്ന സഖാവു് ഇതെല്ലാം തൃശൂരുള്ള വൈദികർ പ്രവർത്തിച്ചതാണെന്നു പറയും. ആലപ്പുഴയിലെ സഖാവു പറയും, അതു് തിരുവനന്തപുരത്തെ മെത്രാൻ പറഞ്ഞതാണെന്നു്. കോട്ടയത്തെ സഖാവു് പറയുകയാണെങ്കിൽ കൊല്ലത്തെ കന്യാസ്ത്രീകളാകും പ്രവർത്തിച്ചവർ. ശുദ്ധഗതിക്കാരായ സാധാരണക്കാർ വിഷമത്തിലാകാതിരിക്കയില്ലല്ലോ. കോട്ടയത്തെ അച്ചന്മാർ അപ്രകാരം പ്രവർത്തിച്ചിട്ടുണ്ടോ എന്നറിയുവാൻ ആലുവായിലെ ജനങ്ങൾ അങ്ങോട്ടു പോവുകയില്ലെന്നു് സഖാവിനറിയാം. തൃശൂർ മെത്രാൻ എന്തെല്ലാം പറഞ്ഞിട്ടുണ്ടെന്നറിയുവാൻ തിരുവനന്തപുരത്തുള്ളവർ ഇവിടെ വരികയില്ലെന്നും സഖാക്കൾക്കറിയാം. അതിന്റെ ഫലമോ? റഷ്യൻ മോഡൽ എന്തെന്നറിയാത്ത പരമാർത്ഥബുദ്ധികൾ പരസ്പരം പറയുവാൻ തുടങ്ങും: "അങ്ങനെ ചെയ്യേണ്ടിയിരുന്നില്ല; ഇങ്ങനെ പറയേണ്ടിയിരുന്നില്ല." "അവർക്കു് പള്ളിക്കാര്യം തന്നെ ധാരാളമുണ്ടല്ലോ, പിന്നെന്തിനു് രാഷ്ട്രീയത്തിൽ അഭിപ്രായംപറഞ്ഞു് മറ്റുള്ളവരുടെ വെറുപ്പു സമ്പാദിക്കുന്നു" എന്നെല്ലാം. ഇത്രയുമായാൽ സഖാക്കൾ ഉള്ളിൽ ആനന്ദിക്കുവാൻ തുടങ്ങും; ഇത്തരക്കാരെ പാട്ടിലാക്കാൻ അടുത്ത പടിയായി എന്താണു് ചെയ്യേണ്ടതെന്നു് അവർ പഠിച്ചുവെച്ചിട്ടുണ്ടു്. "അതുകൊണ്ടാണു് അച്ചന്മാർ എന്തെങ്കിലും പറഞ്ഞുകൊള്ളട്ടെയെന്നു് ജനങ്ങൾ തീരുമാനിക്കുന്നതു്" എന്നുകൂടി അവരെ വിശ്വസിപ്പിച്ചാൽ സഖാക്കളുടെ ഉദ്ദേശം സാധ്യമായി. അവരുടെ ഉദ്ദേശം ഇത്രയേയുള്ളു. സഭാധികാരികൾ ഈ വിഷയത്തിൽ ജനങ്ങൾക്കു നൽകുന്ന ഉപദേശം ഫലപ്രദമാകാതിരിക്കണം.

മനുഷ്യന്റെ മതസ്വാതന്ത്ര്യം, അഭിപ്രായപ്രചാരണസ്വാതന്ത്ര്യം, കുടുംബം ഭദ്രമാക്കുന്നതിനുള്ള സ്വാതന്ത്ര്യം എന്നുതുടങ്ങി അനുപേക്ഷണീയങ്ങളായ എല്ലാ സ്വാതന്ത്ര്യത്തെയും നിഷേധിക്കുന്ന കമ്മ്യൂണിസ്റ്റു വ്യവസ്ഥിതി വരാതിരിക്കുന്നതിനും ലോകം വീണ്ടും അന്ധകാരയുഗത്തിലേക്കു് നീങ്ങാതിരിക്കുന്നതിനും സഭ അവളുടെ കഴിവുകളെല്ലാം പ്രയോഗിക്കും. അതുകൊണ്ടാണു് സഭാധികാരികൾ കമ്മ്യൂണിസ്റ്റുകൾക്കു് വോട്ടു ചെയ്യരുതെന്നും മാർക്സിസ്റ്റുകളെ വർജ്ജിക്കണമെന്നും അനുസ്യൂതം ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുന്നതു്. ഒരു രാഷ്ട്രീയസംഘടനയെന്ന നിലയിലല്ല, സ്വാതന്ത്ര്യസംഹാരിയെന്ന നിലയിലാണു് കമ്മ്യൂണിസത്തെ സഭ എതിർക്കുന്നതു്.

കമ്മ്യൂണിസ്റ്റു വ്യവസ്ഥിതി മുകളിൽ പറഞ്ഞ പ്രകാരം സ്വാതന്ത്ര്യനിഷേധിയാണെന്നു് സഭ എങ്ങനെ അറിയുന്നു എന്നതാണു് സാധാരണക്കാരുടെ മുമ്പിലേക്കിടുന്ന മറ്റൊരു ചോദ്യം. ഇരുവക കാര്യങ്ങളെല്ലാം വളരെ വ്യക്തമായി മാർക്സും, ലെനിനും, സ്റ്റാലിനും മറ്റെല്ലാ കമ്മ്യൂണിസ്റ്റു നേതാക്കളും പറഞ്ഞിട്ടുള്ളതും അവരുടെ ഗ്രന്ഥങ്ങളിൽ ഉടനീളം എഴുതിവെച്ചിട്ടുള്ളതുമാണു്. അതൊന്നും കൂടാതെ തന്നെ സഭയ്ക്കു് ഇതെല്ലാം സുജ്ഞാതമാണു്. എന്തെന്നാൽ സഭ പല ദിക്കുകളിലും കമ്മ്യൂണിസത്തിന്റെ കാട്ടാളസ്വഭാവത്തെ നേരിട്ടു് കണ്ടുകൊണ്ടിരിക്കുകയും അതിന്റെ ക്രൂരഹസ്തങ്ങൾ കൈകളിൽക്കിടന്നു ഞെങ്ങിഞെരുങ്ങിക്കൊണ്ടിരിക്കയുമാണു്. റഷ്യയിലെയും, കിഴക്കൻ യൂറോപ്പിലെയും, ചൈനയിലെയും കമ്മ്യൂണിസം വ്യക്തിസ്വാതന്ത്ര്യത്തോടു് എന്തെല്ലാം കൈയേറ്റങ്ങൾ ചെയ്തിട്ടുണ്ടെന്നു്, ഇവിടത്തെ പലർക്കും കേട്ടുകേൾവിപോലുമില്ലാത്ത കാര്യങ്ങളും, സഭയ്ക്കറിയാം. മെക്സിക്കോവിലും സ്പെയിനിലും കമ്മ്യൂണിസം വരുന്നതിനുമുമ്പും നിലവിലിരിക്കുമ്പോഴും അവിടെനിന്നു് പോയശേഷവും സഭ അവിടെ നിലവിലുണ്ടു്. അവിടങ്ങളിൽ ചെമ്പട എന്തുചെയ്തുവെന്നു് സൂക്ഷ്മമായി അറിഞ്ഞിട്ടുള്ള സഭ സഖാവിന്റെ കുഴലുവിളികേട്ടു് പിന്മാറുമെന്നു് സ്വപ്നം കാണുന്നതു് മണ്ടത്തരമായിരിക്കും. മിൻസെന്റി മാർ കാരാഗൃഹത്തിൽ അടയ്ക്കപ്പെടുകയും ദേവാലയങ്ങൾ സിനിമാശാലകളായി മാറുകയും ചെയ്യുന്നതുവരെ സഭാനേതാക്കന്മാർ ഈവക കാര്യങ്ങളെല്ലാം ജനങ്ങളോടു് പറഞ്ഞു ധരിപ്പിക്കാതിരുന്നാൽ കൊള്ളാമെന്നു സഖാവു് ആഗ്രഹിക്കുന്നുണ്ടായിരിക്കാം. പക്ഷേ സ്വാതന്ത്ര്യത്തിനുള്ള സമരത്തിൽ ആരെല്ലാം തോറ്റു പിന്മാറിയാലും സഭ പിന്മാ

---

കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ശക്തി അതിലെ അംഗങ്ങളുടെ തീക്ഷ്ണതയിലാണു് നിലകൊള്ളുന്നതു്. അവർക്കു പാർട്ടിക്കുവേണ്ടിയുള്ള ഏതൊരു ത്യാഗവും കൂടുതലാണെന്നോ, ഏതൊരു ജോലിയും കഠിനമാണെന്നോ ഉള്ള ചിന്തയില്ല. അവരുടെ "ഉത്തമ"മായ കമ്മ്യൂണിസത്തിന്റെ പാഠങ്ങളിൽ അവർക്കുള്ള ഉജ്ജ്വലത്തായ ആവേശം ക്രിസ്ത്യാനികളേയും മറ്റു കമ്മ്യൂണിസ്റ്റുതരന്മാരേയും ലജ്ജിപ്പിക്കത്തക്കതാണു്. അവരുടെ ഈ വിജയം, മഹത്തരമായ ഒരു ലക്ഷ്യത്തിനുവേണ്ടി ത്യാഗമനുഷ്ഠിക്കുന്നതിലുള്ള നമ്മുടെ പരാജയത്തിന്റെ അളവുകോലാണു്. എത്ര കൂടുതലായി ഇതു നാം ഗ്രഹിക്കുകയും തദനുസരണം പ്രവർത്തിക്കുകയും ചെയ്യുമോ അത്രയ്ക്കു അവരെ പരാജിതരാക്കുവാൻ നമുക്കു കഴിയും.

—ഡഗ്ലസ് ഹൈഡ്

---

റുകയില്ല, നിശ്ചയം. സുധീരവും വിസ്മയാവഹവുമായ സഭയുടെ ഈ ഉറച്ച നിലപാടിൽ മഹാന്മാർ പോലും അത്ഭുതപ്പെടുകയാണു്. ഒരു ഒന്നാംകിട ശാസ്ത്രജ്ഞനും പണ്ഡിതനുമായ പ്രൊഫസർ ഐൻസ്റ്റീൻ പറഞ്ഞിട്ടുള്ളതിപ്രകാരമാണു്: "ജർമ്മനിയിൽ വിപ്ലവം വന്നപ്പോൾ സർവ്വകലാശാലകൾ സ്വാതന്ത്ര്യസംരക്ഷണത്തിനു് മതിയെന്നു് ഒരു സ്വാതന്ത്ര്യസ്നേഹിയാകയാൽ ഞാൻ പ്രതീക്ഷിച്ചു. അവയുടെ അധരങ്ങൾ മൂടിക്കെട്ടപ്പെട്ടു. സ്വാതന്ത്ര്യത്തിനായി മുൻകാലങ്ങളിൽ തീക്ഷ്ണമായ ഭാഷയിൽ വാദിച്ചിട്ടുള്ള പത്രാധിപന്മാരിൽനിന്നു് രക്ഷയുണ്ടാകുമെന്നു് ഞാൻ ആശിച്ചു. പക്ഷെ ഏതാനും വാരങ്ങൾക്കുള്ളിൽ അവരെയും മൂകരാക്കി. സ്വാതന്ത്ര്യത്തിനു് ആധുനികജീവിതത്തിലുള്ള നിലയെപ്പറ്റി പ്രകീർത്തിക്കാറുണ്ടായിരുന്ന വ്യക്തിസാഹിത്യകാരന്മാരിൽ എന്റെ ശ്രദ്ധ തിരിഞ്ഞു. അവരും മൗനമുദ്രിതരായിത്തീർന്നു. എനിക്കു് കത്തോലിക്കാസഭയിൽ ഒരു താല്പര്യവും ഇതിനുമുമ്പുണ്ടായിരുന്നില്ല. സത്യത്തിലും ധാർമ്മികസ്വാതന്ത്ര്യത്തിലും കുലുങ്ങാതെ നില്ക്കുവാനുള്ള തന്റേടവും ധൈര്യവും കത്തോലിക്കാസഭയ്ക്കുമാത്രം കണ്ടതിനാൽ എനിക്കിപ്പോൾ അതിനോടു് വലിയ വാത്സല്യവും അഭിനന്ദനവും തോന്നുന്നു."

കമ്മ്യൂണിസത്തെ എതിർക്കുന്നതിൽ പ്രതിഷേധമില്ല; കോൺഗ്രസ്സിനു മാത്രമേ വോട്ടുചെയ്യാവൂ എന്നു് സഭാധികാരികൾ ഉപദേശിക്കുന്നതിലാണു് പ്രതിഷേധം എന്നു് ഒരുപക്ഷേ ചിലർ ന്യായവാദം ചെയ്തേക്കാം. കോൺഗ്രസ്സിനു മാത്രമേ വോട്ടുചെയ്യാവൂ എന്നു് സഭ ഔദ്യോഗികമായി കല്പിക്കുകയോ, വൈദികർ അപ്രകാരം പ്രസംഗിക്കുകയോ ഉണ്ടായിട്ടില്ല. സാധാരണ പള്ളിയിൽ പോകുന്ന നാം കേൾക്കുന്നതിനെക്കാൾ കൂടുതലായി ഒന്നുംതന്നെ സഖാവു് കേൾക്കുകയില്ലെന്നുള്ള ബോധം നമുക്കുണ്ടായിരിക്കണം.

ഇന്നത്തെ തിരുക്കൊച്ചി രാഷ്ട്രീയത്തെക്കുറിച്ചു് ആലോചിക്കുമ്പോൾ ഇടതുപക്ഷങ്ങൾ എല്ലാം മാർക്സിസ്റ്റുകളും മാർക്സിസ്റ്റുകൂട്ടുകെട്ടിൽ ഉൾപ്പെട്ടവയുമാകയാലും രാജ്യത്തിന്റെ സുസ്ഥിതിക്കു് ഒരു ഉറച്ച ഗവർമ്മെന്റു രൂപീകരിക്കുകയെന്നതു് ഒഴിച്ചുകൂടാത്തതായി വന്നിരിക്കയാലും സാധാരണക്കാർക്കു് മാർഗ്ഗനിർദ്ദേശം നൽകുകയെന്ന ഉദ്ദേശത്തോടുകൂടി കോൺഗ്രസ്സിനെ മാത്രം സഹായിക്കണമെന്നു് വൈദികർ നിർദ്ദേശിക്കുകയാണെങ്കിലും അതു് രാഷ്ട്രീയത്തിൽ കൈയിടലല്ല.

സഖാക്കളുടെ വെപ്രാളി കാര്യങ്ങൾ ശരിക്കു് അറിയാത്തതുകൊണ്ടല്ല, അതു് നല്ലവണ്ണം അറിയുന്നതുകൊണ്ടാണു്. മാർഗ്ഗം എന്തുമാകട്ടെ ഉദ്ദേശം നന്നായാൽ മതിയെന്നാണു് അവരുടെ തത്വം. പോരെങ്കിൽ സഖാവു ലെനിൻ ഉപദേശിച്ചിരിക്കുന്നു. സത്യം മറച്ചുവെക്കൽ, വഞ്ചന, ഒഴിഞ്ഞുമാറൽ, സൂത്രം, അനീതിപരമായ മാർഗ്ഗങ്ങൾ ഇവകൾ സന്ദർഭോചിതം ഉപയോഗിക്കണമെന്നു്. അതുകൊണ്ടു ഇക്കൂട്ടർ ഇതും ഇതിലപ്പുറവും പ്രവർത്തിക്കുമെന്നതു് നിശ്ചയമാണു്. അതങ്ങനെ നടക്കട്ടെ. സഭ അവളുടെ കടമ ലോകാവസാനത്തോളം നിർവ്വഹിക്കുകതന്നെ ചെയ്യും.

## ഇടവകവാർത്തകൾ

എറണാകുളം:—സ്ഥലം അസ്സീസിക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കൊല്ലംതോറും ഫെബ്രുവരി മാസത്തിൽ നടത്തിവരാറുള്ള പ്രസംഗപരമ്പരയുടെ ഉദ്ഘാടനം ഇക്കഴിഞ്ഞ 7-ാം നു ഞായറാഴ്ച വൈകുന്നേരം 5 മണിക്കു് സെന്റു് ഫ്രാൻസീസ് ദേവാലയാങ്കണത്തിൽ വച്ചു് റവ. ഫാ. ഹൈലിസ്സ് ഒ. സി. ഡി. എം. അവർകൾ സാഘോഷം നിർവ്വഹിച്ചു. ഇതോടനുബന്ധിച്ചുണ്ടായ പൊതുയോഗത്തിൽ ക്ലബ്ബ് സെക്രട്ടറി ശ്രീ സി. സി. ജോർജ്ജ് സദസ്സിനു സ്വാഗതമരുളി. ഉദ്ദേശം രണ്ടുമണിക്കൂർ നീണ്ടുനിന്ന സാരസമ്പുഷ്ടമായ ഉദ്ഘാടനപ്രസംഗത്തിൽ പുരോഗമനസാഹിത്യത്തിന്റെ പൊള്ളത്തരങ്ങളെ ഉദ്ഘാടകൻ തുറന്നുകാട്ടി. ജോയിന്റു സെക്രട്ടറി ശ്രീ എൻ. ജെ. ഫ്രാൻസിസ് കൃതജ്ഞത പ്രകടിപ്പിച്ചു. ഇന്നു പാലാരിവട്ടം ദേശീയകലാസമിതിക്കാരാൽ തന്മയത്വമായി അഭിനയിക്കപ്പെട്ട "പുരോഗമനത്തിന്റെ മക്കൾ" എന്ന നാടകം സദസ്സിന്റെ മുക്തകണ്ഠമായ പ്രശംസയാർജ്ജിച്ചു. ദേവാലയാങ്കണത്തിൽ സദ്സാഹിത്യഗ്രന്ഥങ്ങളുടെ ഒരു പ്രദർശനവും പരസ്യവില്പനയും ഉണ്ടായിരുന്നുവെന്നതു് പ്രത്യേകം പ്രസ്താവ്യമാണു്.

മട്ടവിറ:—മരിയൻ ജൂബിലി പ്രമാണിച്ചു സ്ഥലം ഫൊറോനാപ്പള്ളി അങ്കണത്തിലുള്ള ഗ്രോട്ടോയിൽ 5-ാം തീയതിമുതൽ നവനാളാഘോഷങ്ങളും 14-ാം തീയതി ഞായറാഴ്ച ഫൊറോനായിൽപ്പെട്ട പള്ളികളിൽ സ്ഥാപിതമായിട്ടുള്ള സൊഡാലിറ്റിശാഖകളുടെ ഒരു സംയുക്തസമ്മേളനവും, റാലിയും ആഘോഷപൂർവ്വം നടന്നിരിക്കുന്നു.

കോടിക്കുളം:—സ്ഥലം സെന്റു് മേരീസ് സ്കൂളിന്റെ വാർഷികവും രക്ഷാകർതൃദിനവും സംബന്ധിച്ചു ഫെബ്രു. 7-ാം തീയതി സ്കൂൾഹാളിൽവച്ചു് മൂവാറ്റുപുഴ "കോളേജ്" വൈസ് പ്രിൻസിപ്പാൾ ശ്രീ വി ജെ. ജോസഫ് എം. എ. എൽ. റ്റി. അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം നടത്തപ്പെട്ടു.

ശൂരനാട്:—ശൂരനാട്ടു് യാക്കോബായപ്പള്ളി ഇടവകയിലെ ഒരു പ്രധാനിയും അദ്ദേഹത്തിന്റെ നാലു മക്കളും മരുമക്കളുംകൂടി ഈ മാസം 8-ാം തീയതി ഇവിടത്തെ സിറിയൻ കത്തോലിക്കാപ്പള്ളിയിൽവച്ചു വികാരി റവ. ഫാദർ കുരിയാക്കോസ് അവർകളുടെ മുമ്പാകെ സത്യപ്രതിജ്ഞ നടത്തി കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടിരിക്കുന്നു. സത്യദീപം ഇവർ തുടർച്ചയായി വായിച്ചുകൊണ്ടിരുന്നു.

ളാക്കൂർ:—ഇവിടെ പുതുതായി സ്ഥാപിക്കാനുദ്ദേശിക്കുന്ന മിഷനിൽ കഴിഞ്ഞ 26-27-28 എന്നീ തീയതികളിൽ വന്ദ്യ ദിവ്യശ്രീ മോൺ പിഞ്ഞോർ ചേപ്പാട്ടു് പിലിപ്പോസു് റമ്പാച്ചന്റെ നേതൃത്വത്തിൽ പ്രസംഗയോഗം നടന്നു. അതിനെത്തുടർന്നു് വ്യാഴാഴ്ച വൈകിട്ടു് നി. വ. ദി. ശ്രീ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി അവിടെ എഴുന്നള്ളി ഒരു പ്രസംഗം ചെയ്തു. തിരുമേനിയുടെ മെത്രാൻ സ്ഥാനാരോഹണദിവസമായ 29-ാം തീയതി രാവിലെ അവിടത്തെ പുതിയ ചാപ്പലിൽവച്ചു് യാക്കോബായക്കാരായ 205 അംഗങ്ങളുള്ള 35 വീട്ടുകാരെ തിരുമേനി കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുത്തി. തദവസരത്തിൽ വന്ദ്യ ദിവ്യശ്രീ ചേപ്പാട്ടു് പിലിപ്പോസു് റമ്പാൻ, റവ. ഫാദർ ജോസഫ് വടക്കേക്കുറ്റു് മുതലായ വൈദികരും അനേകം വിശ്വാസികളും ഹാജരായിരുന്നു. തിരുമനസ്സിലെ ആഘോഷമായ വിശുദ്ധ കുർബാനയ്ക്കുശേഷം പുനരൈക്യപ്പെട്ടവരുടെ ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു. തിരുമേനിയുടെയും റമ്പാച്ചന്റെയും പ്രസംഗങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ വിശ്വാസസത്യങ്ങളേയും കേരള സുറിയാനിസഭയുടെ ചരിത്രത്തെയും അതിലെ പുനരൈക്യശ്രമങ്ങളേയും വിവരിച്ചിരുന്നു.

പയ്യന്നൂർ:—സ്ഥലം സെന്റു് മേരീസ് എൽ. പി. സ്കൂൾ വാർഷികവും രക്ഷാകർതൃദിനവും ഈ മാസം 7-ാം നു ഞായറാഴ്ച പയ്യന്നൂർ റെയിഞ്ച് ഇൻസ്പെക്ടർ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. സ്ഥലം കോൺവെന്റു് ചാപ്ലയിൻ റവ. ഫാദർ കുന്നപ്പള്ളിൽ അവർകൾ "മാതാപിതാക്കന്മാരും കുട്ടികളുടെ വിദ്യാഭ്യാസവും" എന്ന വിഷയത്തെപ്പറ്റി ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്തു. ആൺകുട്ടികൾ "നന്മ" എന്ന നാടകവും, പെൺകുട്ടികൾ "ഫാത്തിമാസന്ദേശം" എന്ന പ്രഹസനവും തന്മയത്വത്തോടെ അഭിനയിച്ചു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. സിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 ‖ ERNAKULAM, FEBRUARY 17, 1954 ‖ No. 25


## വത്തിക്കാൻ സംസ്ഥാനത്തിന്റെ സ്ഥാപനരജതജൂബിലി

1929 ഫെബ്രുവരി 11-ാംനു വത്തിക്കാൻ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ അതിപ്രധാനമായൊരു ദിവസമാണു്. അന്നാണു് ആധുനികവത്തിക്കാൻ രാജ്യം സ്ഥാപിക്കപ്പെട്ടതു്. ഇററാലിയൻ ഗവർമ്മെൻറും പരിശുദ്ധ സിംഹാസനവും തമ്മിൽ ദീർഘകാലമായി നിലനിന്നിരുന്നതും ഇററലിയുടെ ചരിത്രത്തെ ലോകസമക്ഷം കരിതേച്ചുകളങ്കപ്പെടുത്തിയിരുന്നതുമായ ഒരു ദുർഘടപ്രശ്നമുണ്ടായിരുന്നു. എട്ടാംനൂററാണ്ടോടടുത്തു മഹാനായ പെപ്പിൻ ചക്രവത്തി ഇററലിയിലെ വിസ്തൃതമായ ഭൂവിഭാഗങ്ങൾ മാർപ്പാപ്പായുടെ ആധിപത്യത്തിലേക്കു വിട്ടുകൊടുത്തു. പരിശുദ്ധ സിംഹാസനം ഇവയെ റോമയോടു് കൂട്ടിച്ചേർത്തു് ഒരു രാജ്യമായി ഭരിച്ചുപോന്നു. അനന്തരകാലങ്ങളിൽ രാജ്യമോഹികളായ പല ചക്രവത്തിമാരും രാജാക്കന്മാരും റോമാരാജ്യത്തിനെതിരായി ആക്രമണങ്ങളും കൈയേററങ്ങളും നടത്തിയിട്ടുണ്ടു് എന്നു ചരിത്രത്തിൽ കാണാവുന്നതാണു്. എന്നാൽ അവയെല്ലാം അതിജീവിച്ചു് മാർപ്പാപ്പായുടെ റോമാരാജ്യം നിലനിന്നുപോന്നു. ഒടുവിൽ 1870 ൽ പീഡ്മോണ്ടിലെ രാജാവു് വലിയ സൈന്യത്തോടുകൂടി വന്നു് ന്യായവിരുദ്ധമായി റോമാരാജ്യത്തെ ആക്രമിച്ചു കൈവശമാക്കി. അനീതിപരമായ ഈ ആക്രമണത്തെ പ്രതിഷേധിച്ചു് പരിശുദ്ധ മാർപ്പാപ്പാ വത്തിക്കാനിൽ സ്വയം ഒരു തടവുകാരനായി പ്രഖ്യാപിച്ചുകൊണ്ടു് വാസമായി. ഇതാണു് "റോമൻ പ്രശ്നം" എന്നറിയപ്പെട്ടിരുന്നതു്. ഇററലിയും മാർപ്പാപ്പായും തമ്മിൽ നിലനിന്നുപോന്ന ഈ ദുർഘടപ്രശ്നത്തിനു് 1929 ഫെബ്രുവരി 11-ാംനു നടന്ന "ലാറററൻ ഉടമ്പടി"മൂലം സമ്യക്കായ ഒരു തീരുമാനമുണ്ടായി. തൽഫലമായി രൂപം പ്രാപിച്ച അഭിനവ വത്തിക്കാൻസംസ്ഥാനത്തിന്റെ സ്ഥാപനരജതജൂബിലിയാണു് ഈ അടുത്ത ദിവസങ്ങളിൽ ലോകം മുഴുവനിലും പ്രത്യേകിച്ചു ഇററലിയിലും വത്തിക്കാനിലും വിപുലമായ ആഘോഷപരിപാടികളോടുകൂടി ആചരിക്കപ്പെട്ടതു്.




പതിനൊന്നാം പീയൂസ് മാർപ്പാപ്പ

1870-ൽ ഉണ്ടായ ആ അത്യാഹിതത്തെ തുടർന്നു് സംജാതമായ "റോമൻ പ്രശ്ന"ത്തിനു പരിഹാരം കാണുന്നതിനും ഇററലിക്കു് ലോകസമക്ഷം നിലനിന്നുപോന്ന തീരാകളങ്കത്തെ നിർമ്മാർജ്ജനം ചെയ്യുന്നതിനും പരിശുദ്ധ സിംഹാസനത്തിനു സംഭവിച്ച നഷ്ടത്തെ പരിഹരിക്കുന്നതിനും അതിന്റെ നിർബന്ധമായ പ്രവത്തനങ്ങൾക്കു് ആവശ്യമായ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ട ആലോചനകളും മദ്ധ്യസ്ഥതകളും കാലാകാലങ്ങളിൽ നടന്നുപോരുകയായിരുന്നു. പക്ഷേ ഈ ദുർഘടപ്രശ്നം അപരിഹാര്യമായി നിലനിന്നുപോന്നു. പരിശുദ്ധ പിതാവു് പതിനൊന്നാം പിയൂസ് മാർപ്പാപ്പാ തിരുസഭാഭരണം കൈയേററപ്പോൾ അവിടുന്നും ഈ പ്രശ്നത്തിനു് ഒരു തീരുമാനം കണ്ടുപിടിക്കണമെന്നു ആത്മാത്ഥമായി അഭിലഷിച്ചു. തികച്ചും അന്യായമായി അപഹരിക്കപ്പെട്ട ഒരു രാജ്യത്തിന്റെ രാജാവെന്ന അവകാശം ഒരുവശത്തു്; അസ്വാതന്ത്ര്യമായ നിലയിൽ തിരുസഭാതലവനടുത്ത തന്റെ കത്തവ്യങ്ങൾ യഥാവിധി നിറവേററുന്നതിനുള്ള പ്രതിബന്ധങ്ങൾ മറുവശത്തു്. ഇതായിരുന്നു അവിടുത്തെ അനുഭവം. രാഷ്ട്രീയപ്രശ്നമെന്ന നിലയിലും സഭാപ്രശ്നമെന്ന നിലയിലും ചൂടേറിയ അഭിപ്രായഭിന്നതകൾ ഇരുവശത്തും കൊടുമ്പിരികൊണ്ടിരുന്നു. ഈവിധത്തിൽ വൈഷമ്യപൂർണ്ണമായ ഒരു പ്രശ്നത്തെയാണു് പരിശുദ്ധ പിതാവു് പതിനൊന്നാം പിയൂസ് തിരുമേനി സധീരം നേരിട്ടതു്.

> "കത്തോലിക്കർ തങ്ങൾ ഏററുപറയുന്ന വിശ്വാസസത്യങ്ങളുടെ വെളിച്ചത്തിൽ സത്യസന്ധതയിലും അന്തഃകരണപ്രചോദനത്തിലും അടിയുറച്ചു നിന്നുകൊണ്ടു് പ്രവത്തിക്കുന്നതിനു ബാദ്ധ്യസ്ഥരാണു. അതിനു വിപരീതമായി അവർ അലസരായിരിക്കുന്നതായാൽ ഭരണാധികാരം രാജ്യത്തിനു വിനാശകാരികളായവരുടെ ഹസ്തങ്ങളിൽ ചെന്നുപതിച്ചേക്കാം"
>
> —11-ാംപീയൂസ് മാർപ്പാപ്പ

പതിനൊന്നാം പിയൂസിന്റെ രാഷ്ട്രമീമാംസാപടുതയും നയതന്ത്രവൈശിഷ്ട്യവും വിശാലഹൃദയതയും ലോകപ്രസിദ്ധമാണു്. ഈ ഗുണവിശേഷങ്ങളെല്ലാം അവിടുന്നു ഈ പ്രശ്നപരിഹാരത്തിൽ കേന്ദ്രീകരിച്ചുവെന്നു പറയാം. മഹാശയനും കർമ്മധീരനുമായ കർദ്ദിനാൾ ഗസ്പാരിയെ ഇക്കാര്യനിർവ്വഹണത്തിനു് തിരുമനസ്സുകൊണ്ടു തിരഞ്ഞെടുത്തു. ഇററലിയും വത്തിക്കാനുമായുള്ള ഒത്തുതീർപ്പാലോചനകൾ രണ്ടുകൊല്ലക്കാലം പരമരഹസ്യമായി നടന്നുകൊണ്ടിരുന്നു എന്നറിയുമ്പോൾ എത്ര സനിഷ്കർഷമായ നടപടികളാണു് അവലംബിക്കപ്പെട്ടുപോന്നതെന്നു ഗ്രഹിക്കാമല്ലോ. ഒത്തുതീർപ്പുസംബന്ധിച്ച എല്ലാം ആലോചനകളും പൂർത്തിയാക്കി ഉടമ്പടിയുടെ രൂപം പൂർണ്ണമായും നിശ്ചയിച്ചുശേഷമാണു് വത്തിക്കാനിലെ നയകോവിദസംഘത്തിനുപോലും ഈ പര്യാലോചനകളെപ്പററി അറിവായതു്. ഒപ്പിടുന്നതിനു മൂന്നുദിവസം മുമ്പു് കർദ്ദിനാൾ ഗസ്പാരി വത്തിക്കാനിലെ നയതന്ത്രപ്രധാനന്മാരെ മാർപ്പാപ്പായുടെ നിർദ്ദേശമനുസരിച്ചു് അടിയന്തിരമായി വിളിച്ചുകൂട്ടി. പരിശുദ്ധ പിതാവുതന്നെ രണ്ടുകൊല്ലക്കാലത്തെ അവിടുത്തെ പര്യാലോചനകളുടെ ചരിത്രത്തേയും അവയുടെ വിവിധ പരിണാമങ്ങളേയും റോമാസിംഹാസനത്തിന്റെ അന്തസ്സിനും അവകാശതാല്പര്യങ്ങൾക്കും ലോപം കൂടാതെയും എന്നാൽ അത്യുദാരമായ വിട്ടുവീഴ്ചകൾ അനുവദിച്ചും രൂപീകരിച്ചിട്ടുള്ള ഒത്തുതീർപ്പുവ്യവസ്ഥകളേയും അവരുടെ മുമ്പിൽ സമർപ്പിച്ചു. ഈ ഉടമ്പടി, "ദിവ്യമായ അവകാശംമൂലം പരിശുദ്ധ സിംഹാസനത്തിനു് സ്വായത്തമായിട്ടുള്ളതും എല്ലാ കാലത്തും പരിശുദ്ധ സിംഹാസനം അവകാശവാദം നടത്തിയിട്ടുള്ളതുമായ നിലയെ സഫലമായി പരിരക്ഷിക്കത്തക്കവിധ"ത്തിലാണു് തയാറാക്കിയിട്ടുള്ളതെന്നു തിരുമേനി അവരോടു പ്രസ്താവിച്ചു.



വത്തിക്കാനിലെ സെൻറു് പീറേറഴ്സ് ബസ്സിക്കായും അരമനയും

പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ കിരീടധാരണദിവസമായ ഫെബ്രുവരി 12-ാം തിയതിയുടെ തലേദിവസം ഇററലിയിലെ എല്ലാ ഇടവകവികാരിമാരും നോമ്പുകാലപ്രസംഗകന്മാരും പതിവുപോലെ അവിടുത്തെ അഭിവാദ്യം ചെയ്യുന്നതിനും മംഗളങ്ങൾ ആശംസിക്കുന്നതിനും റോമയിൽ സമ്മേളിച്ചിരുന്നു. സാധാരണനതിയിൽ സന്ദർശനപരിപാടികൾ തുടർന്നു. പരിശുദ്ധ പിതാവിന്റെ പ്രഭാഷണത്തിനിടയ്ക്കു മണി 12 അടിച്ചു. പെട്ടെന്നു പ്രഭാഷണം നിർത്തിയിട്ടു് വികാരഭരിതനായി തിരുമേനി പറഞ്ഞു: "ഇന്നു്, ഈ മണിക്കൂറിൽ, മിക്കവാറും ഈ നിമിഷത്തിൽ നമ്മുടെ ലാററാൻ കൊട്ടാരത്തിൽവച്ചു ഒത്തുതീർപ്പുകരാറും ഉടമ്പടിയും ഒപ്പിട്ടുകൊണ്ടിരിക്കയാണു്......" എത്ര അപ്രതീക്ഷിതവും അത്ഭുതാവഹവുമായിരുന്നു ഈ പ്രഖ്യാപനമെന്നു പറയേണ്ടതില്ലല്ലോ. തിരുമേനി പ്രഭാഷണം തുടന്നു. അതിന്റെ അവസാനത്തിൽ ഈ ഒത്തുതീർപ്പിനെ സംബന്ധിച്ചു് ലോകം മുഴുവനിലും തന്നെ ഉണ്ടാകാമായിരുന്ന അഭിപ്രായവ്യത്യാസങ്ങളേയും കക്ഷിതിരിവുകളേയും ഉദ്ദേശം ചെയ്തുകൊണ്ടു് പരിശുദ്ധ പിതാവു് ഒരു അഭ്യത്ഥന നടത്തി. "റോമൻ പ്രശ്ന"ത്തിന്റെ ദുർഘടകരമായ സ്വഭാവത്തേയും അതിന്റെ തീരുമാനത്തിൽ ദീക്ഷിച്ചിട്ടുള്ള തത്വങ്ങളേയും അതുമൂലം സഭാപ്രവത്തനത്തിൽ ലഭ്യമാകാവുന്ന ഗുണഗണങ്ങളേയും പൊതുജനങ്ങൾക്കു വിശദമായി വിവരിച്ചുകൊടുക്കണമെന്നായിരുന്നു പ്രസ്തുത ശുപാശ. പരിശുദ്ധ പിതാവിന്റെ അഭിലാഷങ്ങൾ പൂത്തിയായി.

"റോമൻ പ്രശ്നം" പരിഹൃതമായി എന്നുള്ള വാത്ത കാട്ടുതീപോലെ പടന്നു. ഉന്മേഷഭരിതരായ ജനത അവരുടെ നിസ്സീമമായ സന്തോഷത്തിൽ ആത്തുവിളിച്ചു ഉള്ളിച്ചാടി. ഇററലിയിൽ എല്ലാ ഔദ്യോഗികമന്ദിരങ്ങളുടെയും സ്ഥാപനങ്ങളുടെയും മുകളിൽ രാജ്യപതാകയോടൊപ്പം പേപ്പൽപതാകയും ഉയന്നു പാറിപ്പറന്നു. ആലക്തികദീപാവലികൾ ഹൃദയം കവരുന്നവിധത്തിൽ മണിമന്ദിരങ്ങളിൽ പ്രകാശദീപ്തി പരത്തി. പിറേറദിവസം രാവിലെമുതൽ ജനങ്ങൾ കൂട്ടംകൂട്ടമായി വിശുദ്ധ പത്രോസിന്റെ ദേവാലയാങ്കണത്തിലേക്കു് പ്രവഹിച്ചുകൊണ്ടിരുന്നു. ദുസ്സഹമായ തണുപ്പോ കോരിച്ചൊരിഞ്ഞ മഴയോ ആരും ഗണ്യമാക്കിയില്ല. ദേവാലയത്തിനകത്തു സ്ഥലം കിട്ടിയ എഴുപതിനായിരംപേക്കു പുറമെ അങ്കണത്തിൽ രണ്ടുലക്ഷത്തിലധികം പേർ തടിച്ചുകൂടിയിരുന്നു. സുദീർഘമായ 59 കൊല്ലക്കാലം വത്തിക്കാനിൽ സ്വയം തടവുകാരനായി കഴിഞ്ഞുകൂടിയിരുന്ന പരിശുദ്ധ പാപ്പാ സ്വതന്ത്രനായ ധാമ്മികസമ്രാട്ടായി, പ്രതാപവാനായ പോപ്പുരാജനായി ആ മദ്ധ്യാഹ്നസമയത്തു കർദ്ദിനാൾ സംഘത്തിന്റെയും പേപ്പൽ പരിവാരങ്ങളുടേയും അകമ്പടിയോടുകൂടി വീണ്ടും വിശുദ്ധ പത്രോസിന്റെ ബസ്സിക്കായുടെ ചരിത്രപ്രസിദ്ധമായ സമുന്നതമട്ടുപ്പാവിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ആ മനുഷ്യമഹാസമുദ്രത്തിന്റെ ആവേശപ്രകർഷം അന്തരീക്ഷത്തെ ഭേദിച്ചുകളഞ്ഞു. പരിശുദ്ധ പിതാവു് ജനലക്ഷങ്ങളെ ആർദ്രപൂർവ്വം അഭിവാദനം ചെയ്താശീർവദിച്ചു. ഇപ്രകാരം സമുൽഘാടനം ചെയ്യപ്പെട്ട വത്തിക്കാൻ സംസ്ഥാനത്തിന്റെ സ്ഥാപനരജതജൂബിലിയാണു് ഇപ്പോൾ ആചരിക്കപ്പെടുന്നതു്.

വത്തിക്കാൻസംസ്ഥാനം ലോകത്തുള്ളതിൽ ഏററം ചെറിയ രാജ്യമാണു്. അതിനു 109 ഏക്കർ വിസ്തീർണ്ണവും 700-ൽ കവിയാത്ത ഒരു പൗരസംഖ്യയുമാണുള്ളതു്. കർദ്ദിനാളന്മാക്കു മാത്രമേ വത്തിക്കാൻ പൗരത്വത്തിന്നവകാശമുള്ളു. മററുള്ളവക്കെല്ലാം മാർപ്പാപ്പാ ആവശ്യാനുസാരം പൗരാവകാശം നൽകുകയാണു്. ജന്മാവകാശത്താൽ ആരും വത്തിക്കാൻ പൗരനാകുന്നില്ല. പൗരന്മാരായും അല്ലാതേയും വത്തിക്കാൻ താമസക്കാരായി ആകെ ആയിരം പേർ വരികയില്ല. സംസ്ഥാനത്തിനു പുറത്തായി കാസ്റ്റൽ ഗണ്ടോൾഫോ, സെൻറു മേരിമേജർ, സെൻറു പാൾസ് മുതലായ ഏതാനും സ്ഥലങ്ങൾകൂടി ലാറററൻ ഉടമ്പടിമൂലം മാർപ്പാപ്പായുടെ അധീനതയിലുള്ളതാണു്. സ്ഥലവിസ്തൃതിയിലും ജനസംഖ്യയിലും ഏററം ചെറിയ ഒരു സ്റ്റേറാണു് വത്തിക്കാനെങ്കിലും ആധുനികലോകത്തിൽ ഏതു സ്വതന്ത്രരാഷ്ട്രത്തിനുമുള്ള എല്ലാ അധികാരാവകാശങ്ങളും അതിനുണ്ടു്. അതിനു സ്വന്തമായൊരു നാണയക്കമ്മട്ടമുണ്ടു്. ഗതാഗതത്തിനും വാത്താവിതരണത്തിനും ആവശ്യകമായ എല്ലാ സ്വാതന്ത്ര്യങ്ങളും സ്ഥാപനങ്ങളുമുണ്ടു്. തീവണ്ടിയുണ്ടു്, തപാലുണ്ടു്, കേബിളുണ്ടു്, റേഡിയോയുണ്ടു്. സമരകാലങ്ങളിൽപോലും വത്തിക്കാനു് ലോകത്തുള്ള ഏതൊരു രാജ്യവുമായി നേരിട്ടു ഇടപെടുന്നതിനുള്ള രാജ്യാന്തരസ്വാതന്ത്ര്യമുണ്ടു്. ലോകത്തിന്റെ ഏതു ഭാഗങ്ങളിൽനിന്നും പരിശുദ്ധപിതാവിനെ സന്ദർശിക്കാൻ വരുന്ന മെത്രാന്മാക്കും വൈദികപ്രമുഖന്മാക്കും പരിശുദ്ധസിംഹാസനവുമായി നയതന്ത്രബന്ധം പുലർത്തുന്ന രാജ്യപ്രതിനിധികൾക്കും ഇററാലിയൻ ഗവമ്മെണ്ടു് ഒരുകാലത്തും ഒരു പ്രതിബന്ധവും ഉണ്ടാക്കുന്നതല്ല. വലുതും ചെറുതുമായ അമ്പതിൽ പരം രാഷ്ട്രങ്ങൾ വത്തിക്കാനുമായി നയതന്ത്രബന്ധം പുലത്തിക്കൊണ്ടിരിക്കുന്നുണ്ടു്. വത്തിക്കാൻ പൗരന്മാർ യാതൊരു നികുതിയും കൊടുക്കേണ്ടതില്ല. ഇങ്ങനെയുള്ള നിരവധി അവകാശസ്വാതന്ത്ര്യങ്ങളാണു് ലാറററൻ ഉടമ്പടിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു്.

ഈ ഉടമ്പടി ഉണ്ടാക്കുന്നതിനു വേണ്ടി, ദീർഘകാലമായി നിലവിലിരുന്ന അനാരോഗ്യമായ ശത്രുതയെ അവസാനിപ്പിക്കുന്നതിനുവേണ്ടി, പരിശുദ്ധസിംഹാസനം വളരെ ഉദാരമായ വിട്ടുവീഴ്ചകളാണു ചെയ്തിട്ടുള്ളതു്. ഇററലി അന്യായമായി കയ്യടക്കിവച്ചിരുന്ന വിസ്തൃതമായ രാജ്യവിഭാഗങ്ങളിൽ കേവലം പരിമിതമായ വത്തിക്കാൻ സംസ്ഥാനവും പുറത്തുള്ള അത്യാവശ്യമായ ചില സ്ഥാപനങ്ങളും ഒഴിച്ചു ബാക്കി മുഴുവനും ഇററലിക്കു സ്വതന്ത്രമായി വിട്ടൊഴിഞ്ഞുകൊടുത്തു. ഇക്കാര്യത്തിൽ പരിശുദ്ധപിതാവു് അവലംബിച്ചതു വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ മനോഭാവമാണെന്നാണു് അവിടുന്നുതന്നെ പ്രസ്താവിച്ചതു്. "ആത്മാവിനെ ശരീരത്തോടു ഒന്നിച്ചു നിത്തുവാൻ ആവശ്യമുള്ളതുകൊണ്ടുമാത്രം" നാം തൃപ്തിപ്പെടണം. വാസ്തവത്തിൽ പരിശുദ്ധപിതാവിന്റെ ഈ നിലപാടിൽ തത്വദീക്ഷയുടേയും, അവകാശസംരക്ഷണത്തിന്റേയും, ത്യാഗമനോഭാവത്തിന്റേയും, കാര്യനിവ്വഹണപാടവത്തിന്റേയും സമുന്നതമായ ഒരാദർശമാണു് നാം കാണുന്നതു്. അതിന്റെ ഫലങ്ങളോ, എത്ര മനോഹരങ്ങളായിരിക്കുന്നു! സഭാഭരണം സംബന്ധിച്ചു സവ്വവിധ സ്വാതന്ത്ര്യങ്ങളും ലോകമാസകലമുള്ള കത്തോലിക്കരോടു നേരിട്ടുള്ള സമ്പക്കവും അതു പ്രദാനം ചെയ്യുന്നു. ലോകൈക

ധാർമ്മികസമ്രാട്ടായ മാർപ്പാപ്പാ ജനതകൾക്കു സത്യത്തിന്റേയും ധർമ്മത്തിന്റേയും സ്നേഹത്തിന്റേയും സുവിശേഷതത്വങ്ങൾ അറിയിച്ചുകൊടുക്കുന്നതിനും ലോകസമാധാനത്തേയും സുസ്ഥിതിയേയും കെട്ടിപ്പടുക്കുന്നതിനും വേണ്ട സേവനസൗകര്യങ്ങൾ അതു പ്രദാനം ചെയ്യുന്നു. തമ്മിൽതമ്മിൽ മത്സരിച്ചുകൊണ്ടിരിക്കുകയും യുദ്ധഭീതികൾ വമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന രാഷ്ട്രശക്തികൾക്കിടയിൽനിന്നു ശാന്തിയുടെ ദൗത്യം ഉദിക്കണം ചെയ്യുന്നതിനു ഇതുമൂലം ഈ സമാധാനദൂതനു സാദ്ധ്യതവർദ്ധിക്കുന്നു. ഏവംവിധം കത്തോലിക്കാസഭയ്ക്കു ഫലപ്രദമായി പ്രവർത്തിക്കുന്നതിനും ലോകജനതയ്ക്കു രക്ഷാകരമായ ദൗത്യം ശ്രവിക്കുന്നതിനും സേവനസഹായങ്ങൾ ലഭിക്കുന്നതിനും യുദ്ധോന്മുഖരായ രാഷ്ട്രശക്തികൾക്കു ധാർമ്മികതത്വത്തിന്റെ കടിഞ്ഞാണിട്ടു നീതിബോധത്തിലേക്കും സമാധാനത്തിലേക്കും അവരെ നയിക്കുന്നതിനും ഈ ഉടമ്പടിമൂലം സുഗമമായ വഴിതെളിക്കപ്പെട്ടിരിക്കയാണു്. ഏവംവിധം ലാറററൻ ഉടമ്പടിയുടേയും വത്തിക്കാൻ സംസ്ഥാനത്തിന്റെ ഉൽഘാടനത്തിന്റെയും രജതജൂബിലിയവസരം എല്ലാ ജനതയുടേയും ശ്രദ്ധയെ സമാകർഷിക്കേണ്ടതും അതിന്റെ ദൗത്യം സഫലമാകുന്നതിനു് എല്ലാവരും ഒത്തൊരുമിച്ചു സഹകരിച്ചു പ്രവർത്തിക്കേണ്ടതുമല്ലയോ?

## പ്രസാധകക്കുറിപ്പുകൾ

### മെത്രാന്റെ സർക്കുലറിനെപ്പററി നെഹ്റുവിന്റെ അഭിപ്രായം

പണ്ഡിററ് നെഹ്റു തിരഞ്ഞെടുപ്പുപ്രചരണത്തിനായി തിരുക്കൊച്ചിയിലേക്കു പോരാനൊരുങ്ങി ഹൈദ്രാബാദിൽനിന്നു് കോയമ്പത്തൂർക്കുള്ള വിമാനത്തിൽ കയറാൻ ചെന്നപ്പോൾ പത്രപ്രതിനിധികൾ ഒരു സർക്കുലർ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെടുത്തി— ഈ തിരഞ്ഞെടുപ്പിൽ കത്തോലിക്കർ ഇടതുപക്ഷഐക്യമുന്നണിക്കു് വോട്ടുചെയ്യരുതെന്നു് ഉദ്ബോധിപ്പിക്കുന്ന വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ സർക്കുലർ— ഒരു മതാദ്ധ്യക്ഷൻ മതത്തിന്റെ സ്വാധീനം തിരഞ്ഞെടുപ്പുകളിൽ ചെലുത്തുന്നതു് സമീചീനമാണോ എന്നു് അവർ അദ്ദേഹത്തോടു ചോദിച്ചു. അതിനു അദ്ദേഹം ഇങ്ങനെ മറുപടി നൽകി: "ഈ സർക്കുലർ ഞാൻ വായിച്ചിട്ടില്ല. എന്നാൽ എന്റെ അഭിപ്രായത്തിൽ ഏതു വ്യക്തിക്കും തന്റെ സ്വന്ത അഭിപ്രായം പ്രകടിപ്പിക്കുവാൻ അവകാശമുണ്ടു്. ഏതായാലും ഭീഷണിയുടെ രൂപത്തിൽ മതത്തെ കൊണ്ടുവന്നു ചാടിക്കുന്നതു ആശാസ്യമാണെന്നു് ഞാൻ വിചാരിക്കുന്നില്ല. സർക്കുലർ പുറപ്പെടുവിച്ച സാഹചര്യങ്ങളേയും സർക്കുലറിന്റെ ഉള്ളടക്കത്തേയുമാണു് അതെല്ലാം ആശ്രയിച്ചിരിക്കുന്നതു്. സർക്കുലർ ഞാൻ കണ്ടതിനുശേഷമേ അതിനെപ്പററി ഖണ്ഡിതമായ അഭിപ്രായം പ്രകാശിപ്പിക്കുവാൻ എനിക്കു സാധിക്കൂ. മതത്തെ രാഷ്ട്രീയപ്രസ്ഥാനത്തിലൊന്നിലും കൊണ്ടുവന്നു ചാടിക്കരുതു്. നമ്മുടെ ഭരണഘടനതന്നെയും തിരഞ്ഞെടുപ്പുചട്ടങ്ങളും അക്കാര്യം ഊന്നിപ്പറഞ്ഞിട്ടുണ്ടു്." ഹിന്ദു പത്രത്തിൽ കണ്ട റിപ്പോർട്ടാണു് ഇവിടെ ഞങ്ങൾ ചേർത്തിരിക്കുന്നതു്. എന്നാൽ കോട്ടയത്തുവച്ചു ചെയ്ത പ്രസംഗത്തിൽ നെഹ്റു സ്വമേധയാ ഈ വിഷയത്തെപ്പററി പരാമർശിക്കുകയുണ്ടായി. അതു "ഹിന്ദു" ഇങ്ങനെ റിപ്പോർട്ടുചെയ്യുന്നു.

### കോട്ടയത്തെ പ്രസംഗത്തിലും പരാമർശിച്ചു

ഇവിടത്തെ പ്രതിപക്ഷപാർട്ടികളുടെ അംഗങ്ങൾ എന്റെ ദൃഷ്ടിയിൽ പെടുത്തിയ ഒരു വിഷയത്തെപ്പററി ചുരുക്കത്തിൽ പ്രസ്താവിക്കുവാൻ എനിക്കു് ആഗ്രഹമുണ്ടു്. ബിഷപ്പു് പുറപ്പെടുവിച്ച സർക്കുലറിനെപ്പററി അവർ എനിക്കെഴുതി. സർക്കുലർ മലയാളത്തിലാണെന്നു ഞാൻ വിചാരിക്കുന്നു. എനിക്കു മലയാളം വായിക്കുവാൻ വശമില്ല. അതിന്റെയൊരു ചുരുക്കം ഇംഗ്ലീഷിൽ ഞാൻ കണ്ടു. ബിഷപ്പു് ചെയ്യുന്നതോ ചെയ്യാത്തതോ വിമർശിക്കുക എന്റെ അധികാരത്തിൽപ്പെട്ടതല്ല. ഒരു കോൺഗ്രസ്സുകാരൻ ചെയ്യുന്നതു എന്റെ താല്പര്യത്തിൽ പെട്ടതാണു്. ബിഷപ്പു് ചെയ്യുന്നതോ ചെയ്യാത്തതോ എന്റെ കാര്യമല്ല. അദ്ദേഹത്തിനറിയാം തന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതെങ്ങനെയെന്നു്. മററാരേയുംപോലെ അദ്ദേഹം ഒരു പൗരനാണു്. തന്റെ അഭിപ്രായം പ്രകാശിപ്പിക്കുവാൻ അദ്ദേഹത്തിനവകാശമുണ്ടു്. അദ്ദേഹത്തിന്റെ അഭിപ്രായം തെററോ ശരിയോ ആകാം. എന്നാൽ ഓരോരുത്തനും മററു ആരേയുംപോലെ അവകാശമുണ്ടു് തന്റെ അഭിപ്രായം പ്രകാശിപ്പിക്കുവാൻ. വ്യക്തിപരമായി ഞാൻ ഇഷ്ടപ്പെടുന്നില്ല മതവും രാഷ്ട്രീയവും കൂട്ടിക്കുഴയ്ക്കുന്നതു്. ഒരർത്ഥത്തിൽ അതിനെതിരായി ഞാൻ പൊരുതിപ്പോന്നിരുന്നു. മതേതരരാഷ്ട്രീയം എന്നു വിളിക്കപ്പെടുന്നതിനുവേണ്ടി സ്വതന്ത്ര്യഇൻഡ്യയിൽ പ്രത്യേകിച്ചും ഞാൻ പൊരുതിക്കൊണ്ടുപോന്നിരുന്നു. വരവരച്ചു് രണ്ടുംതമ്മിൽ പരിച്ഛേദം വേർതിരിക്കുന്നതു് ചിലപ്പോൾ വിഷമകരമാണെന്നു് എനിക്കറിയാം. സകല മതങ്ങളും ചിലതരം സാമ്പത്തികസിദ്ധാന്തം ഇന്നു അംഗീകരിക്കുന്നുണ്ടു്. ഒരർത്ഥത്തിൽ കമ്മ്യൂണിസംതന്നെ പ്രയോഗത്തിൽ ഒരു മതമാണു്. ആളുകൾ അതിൽ വിശ്വസിക്കുന്നതു യാതൊരു യുക്തിയോ ബുദ്ധിയോ കൂടാത്ത ഉഗ്രവിശ്വാസത്തോടുകൂടിയാണു്. വിധിവിഹിതത്തിൽ ആളുകൾ വിശ്വസിക്കുന്നതുപോലെതന്നെ. കമ്മ്യൂണിസത്തിന്റെ പ്രത്യാഘാതം ചില രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റുവിരുദ്ധപ്രസ്ഥാനമായി രൂപാന്തരപ്പെടുകയുണ്ടെന്നും മതപരമായ ആവേശം എന്നു വിളിക്കപ്പെടാവുന്ന ആഴമായ ഉത്തേജനത്തോടുകൂടി വികസിക്കപ്പെടുന്നുണ്ടെന്നും കൂടി പറയാവുന്നതാണു്. ശാന്തതയോ യുക്തിയോ ഇല്ലാതെയും ഏതാണ്ടു് അന്ധമായ വികാരാവേശത്തോടുകൂടിയും കാര്യങ്ങളെപ്പററി സംസാരിക്കുവാൻ ആളുകൾ തുടങ്ങുമ്പോൾ അതു് യുക്തിയുക്തമായ ന്യായവാദമല്ലാതായിത്തീരുന്നു. ഞാൻ ഇതൊക്കെ പറയുന്നതു് പ്രകൃതത്തിന്റെ വിഷമകരമായ നില ചൂണ്ടിക്കാണിക്കുവാൻ വേണ്ടിയാണു്. ബിഷപ്പിന്റെ സർക്കുലറെ സംബന്ധിച്ചിടത്തോളം അക്കാര്യത്തിൽ പ്രവേശിക്കുവാൻ എനിക്കു കഴിയുന്നതെങ്ങനെയെന്നു് ഞാൻ കാണുന്നില്ല. തിരഞ്ഞെടുപ്പുകളോടു് ഗാഢബന്ധമുള്ള സകലരും അവയെ പരിപൂർണ്ണമായും നീതിയുക്തവും സ്വതന്ത്ര്യവുമാക്കാൻ ശ്രമിക്കണമെന്നു മാത്രം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ബലത്തിന്റെ പ്രയോഗം എന്ന നിലയിലെത്തുന്ന യാതൊന്നും ചെയ്തുകൂടാ. (ഇതും നെഹ്റു)

വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ സർക്കുലറിൽ നീതിയുക്തവും സ്വതന്ത്ര്യവുമായ തിരഞ്ഞെടുപ്പിനെതിരായും ബലത്തിന്റെ പ്രയോഗമെന്നു് വ്യാഖ്യാനിക്കാവുന്നതായും യാതൊന്നുമില്ലെന്നു് അതു വായിക്കുന്ന ഏതൊരു നിഷ്പക്ഷബുദ്ധിക്കും ബോദ്ധ്യപ്പെടും. തിരുസഭയുടെ തത്വോപദേശങ്ങളുടെ വെളിച്ചത്തിലും തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഇടതുപക്ഷപാർട്ടികളുടെ സ്വഭാവത്തിന്റേയും കൂട്ടുകെട്ടിന്റേയും പരിതസ്ഥിതിയിലും കത്തോലിക്കരുടെ കർത്തവ്യമെന്തെന്നു് അവരെ ഉദ്ബോധിപ്പിക്കുകമാത്രമാണു് സർക്കുലറിൽ ചെയ്തിരിക്കുന്നതു്.

* * *

### ഇലക്ഷൻ കോടതിയുടെ വിധി

മെത്രാപ്പോലീത്താ തിരുമനസ്സിലെ സർക്കുലറിനെപ്പററി ഇപ്പറഞ്ഞതു് രാജ്യരക്ഷാനിയമദൃഷ്ടിയിൽപോലും ശരിയാണെന്നു കാണിക്കുവാൻ ഇലക്ഷൻ കോടതിയുടെ വാക്കുകൾതന്നെ ഉദ്ധരിക്കാം. കഴിഞ്ഞതിന്റെ മുമ്പിലത്തെ ലക്കത്തിലെ മുഖപ്രസംഗത്തിൽ ഞങ്ങളുദ്ധരിച്ചിരുന്ന ഇലക്ഷൻ കോടതിയുടെ ജഡ്ജ്മെന്റിൽ, ജഡ്ജിമാർ അംഗീകരണത്തോടുകൂടി ഉദ്ധരിച്ചിരുന്ന കേസുകളിലൊന്നിലെ വിധിവാക്യങ്ങൾ ശ്രദ്ധിച്ചാലും.

"വൈദികമോ ആദ്ധ്യാത്മികമോ ആയ സ്വാധീനശക്തിയെല്ലാം അനർഹമായിട്ടുള്ളതല്ല. വിവിധസ്ഥാനാർത്ഥികളുടെ ഭിന്നങ്ങളായ യോഗ്യതകളെപ്പററി വൈദികരും മററധികാരികളും തങ്ങളുടെ ദേവാലയങ്ങളിൽതന്നേയും ജനങ്ങളോടു് പ്രസംഗിക്കുന്നതും സഭാംഗങ്ങളെ ഉദ്ബോധിപ്പിക്കുന്നതും അവരുടെ ന്യായമായ സ്വാധീനശക്തിയുടെ ശരിയായ വിനിയോഗമാകുന്നു."

"കത്തോലിക്കാവൈദികനു് വലിയ സ്വാധീനശക്തി ഉണ്ടു്. അദ്ദേഹത്തിനുണ്ടായിരിക്കുകയുംവേണം. അദ്ദേഹത്തിന്റെ നില, അദ്ദേഹത്തിന്റെ പാവനമായ ഉദ്യോഗസ്വഭാവം മുതലായവയാൽ ഇതു അദ്ദേഹത്തിനു സംസിദ്ധമാകുന്നു. സമ്മതിദായകന്മാരുടെമേലുള്ള ആ സ്വാധീനശക്തിയുടെ ന്യായമായ വിനിയോഗത്തിൽ വൈദികനു് ഉപദേശിക്കുകയും, ശുപാർശചെയ്യുകയും, അഭ്യർത്ഥിക്കുകയും, സധാരണച്ചുമതലം നിർവ്വഹണത്തിനു് സ്വീകരിക്കേണ്ട ശരിയായ മാർഗ്ഗമെന്തെന്നു് ചൂണ്ടിക്കാണിക്കുകയുംചെയ്യാം; ഒരു സ്ഥാനാർത്ഥിയെക്കാൾ മറെറാരു സ്ഥാനാർത്ഥിയെ എന്തുകൊണ്ടു സ്വീകരിക്കണമെന്നു് വിശദീകരിച്ചുകൊടുക്കാം; ആവശ്യമെന്നു തോന്നിയാൽ സ്വന്ത ഔദ്യോഗികസ്വഭാവത്തിന്റെ ശക്തിമുഴുവൻ തുലാസിന്റെ ആ തട്ടിൽ നിക്ഷേപിക്കുകയും ചെയ്യാം. എന്നാൽ താൻ ആരോടു് പ്രസംഗിക്കുന്നുവോ അവരുടെ ഭയങ്ങളെയോ ആശങ്കകളെയോ അന്ധവിശ്വാസങ്ങളെയോ ഇളക്കിവിടരുതു്. ഈ ലോകത്തിലെയോ പരലോകത്തിലെയോ പ്രതിഫലത്തെപ്പററിയുള്ള യാതൊരു പ്രത്യാശകളും അവർക്കു നൽകരുതു്. താല്കാലികനഷ്ടങ്ങളെപ്പററിയോ പ്രാതികൂല്യങ്ങളെപ്പററിയോ; പരലോകത്തിലെ ശിക്ഷകളെപ്പററിയോ ഉള്ള യാതൊരു ഭീഷണികളുമുപയോഗിക്കരുതു്. മഹറോൻചൊല്ലുമെന്നോ കൂദാശകൾ മുടക്കുമെന്നോ അവരെ ഭയപ്പെടുത്തരുതു്."

ഈ വിധിവാക്യങ്ങളിൽ വിലക്കിയിരിക്കുന്നതൊന്നും പ്രസ്തുത സർക്കുലറിൽ ഇല്ലെന്നു സ്പഷ്ടമാണല്ലോ. പിന്നെന്തിനാണു് പ്രതിപക്ഷപാർട്ടികൾ വൈദികമേലദ്ധ്യക്ഷന്മാരുടെ ഇത്തരം നിർദ്ദേശങ്ങളെപ്പററി പരാതിപ്പെടുകയും ബഹളം കൂട്ടുകയും ചെയ്യുന്നതു്!

* * *

### സിലോൺപ്രധാനമന്ത്രി കമ്മ്യൂണിസ്റ്റുഭീഷണി കാണുന്നു

ലോകകാര്യങ്ങൾക്കായുള്ള ഇൻഡ്യൻ കൗൺസിലിന്റെ ഒരു യോഗം ന്യൂഡൽഹിയിലെ പാർലമെന്റു്ഹാളിൽ ജനുവരി 18-ാംതിയതി കൂടിയ സന്ദർഭത്തിൽ ഏഷ്യൻ രാജ്യങ്ങളുടെ ഐക്യത്തേയും പൊതുവായ വിപത്തുകളെ നേരിടുവാനുള്ള തയ്യാറെടുക്കലിനെയും ലക്ഷ്യമാക്കി സിലോൺ പ്രധാനമന്ത്രി ഉത്തേജകമായ ഒരു ആഹ്വാനം പുറപ്പെടുവിച്ചു. "നമ്മുടെ വാതിൽപടികളിൽതന്നെ നമ്മുടെ ശ്രദ്ധയെ ആകർഷിച്ചു നമുക്കു പൊതുവായ ഒരു സമരമുന്നണി നില്ക്കുന്നുണ്ടു്" എന്നദ്ദേഹം പറഞ്ഞു. "അതിനെ നേരിടുവാൻ നാം താമസംവരുത്തുമ്പോൾ കമ്മ്യൂണിസത്തിന്റെ പ്രാകൃതരൂപം നമ്മുടെ മീതെ തല ഉയർത്തുകയാണു്." പുതുതായി സ്വാതന്ത്ര്യം ലഭിച്ച ഏഷ്യൻരാജ്യങ്ങൾ വിദേശികളുടെ കൈകടത്തലിൽനിന്നു് ഏതുവിധേനയെങ്കിലും സംരക്ഷിക്കപ്പെടണം, ആ കൈകടത്തൽ "കമ്മ്യൂണിസ്റ്റു് പ്രവർത്തനങ്ങൾ വഴിയായാലും മററു് ഏതുവിധത്തിലായാലും" വിരോധമില്ല. "ഏഷ്യയിലെ കമ്മ്യൂണിസത്തിനു് സാർവ്വദേശീയപ്രസ്ഥാനത്തോടല്ലാതെ മററു ഒന്നിനോടും ദേശഭക്തിയില്ല; അതു നിർഭാഗ്യവശാൽ തഴച്ചു വളരാൻകാരണം നമ്മുടെ പ്രജായത്തജീവിതരീതിയനുസരിച്ചു നമ്മുടെ പൗരന്മാരുടെ സ്വാതന്ത്ര്യങ്ങൾ നാം ബഹുമാനിക്കുന്നുവെന്നതാണു്. കമ്മ്യൂണിസം നമ്മുടെ ജനങ്ങളുടെ മതപരവും സാംസ്കാരികവും സാമുദായികവുമായ പാരമ്പര്യങ്ങൾക്കു് പരിപൂർണ്ണമായും അന്യമായിട്ടുള്ളതാകുന്നു. അതിനെ നേരിടുന്നതിനു് തെക്കുകിഴക്കേ ഏഷ്യൻ രാജ്യങ്ങൾ യോജിച്ചുപ്രവർത്തിച്ചാൽ ഓരോ രാജ്യത്തിന്റേയും തനിച്ചുള്ള പരിശ്രമങ്ങളെക്കാൾ കൂടുതൽ ഫലം പുറപ്പെടുവിക്കാൻ കഴിയും." ഈ സിലോൺപ്രധാനമന്ത്രിക്കു സോവ്യററുഷ്യയുടെയും കമ്മ്യൂണിസ്റ്റു്ചൈനായുടെയും സാമ്രാജ്യമോഹത്തെക്കുറിച്ചു ശരിയായ ധാരണയുണ്ടു്. അതുകൊണ്ടാണല്ലോ സിലോണിൽ കമ്മ്യൂണിസ്റ്റു്പ്രചരണത്തിനുള്ള സൗകര്യങ്ങൾ അദ്ദേഹം നിഷേധിച്ചുകൊണ്ടിരിക്കുന്നതു്. സ്വരാജ്യത്തിന്റെ സുരക്ഷിതത്വം സാധിക്കുന്നകാര്യത്തിൽ നിഷ്പക്ഷതയുടെപേരിൽ യാതൊരു വിട്ടുവീഴ്ചയും അനുവദിക്കുവാൻ അദ്ദേഹം തയ്യാറില്ല. ഇതിൽനിന്നും എത്രയോ വ്യത്യസ്തമാണു് ഇൻഡ്യയിലെക്കാര്യം. സ്വാതന്ത്ര്യത്തിന്റെയും നിഷ്പക്ഷതയുടെയും നാമത്തിൽ വിദേശികളായ കമ്മ്യൂണിസ്റ്റു് നേതാക്കന്മാർക്കു പ്രചരണത്തിനുള്ള സകല സൗകര്യങ്ങളും നമ്മുടെ ഗവർമ്മെന്റുകേന്ദ്രത്തിലും സംസ്ഥാനങ്ങളിലും നിർബന്ധം നൽകിക്കൊണ്ടിരിക്കുന്നതു കഷ്ടം എന്നല്ലാതെ എന്തുപറയട്ടെ!

* * *

### ബംഗാൾ പി. എസ്സ്. പി. നേതാവിന്റെ കമ്മ്യൂണിസ്റ്റു് വിരുദ്ധത

"ഇൻഡ്യയിൽ കമ്മ്യൂണിസ്റ്റു് നിയന്ത്രണമുണ്ടാകുക എന്നു വച്ചാൽ റഷ്യൻനിയന്ത്രണമുണ്ടാകുകയെന്നാണർത്ഥം. ഇൻഡ്യയുടെ വിലയേറിയ സ്വാതന്ത്ര്യം അതോടെ അവസാനിക്കുകയും ചെയ്യും. ഇതുകൊണ്ടുമാത്രമായില്ല. ഇന്ത്യയിൽകമ്മ്യൂണിസ്റ്റുകൾ ഗവമ്മെണ്ടു് രൂപീകരിക്കുകയാണെങ്കിൽ ആ നിമിഷംമുതൽ ഈ നാടിന്റെ ജീവൻ അപകടത്തിലായതുതന്നെ" എന്നിപ്രകാരമാണു് പശ്ചിമബംഗാൾ സ്റ്റേററു് പി. എസ്സ്. പി. സമ്മേളനത്തിൽ പ്രസംഗിക്കവേ അവിടത്തെ പ്രജാസോഷ്യലിസ്റ്റു്പാർട്ടി പ്രസിഡൻറായ ഡോക്ടർ സുരേഷ് ചന്ദ്രബാനർജി പ്രസ്താവിച്ചതു്.

അദ്ദേഹം തുടർന്നു: കമ്മ്യൂണിസ്റ്റു് ബുക്കുസ്റ്റോളുകളിൽ വില്ക്കപ്പെടുന്ന സാഹിത്യം റഷ്യനും ചൈനീസും സാഹിത്യമാണു്. കമ്മ്യൂണിസ്റ്റുകൾ ജനാധിപത്യവാദികളേയല്ല. അവർ ജനാധിപത്യമെന്നു പറയുന്നതു ബലംപ്രയോഗിച്ചുള്ള ഭരണത്തെയാണു്. സംസാരസ്വാതന്ത്ര്യവും സംഘടിക്കുവാനുള്ള സ്വാതന്ത്ര്യവും വ്യക്തിയിൽനിന്നു എടുത്തുകളയുന്ന ഒരു പാർട്ടിയുടെ സ്വേച്ഛാധിപത്യമാണു് അവരുടെ ഭരണസമ്പ്രദായം. അമ്മാതിരിയൊരു സ്വേച്ഛാധിപത്യം ഇൻഡ്യയുടെ സംസ്കാരത്തിനും, പാരമ്പര്യത്തിനും, ജനാധിപത്യ ആശയത്തിനും എതിരായിട്ടുള്ളതാണു്.

കമ്മ്യൂണിസ്റ്റു്പാർട്ടിയെപ്പററിയുള്ള പി. എസ്സ്. പി. നേതാവിന്റെ അപലപനം എത്ര ശരിയായിരിക്കുന്നു. എന്നിട്ടാണു് തിരുകൊച്ചിയിലെ പി. എസ്സ്. പി. കമ്മ്യൂണിസ്റ്റുകാരുമായി കൂട്ടുപിടിക്കുകയും അതുവഴി അവരുടെ ശക്തി വർദ്ധിക്കുവാൻ വഴിവച്ചുകൊടുക്കുകയും ചെയ്യുന്നതു്.

* * *

### ഐ. മു. പ്രകടനപത്രിക വോട്ടന്മാരെ വഞ്ചിക്കുവാൻ മാത്രം

ഇടതുപക്ഷ ഐക്യമുന്നണി പുറപ്പെടുവിച്ചിരിക്കുന്ന പ്രകടനപത്രികയിൽ, "സാമാന്യജനങ്ങളുടെ താല്പര്യം സംരക്ഷിക്കുവാൻ അനേകം കാര്യങ്ങൾ ചെയ്യുവാൻ തയ്യാറുള്ള ഒരു ഗവമ്മെൻറു് രൂപീകരിക്കുമെന്നു" പ്രഖ്യാപിച്ചിട്ടുണ്ടു്, കാർഷികരംഗത്തും വ്യവസായരംഗത്തും വിദ്യാഭ്യാസരംഗത്തുംമററും ഇന്നുള്ള സകല കുറവുകളും നീക്കി സകലർക്കും സുഖസമൃദ്ധി കൈവരുത്താമെന്നു് അതിൽ വാഗ്ദാനം ചെയ്തിട്ടുണ്ടു്. ഈ വാഗ്ദാനങ്ങളെല്ലാം പൊള്ളയാണെന്നും, വോട്ടറന്മാരുടെ കണ്ണിൽ പൊടിയിട്ടു് അവരെ അന്ധന്മാരാക്കി അവരുടെ വോട്ടുകൾ പിടിച്ചെടുക്കുവാനുള്ള തന്ത്രങ്ങളാണെന്നും, തെളിയിക്കുവാൻ ആ വാഗ്ദാനങ്ങളിൽ അവസാനത്തിലേതുമാത്രംമതി. "എല്ലാ ജനങ്ങളുടേയും ആരാധനാസ്വാതന്ത്ര്യത്തേയും മതസ്വാതന്ത്ര്യത്തേയും പരിപൂർണ്ണമായും സംരക്ഷിക്കും." എന്ന വാഗ്ദത്തം എടുക്കുക. ഐക്യമുന്നണിയിലെ പാർട്ടികൾ മാർക്സിസ്റ്റുകളാണല്ലോ. മാർക്സിസ്റ്റുകളുടെ വിശ്വാസസംഹിതയിൽ മതത്തിനു യാതൊരു സ്ഥാനവുമില്ല. മാർക്സിസ്റ്റുകൾ ശരിയായ മതസ്വാതന്ത്ര്യം അവർ ഭരിക്കുന്ന സ്ഥലങ്ങളിൽ ആർക്കും അനുവദിക്കുകയില്ല. അനുവദി

# ദി കാത്തലിക്കു് ബാങ്കു് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

## അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവൃത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1949 | 5,92,310 | 13,17,211 | 17,20,138 | 25,26,296 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,57,573 |
| 1951 | 5,95,750 | 19,39,775 | 25,13,624 | 32,22,250 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കുഞ്ചെറിയാ ററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ)


ക്കുന്നുണ്ടെന്നു കടലാസിൽ പായുന്നുവെങ്കിലും യഥാർത്ഥത്തിൽ മതമർദ്ദനമാണു അവിടങ്ങളിൽ നടക്കുന്നതു്. ഇതു സംബന്ധിച്ചു വരാപ്പുഴമെത്രാപ്പോലീത്താ തിരുമനസ്സിലെ വാക്കുകൾ കേട്ടാലും. "മാർക്സിസ്റ്റു് സിദ്ധാന്തങ്ങൾ കത്തോലിക്കാമതത്തിന്റെ മൂലതത്വങ്ങൾക്കു് കടകവിരുദ്ധമാണെന്നതിനു് പുറമെ ആ സിദ്ധാന്തങ്ങൾ സ്വീകരിച്ചിട്ടുള്ള രാഷ്ട്രീയകക്ഷികൾ എവിടെയെല്ലാം അധികാരത്തിൽ കയറിയിട്ടുണ്ടോ അവിടെയെല്ലാം കത്തോലിക്കാമതത്തെ വേരോടെ പിഴുതുകളയുന്നതിനു മർദ്ദനപരിപാടികളും നശീകരണനടപടികളുമാണു് അവർ കൈക്കൊണ്ടിട്ടുള്ളതു്. ഇതിനു എത്രയോ ചരിത്രസംഭവങ്ങളുണ്ടു നമ്മുടെ മുമ്പിലുള്ളതു്. അതിനാൽ ഏതൊരു മാർക്സിസ്റ്റുകക്ഷിയും അധികാരം കരസ്ഥമാക്കിയാൽ സഭയെ ജീവിക്കുവാൻ അനുവദിക്കുകയില്ലെന്നതു് തീർച്ചയാണു്."

ഒന്നിൽനിന്നറിയാം ബാക്കിയുള്ളതിന്റെ സ്വഭാവം. ഈ വാഗ്ദാനംപോലെ മററു വാഗ്ദാനങ്ങളും നിറവേറാത്തതും നിറവേററാൻ സാദ്ധ്യമല്ലാത്തതുമാണെന്നു് ആർക്കാണു് അറിഞ്ഞുകൂടാത്തതു്?

## അടുത്തയാഴ്ചയിൽ

ഫെബ്രുവരി

21 ഞാ: 60-ാം ഞായർ

22 തി: പത്രോസിന്റെ അന്ത്യോക്യസിംഹാസനം

23 ചൊ: പത്രോസ് ഡമിയാനോസ്

24 ബു: മത്തിയാ

25 വ്യാ: വലെന്തീനോസ്

26 വെ: അലക്സാണ്ടർ

27 ശ: ഗബ്രിയേൽ പൊസെന്തി


സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6— 8—0

ഇൻഡ്യക്കുപുറമെ " 8—12—0


## മാർപ്പാപ്പാതിരുമേനിക്കു് ആശ്വാസമുണ്ടു്

മാർപ്പാപ്പാ തിരുമനസ്സിലെ ആലസ്യത്തിനു വളരെ ഭേദമുണ്ടു്. തിരുമനസ്സുകൊണ്ടു് താമസിയാതെ പൂർണ്ണാരോഗ്യവാനായിത്തീരുമെന്നു പ്രത്യാശിക്കത്തക്കവിധമാണു് ഇപ്പോഴത്തെ രോഗാവസ്ഥ. അർദ്ധദ്രവരൂപത്തിലുള്ള ഭക്ഷണം കഴിക്കുവാൻ തിരുമേനിക്കു കഴിയുന്നുണ്ടു്. സാധാരണ സഭാകാര്യങ്ങൾ സംബന്ധിച്ചു് പ്രോ. സെക്രട്ടറി ഓഫ് സ്റ്റേററ് മോൺ. ജിയോവാനി ബാററിസ്റ്റാ മൊൺറീനിയെ സ്വീകരിച്ചു് ചർച്ചകൾ നടത്തുവാൻ മതിയായ ശരീരസൗഖ്യം തിരുമേനിക്കുണ്ടായിരിക്കുന്നു. തിരുമേനിക്കു പിടിപെട്ടിരുന്ന എക്കിൾ ഫെബ്രുവരി 2-ാംനുയോടുകൂടി നിശ്ശേഷം നീങ്ങി.

## കഥാപ്രസംഗ പ്രക്ഷേപണം

ആലുവാ — ജോസഫ് കൈമാപറമ്പൻ ഫെബ്രുവരി 20-ാം നു ശനിയാഴ്ച വൈകുന്നേരം 6-30 മുതൽ മഹാപാപത്തെപ്പററിയുള്ള ഉള്ളൂർകവിതയെ ആസ്പദിച്ചു ഒരു കഥാപ്രസംഗം ആൾ ഇൻഡ്യാ റേഡിയോയുടെ തിരുവനന്തപുരം സ്റ്റേഷനിൽനിന്നു പ്രക്ഷേപണം ചെയ്യുന്നതാണു്.

## തിരുകൊച്ചിവാർത്തകൾ

### ഈ തിരഞ്ഞെടുപ്പിൽ

1951-ൽ നടന്ന പൊതുതിരഞ്ഞെടുപ്പിനുശേഷം തിരുകൊച്ചിയിൽ വോട്ടർമാരുടെ എണ്ണം രണ്ടുലക്ഷത്തോളം വർദ്ധിച്ചിരിക്കുന്നു. അന്നു് 42,09,991 വോട്ടർമാരാണുണ്ടായിരുന്നതു്. ഇത്തവണയാകട്ടെ 44,10,958 പേരുണ്ടു്. 106 നിയോജകമണ്ഡലങ്ങളിലായി ആകെ 5,383 പോളിംഗ് ബൂത്തുകളാണു ഈ തിരഞ്ഞെടുപ്പിനുള്ളതു. കഴിഞ്ഞ തവണ 6,200 ബൂത്തുകളുണ്ടായിരുന്നു.

തിരുകൊച്ചി തിരഞ്ഞെടുപ്പിനുവേണ്ടി കേന്ദ്ര ഇലക്ഷൻ കമ്മീഷണറുടെ നിർദ്ദേശാനുസരണം അയക്കപ്പെട്ട 20 പെട്ടി ബാലററുപേപ്പറുകളിൽ 6 ലക്ഷം പേപ്പറുകൾ ഉൾക്കൊള്ളുന്ന 3 പെട്ടികൾ കാണാതായിരിക്കുന്നുവെന്നും ഒന്നു മുതൽ നാലുലക്ഷംവരെയും എട്ടു ലക്ഷത്തി ഒന്നു മുതൽ പത്തു ലക്ഷം വരെയും നമ്പറുകളുള്ള പ്രസ്തുത പേപ്പറുകൾ അസാധുവാക്കിയിരിക്കുന്നുവെന്നും ഇലക്ഷൻ കമ്മീഷണർ പ്രഖ്യാപിച്ചിരിക്കുന്നു. അസാധുവാക്കപ്പെട്ടിരിക്കുന്ന ബാലററുപേപ്പറുകൾകൊണ്ടു വോട്ടുചെയ്യാൻ ഉദ്യമിക്കുന്നവർ 6 മാസംവരെയുള്ള തടവുശിക്ഷയ്ക്കു പാത്രമാകുന്നതാണെന്നും അറിയിപ്പിൽ പറഞ്ഞിരിക്കുന്നു.

### പുതിയ ഹിന്ദിക്ലാസ്സ്

എറണാകുളം സിററി ഹിന്ദി പ്രചാരക് പണ്ഡിററ് സി. വി. ജോസഫ 1954 ആഗസ്റ്റു മാസത്തെ ഹിന്ദി പരീക്ഷകൾക്കു എല്ലാ ക്ലാസ്സുകളും സ്ഥലം സെഷ്യൽമിഡ് ഹിന്ദി മഹാവിദ്യാലയത്തിൽ 20-2-54 മുതൽ തുടങ്ങുന്നതും കോളേജിലും ഹൈസ്കൂളിലും പഠിക്കുന്നവർക്കു് രാവിലെ ക്ലാസ്സു പ്രത്യേകം നടത്തുന്നതുമാകുന്നു. തൊഴിലാളികൾക്കു രാത്രി 9 മുതൽ 10 വരെ ഒരു ക്ലാസ്സുകൂടി ഉണ്ടായിരിക്കുന്നതാണെന്നും അറിയുന്നു.

## ഇൻഡ്യാ വാർത്തകൾ

### കാശ്മീരിന്റെ തീരുമാനം

ഇൻഡ്യയോടു പൂർണ്ണമായി യോജിക്കുവാനുള്ള കാശ്മീർ കോൺസ്റ്റിററുവൻറു് അസംബ്ലിയുടെ തീരുമാനത്തെ നിഷേധിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു പാകിസ്ഥാൻ പ്രധാനമന്ത്രി മിഹമ്മദാലി ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്റുവിനു് ഒരു സന്ദേശമയച്ചിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

### ലാൻഡ് സെൻസസ്

1954 മാർച്ചു് അവസാനത്തിനകം വിവിധ സംസ്ഥാനങ്ങളിലെ ഭൂവുടമകളുടെയും കൃഷിഭൂമികളുടെയും സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കിക്കൊള്ളണമെന്നു് കേന്ദ്രഭക്ഷ്യകൃഷികാര്യവകുപ്പു് എല്ലാ സംസ്ഥാനഗവർമ്മെൻറുകൾക്കും നിർദ്ദേശം നൽകിയിരിക്കുന്നു.

### കയർബോർഡ്

സംസ്ഥാനങ്ങളിലെ കയർവ്യവസായത്തിന്റെ പൊതുവായ നിയന്ത്രണം കേന്ദ്രഗവർമ്മെൻറു് ഏറെറടുക്കുവാൻ തീരുമാനിച്ചിരിക്കുന്നതായറിയുന്നു. ഇതിനുവേണ്ടി അടുത്ത മാർച്ചു് മദ്ധ്യത്തോടുകൂടി ഒരു കയർബോർഡു് രൂപവൽകൃതമാകുന്നതാണു്. കയർനിർമ്മാണം, കയർ ഉല്പന്നങ്ങൾ, കയററുമതി, ആഭ്യന്തരവിപണികൾ മുതലായവ പ്രസ്തുത ബോർഡിന്റെ നിയന്ത്രണപരിധിയിൽ പെടുത്തുന്നതാണത്രെ.

### പെപ്സുവിലെ തിരഞ്ഞെടുപ്പ്

ഈ ഫെബ്രുവരി 17-ാംനു പെപ്സുസ്റ്റേററിൽ തിരഞ്ഞെടുപ്പു് ആരംഭിക്കുന്നതാണു്. പശ്ചിമപാകിസ്ഥാന്റെ അതിർത്തിമുതൽ ഡൽഹിവരെ നീണ്ടുകിടക്കുന്ന ഈ സംസ്ഥാനത്തു ഇതുവരെ ഒരു പാർട്ടിക്കും പൊതുജനനേതൃത്വം കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടില്ലെന്നാണു് റിപ്പോർട്ടുകളിൽനിന്നും കാണുന്നതു്. എങ്കിലും പല പാർട്ടികളുള്ളതിൽ ഒന്നാംസ്ഥാനം കോൺഗ്രസ്സിനാണെന്നറിയുന്നു. അവർമാത്രമേ അവിടത്തെ 60 സീററുകളിലും സ്ഥാനാർത്ഥികളെ നിറുത്തിയിട്ടുള്ളു. കോൺഗ്രസ്സു് കഴിഞ്ഞാൽ കൂടുതൽ പ്രാധാന്യമുള്ളതു് അകാലികക്ഷിക്കാണെന്നറിയുന്നു.

## വിദേശവാർത്തകൾ

### ഭക്ഷ്യോൽപാദനവും ജനസംഖ്യാവർദ്ധനവും

ലോകത്തിലെ ജനസംഖ്യാവർദ്ധനവിനെ അപേക്ഷിച്ചു് ഭക്ഷ്യോൽപാദനം മുന്നണിയിലാണു നില്ക്കുന്നതെന്നു് ഐക്യരാഷ്ട്ര ഭക്ഷ്യകൃഷികാര്യങ്ങളുടെ ഡയറക്ടർ ജനറലായ ഡോക്ടർ ഫിലിപ്പു് വി കാർഡൻ പ്രസ്താവിച്ചിരിക്കുന്നു. ശരിയായ തരത്തിൽ വിതരണം നടക്കുകയാണെങ്കിൽ എല്ലാവർക്കും ഭക്ഷിക്കുവാനുള്ള വക ഇപ്പോഴുണ്ടെന്നും പോഷണാവശ്യത്തെ മുൻനിറുത്തി ചിന്തിക്കുകയാണെങ്കിൽ കൂടുതൽ അഭിവൃദ്ധിക്കു മാർഗ്ഗമുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ലോകത്തിൽ അധികമുള്ള ഭക്ഷ്യസാധനങ്ങൾ കൈകാര്യം ചെയ്യുന്നമാർഗ്ഗങ്ങളെപ്പററി പര്യാലോചിക്കുവാൻ ഐക്യരാഷ്ട്ര ഭക്ഷ്യകൃഷികാര്യസംഘടനയുടെ വർക്കിംഗ് കമ്മിററി ഫെബ്രുവരി 23-ാംനു വാഷിംഗ്ടണിൽ സമ്മേളിക്കുന്നതാണെന്നും ഡോ. ഫിലിപ്പു് വെളിപ്പെടുത്തുകയുണ്ടായി.

### മോസ്കോ—പെക്കിംഗ് ബന്ധം

റഷ്യയുടെ തലസ്ഥാനമായ മോസ്കോയും ചൈനയുടെ തലസ്ഥാനമായ പെക്കിംഗും തമ്മിൽ ബന്ധിക്കുന്നതിനായി ഒൻപതിനായിരം മൈൽ ദൈർഘ്യത്തിൽ റെയിൽവെ പണിതീർത്തിരിക്കുന്നു. കഴിഞ്ഞ ജനുവരി 31-ാംനു മോസ്കോയിൽനിന്നും ആദ്യത്തെ എക്സ്പ്രസ്സ് ട്രെയിൻ പെക്കിംഗിലേക്കു പുറപ്പെടുകയുണ്ടായി.

### പാക്കിസ്ഥാനു് സൈനികസഹായം

ഇൻഡ്യയുടെ പ്രതിഷേധത്തെ വകവയ്ക്കാതെ പാക്കിസ്ഥാനു് ആവശ്യമുള്ള സൈനികസഹായം നൽകുവാൻ അമേരിക്ക അവസാനമായി തീരുമാനിച്ചിരിക്കുന്നുവെന്നു വാഷിംഗ്ടണിലെ തന്ത്രകാര്യവൃത്താന്തസ്ഥന്മാർ വെളിപ്പെടുത്തിയിരിക്കുന്നു. പാക്കിസ്ഥാന്റെ സായുധസൈന്യത്തെ പരിശോധിച്ചു് അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കുന്നതിലേക്കു് അമേരിക്കയിൽനിന്നും ഒരു സൈനികനിരീക്ഷണസംഘം ഉടൻതന്നെ പുറപ്പെടുന്നതാണത്രെ.

### യു. എൻ. സാമ്പത്തിക കമ്മീഷൻ പ്രസിഡണ്ടു്

ഏഷ്യക്കും വിദൂരപൂർവ്വരാജ്യങ്ങൾക്കും വേണ്ടിയുള്ള ഐക്യരാഷ്ട്ര സാമ്പത്തിക കമ്മീഷന്റെ അടുത്ത കൊല്ലത്തെ പ്രസിഡണ്ടായി പ്രസ്തുത കമ്മീഷനിലെ ഇൻഡ്യൻ പ്രതിനിധിയായ മി. സി. സി. ദേശായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

### ഇൻഡോ—സിലോൺ ഉടമ്പടി

സിലോണിലെ ഇന്ത്യൻ വംശജരായ ജനതകളുടെ പൗരത്വം സംബന്ധിച്ചു ഇന്ത്യയിലെയും സിലോണിലെയും പ്രധാനമന്ത്രിമാർ ഇക്കഴിഞ്ഞ ജനുവരി 18-ാംനു പരസ്പരം സമ്മതിച്ചു രൂപപ്പെടുത്തിയ ഉടമ്പടി ഇൻഡ്യാ, സിലോൺ ഗവർമ്മെണ്ടുകൾ അംഗീകരിച്ചിരിക്കുന്നു.

## വിനോദവീഥി



"പാട്ടുകൊണ്ടുള്ള മെഗഫോൺസ് സഹായവില— അനേകമുണ്ടു്!"


* * *



"അമ്മയുടെ വയററത്തെന്താണമ്മേ പൊങ്ങിയപോലെ—?"

"എന്റെ മോനെ എന്തുചെയ്യാം. ചില ഏമ്യൂക്കളോട്ടുപിടിക്കാൻ പ്രചരണം നടത്തിയതാണമ്മയുടെ പച്ചകുത്തു്!"

* * *



മകൾ:- "അപ്പച്ചാ എന്റെ ചെമന്ന പാവാട കണ്ടില്ല !"

മകൻ:- "അതു് വല്യച്ചൻ ചേട്ടനെടുത്തു കൊടിപിടിക്കാൻ കൊണ്ടുപോയി."

സഭാചരിത്രപംക്തി (17)

# നീറോയുടേയും ഡൊമീഷ്യൻേറയും മതപീഡനങ്ങൾ


(പ്രഫസ്സർ പി. ടി. തോമസ് എം. എ.)

ആദ്യത്തെ മൂന്നു ശതകങ്ങളിൽ നടന്ന മതപീഡനങ്ങളെ സാധാരണയായി ചരിത്രകാരന്മാർ പത്തായി വിഭാഗിച്ചിരിക്കുന്നു. ഓരോ പീഡനത്തിനും നേതൃത്വം നൽകിയ റോമൻ ചക്രവർത്തിമാരുടെ നാമങ്ങളോടു ചേർത്താണു് അവയെപ്പററി വ്യവഹരിക്കാറുള്ളതു്. പീഡനങ്ങൾ നടത്തിയ ചക്രവർത്തിമാരുടെ പേരുകളും അവ നടന്ന കാലവും താഴെ ചേർക്കുന്നു.

1) നീറോ (Nero) 64—68
2) ഡൊമീഷ്യൻ (Domitian) 95—96
3) ട്രാജൻ (Trajan) 106—117
4) മാർക്കസ് ഔറേലിയസ് (Marcus Aurelius) 161—180
5) സെപ്ററിമിയസ് സെവാറസ് (Septimius Severus) 202—211
6) മാക്സിമിൻ (Maximin the Thracian) 235—238
7) ഡിഷ്യസ് (Decius) 249—251
8) വലേരിയൻ (Valerian) 257—260
9) ഔറേലിയൻ (Aurelian) 274—275
10) ഡയക്ലീഷ്യനും ഗലേരിയസും (Diocletian and Galerius) 303—311

ഈ പത്തു മതപീഡനങ്ങളിൽ ഏററവും രൂക്ഷമായിരുന്നതു് നീറോ, ട്രാജൻ, സെപ്ററിമിയസ് സെവാറസ്, ഡിഷ്യസ്, ഡയക്ലീഷ്യൻ, ഗലേരിയസ് ഇവരുടേതാണു്. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ രക്തസാക്ഷിത്വം നടന്നതു് നീറോയുടെ മതപീഡനകാലത്താണു് എന്നു് മുൻലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. നീറോ നിഷ്ഠുരനായ ഒരു മനുഷ്യാധമനായിരുന്നു. ഏതു ക്രൂരകൃത്യവും പ്രവർത്തിക്കുവാൻ മടിക്കാത്ത ഒരു ശിലാഹൃദയനായിരുന്നു അയാൾ. A. D. 64 ജൂലൈ 8-ാംതീയതി റോമാനഗരത്തിന്റെ ഒരു ഭാഗത്തു സ്ഥിതിചെയ്തിരുന്ന കുറേ സംഭരണശാലകൾക്കു് അഗ്നിബാധിച്ചു. അതിശീഘ്രം അഗ്നി നാലുവശത്തേക്കും വ്യാപിച്ചു് നഗരത്തിന്റെ നടുവിലെത്തി. പത്തുദിവസം തുടർച്ചയായി കത്തിയതിന്റെ ഫലമായി നഗരത്തിന്റെ പതിന്നാലു ഡിസ്ട്രിക്ടുകളിൽ പത്തും നിശ്ശേഷം നശിച്ചു. നീറോയുടെ ആജ്ഞപ്രകാരം നഗരത്തിനു് തീകൊളുത്തിയതാണെന്നും റോമാ കത്തിയെരിഞ്ഞുകൊണ്ടിരുന്നപ്പോൾ അയാൾ സ്വന്തം നാടകശാലയിലിരുന്നുകൊണ്ടു് പുരാതന ട്രോയിയുടെ നാശത്തെപ്പററി പാടിരസിക്കയായിരുന്നു എന്നും ഒരു വർത്തമാനം ജനമദ്ധ്യത്തിൽ പ്രചരിച്ചു. റോമാനഗരത്തെ അഗ്നിക്കിരയാക്കിയതു് നീറോതന്നെയാണെന്നു ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ടു്. ഏതായാലും ജനങ്ങളുടെ കോപാഗ്നിയിൽനിന്നു രക്ഷനേടുന്നതിനും തന്റെ പേരിലുണ്ടായിരുന്ന സംശയങ്ങൾ ശമിപ്പിക്കുന്നതിനുംവേണ്ടി നീറോ ഒരു സൂത്രം പ്രയോഗിച്ചു. നഗരത്തിനു തീവച്ചതു് ക്രിസ്ത്യാനികളാണെന്നു് ഒരു വാർത്ത പ്രചരിപ്പിച്ചു. ഈ കുററം ചുമത്തി കുറേ ക്രിസ്ത്യാനികളെ അറസ്റ്റു് ചെയ്യിച്ചു. റോമൻ ജനങ്ങളുടെ നിഷ്ഠുരമായ വിനോദങ്ങൾക്കു് ഇരയാക്കുവാൻവേണ്ടി ക്രിസ്ത്യാനികളെ കൂട്ടംകൂട്ടമായി ബന്ധനസ്ഥരാക്കി. അങ്ങനെ ജനശ്രദ്ധ ചക്രവർത്തിയിൽനിന്നും തിരിച്ചു് ക്രിസ്ത്യാനികളുടെമേൽ കേന്ദ്രീകരിച്ചു ക്രൂരതയുടെ കൂത്തരങ്ങിൽ മതിമറന്ന റോമാക്കാർ റോമാ ദഹനത്തിന്റെ കാര്യംതന്നെയും വിസ്മരിച്ചു.

ബന്ധനസ്ഥരാക്കപ്പെട്ട ക്രിസ്ത്യാനികളുടെമേൽ നഗരത്തിനു തീവച്ചു എന്നുള്ള കുററം സ്ഥാപിക്കുവാൻ മാർഗ്ഗം കാണാതെ കുഴങ്ങിയ നീറോ അവരുടെമേൽ "മനുഷ്യവർഗ്ഗത്തിന്റെ ശത്രുക്കൾ" എന്ന അപരാധം ചുമത്തി. ഏററം ഗർഹണീയങ്ങളായ കുററകൃത്യങ്ങൾ അവരിൽ ആരോപിക്കപ്പെട്ടു. നീറോയുടെ ശാസനത്തിന്റെ ശരിയായ രൂപം ചരിത്രകാരന്മാർക്കു ലഭിച്ചിട്ടില്ല.


For favours received

By Teresa Antony Mala


എങ്കിലും അതിന്റെ ഏകദേശരൂപം താഴെ ചേർക്കുംവിധമാണെന്നു ചരിത്രകാരന്മാർ പൊതുവേ സമ്മതിക്കുന്നുണ്ടു്. "നിനക്കു് (ക്രിസ്ത്യാനിക്കു്) ജീവിക്കുവാൻ അവകാശമില്ല." ഈ രാജശാസനം പ്രഖ്യാപിതമായതോടുകൂടി ക്രിസ്ത്യാനിയെ സംഹരിക്കുന്നതിനുള്ള ഏതു നടപടിക്കും റോമാസാമ്രാജ്യത്തിൽ നിയമപ്രാബല്യം സിദ്ധിച്ചു. അതാണു് നീറോയുടെ ശാസനത്തിന്റെ ചരിത്രപ്രാധാന്യം. ഭാവിപീഡകന്മാർക്കു് അതു് ഉത്തേജനവും മാർഗ്ഗദർശിത്വവും നൽകി. നീറോയുടെ ശാസനം പ്രാബല്യത്തിൽവന്നതോടുകൂടി, ക്രിസ്ത്യാനിയായിരിക്കുക എന്നുള്ളതുതന്നെ സാമ്രാജ്യത്തിൽ നിയമവിരുദ്ധമായിത്തീർന്നു അതു് ശിക്ഷാർഹമായ ഒരു കുററമായി പരിഗണിക്കപ്പെടുകയും ചെയ്തു.

നീറോയുടെ പീഡനപരിപാടി അയാളുടെ മൃഗീയതയ്ക്കു് ഏററം അനുയോജ്യമായിരുന്നു. ടാസിററസ് എന്ന അക്രിസ്തീയ ചരിത്രകാരനും വി. ക്ലെമന്റു് മാർപ്പാപ്പായും നീറോയുടെ പീഡനത്തെപ്പററി നമുക്കു സൂക്ഷ്മവിവരങ്ങൾ നൽകുന്നുണ്ടു്. ക്രിസ്ത്യാനികളെ മൃഗങ്ങളുടെ തോൽകൊണ്ടു പൊതിഞ്ഞു് വിശപ്പുള്ള വേട്ടപ്പട്ടികളുടെ മുൻപിലേക്കെറിഞ്ഞുകൊടുത്തു. ആ നായ്ക്കൾ അവരെ വേട്ടയാടിക്കൊന്നു് അവരുടെ മാംസം ഭക്ഷിച്ചു വിശപ്പടക്കി. വളരെപ്പേരെ ക്രൂശിൽതറച്ചുകൊന്നു. മററു പലരെ താറാഴിച്ചു കത്തിച്ചു് നീറോയുടെ ഉദ്യാനങ്ങളിൽ ദീപസ്തംഭങ്ങളായി നാട്ടി. അനവധി സ്ത്രീകളുണ്ടായിരുന്നു രക്തസാക്ഷികളുടെ കൂട്ടത്തിൽ. അവരെ പുരാണേതിഹാസങ്ങളിലെ കഥാപാത്രങ്ങളെപ്പോലെ വേഷം ധരിപ്പിച്ചു് ഹിംസ്രജന്തുക്കളുടെ മുൻപിലേക്കെറിഞ്ഞുകൊടുത്തു. കാളക്കൂററന്മാർ അവരെ പൊതുവിനോദരംഗത്തുവച്ചു കുത്തിക്കീറി കൊന്നു. മററു സ്ത്രീകളെ ചണ്ഡയുദ്ധത്തിലെ ജേതാക്കൾക്കു സമ്മാനിച്ചിട്ടു് അവിടെവച്ചുതന്നെ അവരെക്കൊണ്ടു് വധിപ്പിച്ചു റോമൻപൗരാവലി ഈ ക്രൂരതയുടെ നഗ്നമായ വിളയാട്ടംകണ്ടു് ആനന്ദതുന്ദിലരായിച്ചമഞ്ഞു.

നീറോയുടെ മതപീഡനം റോമാനഗരത്തിനു പുറത്തേക്കു വ്യാപിച്ചില്ല. എങ്കിലും അയാളുടെ മരണംവരെയും അതു തുടർന്നുകൊണ്ടിരുന്നു. ക്രിസ്തുമതവും റോമാസാമ്രാജ്യവും തമ്മിലുള്ള ജീവന്മരണസമരം സമാരംഭിച്ചുകഴിഞ്ഞു.

നീറോയുടെ കാലശേഷം സിംഹാസനാരൂഢനായ വെസ്പേഷ്യനും, അദ്ദേഹത്തിന്റെ പിൻഗാമിയായ ടൈററസ്സും ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ ഉദ്യമിച്ചില്ല. എന്നാൽ അടുത്ത ചക്രവർത്തിയായ ഡൊമീഷ്യൻ (81—96) നീറോയുടെ ശാസനത്തെ വീണ്ടും പ്രയോഗത്തിൽ വരുത്തി. അദ്ദേഹത്തിന്റെ ഭരണത്തിന്റെ അവസാനഘട്ടത്തിലാണു് (A. D. 95—96-ൽ) മർദ്ദനം അഴിച്ചുവിട്ടതു്. റോമാചക്രവർത്തിമാരിൽവച്ചു ആദ്യമായി "കർത്താവും ദൈവവും" (Lord and God) എന്ന ഔദ്യോഗിക പദവി സ്വയം സ്വീകരിച്ചതു് ഇദ്ദേഹമാണു്. അതുകൊണ്ടു് ഡൊമീഷ്യൻ തന്റെ ദൈവത്വം നിഷേധിച്ച ക്രിസ്ത്യാനികളെ മർദ്ദിക്കുവാൻ ഉദ്യമിച്ചതു് സ്വാഭാവികംമാത്രമാണു്. തന്റെ അവിവേകവും അനിയന്ത്രിതമായ ധാരാളിത്വവും മൂലം സംഭവിച്ച സാമ്പത്തികക്കുഴപ്പങ്ങൾ പരിഹരിക്കുവാൻ വേണ്ടി ഡൊമീഷ്യൻ യഹൂദമുറകൾ അനുസരിച്ചിരുന്നവരുടെ മേൽ ഒരു പുതിയ കരം ചുമത്തി. ക്രിസ്ത്യാനികളെയും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തി കരം കൊടുക്കുന്നതിനു ബാദ്ധ്യസ്ഥരാക്കി. തങ്ങൾ യഹൂദമുറ അനുസരിക്കുന്നവരല്ലെന്നുള്ള കാരണത്താൽ ക്രിസ്ത്യാനികൾ ഈ കല്പനയെ നിരസിച്ചു. അതോടുകൂടി ക്രിസ്തീയവിശ്വാസം കുററകരമാക്കുന്ന നീറോയുടെ ശാസനം വീണ്ടും പ്രയോഗത്തിൽ വരുത്തുകയും അനവധി ക്രിസ്ത്യാനികളെ ബന്ധനസ്ഥരാക്കുകയും ചെയ്തു. വെസ്പേഷ്യൻ ചക്രവർത്തിയുടെ സഹോദരപുത്രനും, ഡൊമീഷ്യന്റെ അടുത്ത ബന്ധുവുമായിരുന്ന ഫ്ളേവിയസ് ക്ലെമൻസ് എന്ന ഒരു ഭരണസഭാംഗത്തെ (Senator) നിരീശ്വരത്വം ആരോപിച്ചു വധിക്കുകയും അയാളുടെ ഭാര്യയെ നാടുകടത്തുകയും ചെയ്തു. അപ്പസ്തോലനായ വി. യോഹന്നാനെ ഈ മർദ്ദനകാലത്താണു് എഫേസൂസിൽനിന്നും പാററ്മോസ് ദ്വീപിലേക്കു നാടുകടത്തിയതു്. അപ്പസ്തോലനെ ബന്ധനസ്ഥനാക്കി റോമയിൽ കൊണ്ടുവന്നു തിളയ്ക്കുന്ന എണ്ണയിൽ മുക്കുകമുതലായ പീഡനങ്ങൾ ഏല്പിച്ചശേഷമാണു് നാടുകടത്തിയതെന്നു ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. മതപീഡനം ഇത്തവണ ഏഷ്യാമൈനർ, സ്മേർണാ (Smyrna) പെർഗാമം (Pergamum) മുതലായ വിദൂരപ്രവിശ്യകളിലേക്കും പടർന്നുപിടിക്കുകയുണ്ടായി.

ഡൊമീഷ്യന്റെ അന്ത്യകാലമായപ്പോഴേക്കും അയാൾ പീഡനത്തിനു വിരാമമിട്ടു. ക്രിസ്തുവിന്റെ ബന്ധുക്കളെ യൂദയായിൽനിന്നും അയാൾ റോമയിലേക്കു ക്ഷണിച്ചുവരുത്തി ചോദ്യം ചെയ്തതിന്റെ ഫലമായി അവർ നിരുപദ്രവികളും സമാധാനപ്രിയരുമാണെന്നു് ഡൊമീഷ്യനു ബോദ്ധ്യംവന്നു. അതോടെ മർദ്ദനവും അവസാനിപ്പിച്ചു. എന്നാൽ അധികം കഴിയുന്നതിനു മുൻപു് അയാൾ സ്വന്തം അരമനയിലെ അന്തേവാസികളാൽ വധിക്കപ്പെട്ടു. പ്രതികാരേച്ഛുക്കളായ ക്രിസ്ത്യാനികളാണു് അയാളെ വധിച്ചതെന്നു് ഒരു പക്ഷമുണ്ടു്. എന്നാൽ വാസ്തവം നേരേ മറിച്ചാണു്. സ്റ്റീഫൻ എന്ന ഒരാളും, ഡൊമീഷ്യന്റെ രാജ്ഞിയായ ഡൊമീഷ്യായും, ചക്രവർത്തി അവരെ വധിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നു് ചില രഹസ്യരേഖകളിൽനിന്നു മനസ്സിലാക്കി, സ്വരക്ഷാർത്ഥം അദ്ദേഹത്തെ കൊലപ്പെടുത്തുകയാണുണ്ടായതു്.

ഡൊമീഷ്യന്റെ മരണവും മതപീഡനവും അവസാനിക്കുന്നതോടുകൂടി തിരുസ്സഭാചരിത്രം A. D. രണ്ടാം ശതാബ്ദത്തിലേക്കു പ്രവേശിക്കുന്നു.





AVAILABLE AT: Chakolas SILK HOUSE
TRICHUR ★ ERNAKULAM

"മേരിവത്സരം"
(പുസ്തകരൂപത്തിൽ)
പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ
ഫുൾജെൻസ് കൊറോണ
എന്ന തിരുവെഴുത്തു്
(സത്യദീപത്തിൽ ഖണ്ഡശ്ശ പ്രസിദ്ധപ്പെടുത്തിയിരുന്നതു്)
വില 1ണ. ഒററപ്രതി ആവശ്യമുള്ളവർ 2ണ. സ്റ്റാമ്പയക്കുക.
മാനേജർ, മാർ ലൂയിസ് മെമ്മോറിയൽപ്രസ്,
എറണാകുളം 1



For favours received

Mrs. M. X., Alwaye


## അമേരിക്കൻ സ്നേഹിതന്മാരുടെ സംഭാവന

കാർഡിനൽ പിസ്സാർദോ തിരുമനസ്സിലെ ഗുരുപട്ട സുവർണ്ണജൂബിലിയുടെ വത്സരമായിരുന്നു കഴിഞ്ഞകൊല്ലം. തിരുമേനി അമേരിക്കയിലെ ഹോളി നെയിം സംഘടനയുടെ സംരക്ഷകസ്ഥാനംകൂടി വഹിക്കുന്നുണ്ടു്. അതിനാൽ അദ്ദേഹത്തിന്റെ അമേരിക്കൻ സ്നേഹിതന്മാർ പണം പിരിച്ചെടുത്തു്, ജൂബിലിസ്മാരകമായി റോമിലെ ചിയാംപിനോ വിമാനത്താവളത്തിനടുത്തു മനോഹരമായ ഒരു പള്ളി പണിയിച്ചുകൊടുത്തിരിക്കുന്നു. ജൂബിലിയുടെ അവസാനച്ചടങ്ങായി നടന്ന പ്രസ്തുത പള്ളിയുടെ ആശീർവ്വാദകർമ്മത്തിനു് നിരവധി അമേരിക്കൻ സുഹൃത്തുക്കൾ ചെന്നെത്തിയിരുന്നു. കർദ്ദിനാൾ പിസ്സാർദോ ഹോളിഓഫീസ് തിരുസംഘത്തിന്റെ സെക്രട്ടറിയും, സെമ്മിനാരികളുടെയും കലാശാലകളുടെയും തിരുസംഘത്തിന്റെ അദ്ധ്യക്ഷനുമാണു്.

# മകന്റെ പ്രാർത്ഥന

## എന്നെ കത്തോലിക്കയാക്കി

(ശോശാമ്മ തോമസ്, ശങ്കരത്തിൽ)

മാന്യവായനക്കാരേ! മാർത്തോമ്മാസമുദായത്തിൽ തുമ്പമൺതോണ്ടംവേലിൽ കുടുംബത്തിലെ അംഗമായിട്ടാണ് ഞാൻ ജനിച്ചതു്. മലങ്കരയിലെ നവീകരണകർത്താവായ പാലക്കുന്നത്തു് അബ്രഹാം മല്പാൻ വിവാഹംകഴിച്ചതു് എന്റെ പിതാമഹന്റെ സഹോദരിയെയാണ്. ആ മഹതിയുടെ സന്താനങ്ങളാണ് തോമസ് മാർ അത്താനാസിയൂസ്, തീത്തൂസ് ഒന്നാമൻ മാർത്തോമ്മാ എന്നീ തിരുമേനിമാർ. പാലക്കുന്നത്തു് കുടുംബവുമായി ഞങ്ങൾക്കുണ്ടായ ബന്ധമാണ് യാക്കോബായസമുദായാംഗങ്ങളായിരുന്ന എന്റെ പിതാവിന്റെ കുടുംബാംഗങ്ങളിൽ ഭൂരിഭാഗവും മാർത്തോമ്മാസമുദായത്തിൽ ചേരുവാൻ കാരണമായതു്.

എന്റെ പിതാവു് എന്റെ ബാല്യത്തിൽത്തന്നെ എന്നെ യാക്കോബായസഭയിൽ വിവാഹം കഴിപ്പിച്ചു. എന്റെ ഭർത്താവു് യാക്കോബായസഭയിൽ ഉറച്ച വിശ്വാസമുള്ള ആളും എന്നേയും സന്താനങ്ങളേയും ആ വിശ്വാസത്തിൽത്തന്നെ വളർത്തുന്നതിൽ വളരെ താല്പര്യമുള്ള ആളും ആയിരുന്നു. മാർത്തോമ്മാസമുദായത്തിന്റെ വിശ്വാസാചാരങ്ങളോടു് എനിക്കും ഒട്ടും താല്പര്യമില്ലായിരുന്നുവെങ്കിലും പാലക്കുന്നത്തു കുടുംബത്തിലെ തിരുമേനിമാരോടുള്ള ബന്ധനിമിത്തം എനിക്കു് അവരോടു് വലിയ ബഹുമാനമായിരുന്നു.

യാക്കോബായസഭയിൽ പാത്രിയർക്കീസുഭാഗക്കാരനായ എന്റെ ഭർത്താവു് തന്റെ സ്വന്തം ചെലവിൽ ഒരു പള്ളിപണിയിച്ചു. യാക്കോബായസഭാസേവനത്തിൽ വളരെ താല്പര്യമുള്ള എന്റെ കനിഷ്ഠപുത്രനെ മഞ്ഞിനിക്കര വൈദികസെമ്മിനാരിയിൽ അയച്ചു പഠിപ്പിച്ചു. 1949 ജൂൺ 2-ാംനു- മിഖായേൽ മാർ ദീവന്നാസിയോസ് തിരുമേനിയിൽനിന്നും എന്റെ മകൻ വൈദികപട്ടം സ്വീകരിച്ചു. അന്നുമുതൽ അദ്ദേഹം ഞങ്ങളുടെ സ്വന്തം ഇടവകയായ വടക്കുപുറം പള്ളിയുടേയും, കിഴവള്ളൂർ, ആമക്കുന്നു് എന്നീ പള്ളികളുടേയും വികാരിയായി യാക്കോബായസഭയിൽ സേവനം അനുഷ്ഠിച്ചു.

അങ്ങനെയിരിക്കെ അദ്ദേഹം കത്തോലിക്കാസഭയിൽ ചേരുവാൻ നിശ്ചയിച്ചിരിക്കുന്നതായി എന്നെ അറിയിച്ചു. ഞാൻ ആ അഭിപ്രായത്തെ ശക്തിയായി എതിർത്തു. വിവരമറിഞ്ഞ പിതാവു് കഠിനവിദ്വേഷം പ്രകടിപ്പിച്ചു. പക്ഷേ അതെല്ലാം സഹിച്ചുകൊണ്ടു് ഞങ്ങളുടെ മകൻ ഞങ്ങളേയും ഞങ്ങൾക്കുള്ള സകലതേയും ഉപേക്ഷിച്ചിട്ടു 1951 മാർച്ചു് 9-ാംനു- കത്തോലിക്കാസഭയിൽ ചേരുകതന്നെ ചെയ്തു.

തിരുവനന്തപുരത്തു നിന്നും ആ വാർത്ത കേട്ടക്ഷണത്തിൽ ഞാൻ ബോധരഹിതയായി നിലംപതിക്കയാണു ചെയ്തതു്. ഞങ്ങളെ ആശ്വസിപ്പിക്കാൻ പലരും ശ്രമിച്ചു. പക്ഷേ അതൊന്നും ഞങ്ങൾക്കു് ഇഷ്ടമായില്ല. അദ്ദേഹത്തിന്റെ പേരു കേൾക്കുന്നതുതന്നെ എനിക്കു പ്രയാസമായി തോന്നി. കത്തോലിക്കാസഭയിൽ ചേർന്നു് ഏതാനുംദിവസം കഴിഞ്ഞശേഷം എന്നെ കാണുവാൻ വന്നപ്പോൾ "ജീവൻ വേണമെങ്കിൽ പെട്ടെന്നു പൊയ്ക്കൊള്ളുക" എന്നാണു ഞാൻ പറഞ്ഞതു്. എന്റെ ഭർത്താവിനോടും ബന്ധുക്കളോടും ഒരുമിച്ചു് എത്രമാത്രം എതിർക്കാമോ അത്രയും ഞാൻ അദ്ദേഹത്തോടു് എതിർക്കതന്നെ ചെയ്തു. ഞങ്ങളുടെ സ്വന്തം പള്ളിയിൽ വേറെ വൈദികരെ വരുത്തി കർമ്മങ്ങൾ നടത്തിക്കുക, കത്തോലിക്കാസഭയ്ക്കെതിരായിട്ടുള്ള പ്രവർത്തനങ്ങൾക്കു വേണ്ട ധനസഹായം ചെയ്യുക, എന്നിങ്ങനെയെല്ലാം എന്റെ ഭർത്താവിനോടു് അനുകൂലിച്ചു് ഞാനും ചെയ്തു.

ഈ എതിർപ്പുകളൊന്നും ആ വൈദികനിൽ യാതൊരു കുലുക്കവും ഉണ്ടാക്കിയില്ല. എന്നെ കാണുമ്പോൾ "അമ്മച്ചീ! കർത്താവു സ്ഥാപിച്ച സഭ കത്തോലിക്കാസഭയാണ്. അതിൽ ചേർന്നെങ്കിലേ അമ്മച്ചിയുടെ ആത്മാവിനു രക്ഷകിട്ടുകയുള്ളു. അതിനുവേണ്ടി ഞാൻ പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ടു്" എന്നു പറയുമായിരുന്നു. പല പത്രമാസികകളും അദ്ദേഹം എനിക്കു വായിക്കുവാൻ തന്നിരുന്നുവെങ്കിലും അവയൊന്നും ഞാൻ ശരിക്കു വായിച്ചിരുന്നില്ല. അച്ചൻ കത്തോലിക്കാസഭയിൽ ചേർന്നതുകാരണത്താൽ പല അകത്തോലിക്കരും അച്ചനെ ദുഷിച്ചു പറയുകയും, ചിലർ ദേഹോപദ്രവമേല്പിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ടു്. അതു കേൾക്കുമ്പോൾ "അയാൾക്കതു കിട്ടേണ്ടതാണ്" എന്നു ഞാൻ പറഞ്ഞിട്ടുള്ളതു് ഇപ്പോഴും ഞാൻ ഓർക്കുന്നു. ഞങ്ങളുടെ സർവ്വവിധമായ എതിർപ്പുകൾ ഉണ്ടായിട്ടും അച്ചന്റെ ജോലി ദൈനംദിനം അഭിവൃദ്ധിപ്പെട്ടുവന്നു. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ മുന്നൂറിലധികം, അകത്തോലിക്കരെ അദ്ദേഹം കത്തോലിക്കാസഭയിലേക്കു് ചേർത്തിട്ടുണ്ടു്. അച്ചൻ കത്തോലിക്കാസഭയിൽ ചേർത്തിട്ടുള്ള പല വ്യക്തികളേയും ഞങ്ങൾ സമീപിച്ചു് ചതുരുപായങ്ങളും പ്രയോഗിച്ചിട്ടും അവർ പിന്തിരിഞ്ഞില്ല.

ഇതിന്റെ കാരണമെന്തെന്നു് ഞാൻ ചിന്തിക്കാൻ തുടങ്ങി. കത്തോലിക്കാസഭയെപ്പററി ഞാൻ കൂടുതലായി പഠിക്കുവാൻ തന്നെ നിശ്ചയിച്ചു. പല പുസ്തകങ്ങളും ഞാൻ വായിച്ചു. ഞാൻ ചുരുക്കി പറഞ്ഞുകൊള്ളട്ടെ. മിശിഹാ സ്ഥാപിച്ച സഭ കത്തോലിക്കാസഭമാത്രമാണെന്നും, അതുകൊണ്ടാണ് സർവ്വവിധ എതിർപ്പുകളേയും ജയിച്ചു് ആ സഭ മുന്നോട്ടുപോകുന്നതെന്നും എനിക്കു മനസ്സിലാക്കാൻ സാധിച്ചു. ഞാൻ എത്രമാത്രം എതിർത്താലും കത്തോലിക്കാസഭയോടു് യാതൊന്നും ചെയ്യാൻ സാധിക്കുന്നതല്ലെന്നും എനിക്കു ബോദ്ധ്യപ്പെട്ടു. എന്നുതന്നെയുമല്ല, കത്തോലിക്കാസഭയ്ക്കെതിരായി ഞാൻ ചെയ്തിട്ടുള്ള പ്രവൃത്തിയെപ്പററി ഞാൻ പശ്ചാത്തപിച്ചു് കത്തോലിക്കാസഭയിൽ ചേരേണ്ടതു് എന്റെ ആത്മരക്ഷയ്ക്കുതന്നെയും അത്യാവശ്യമാണെന്നു് ഞാൻ ഗ്രഹിച്ചു.

എന്റെ മനസ്സാക്ഷിയുടെ പ്രേരണയാൽ ഞാൻ കത്തോലിക്കാസഭയിൽ ചേരുന്നതിനു് നിശ്ചയിച്ചിരിക്കുന്നതിനാൽ എന്നെ അതിലേക്കു് ദയവായി അനുവദിക്കണമെന്നുള്ള എന്റെ കണ്ണുനീരോടുകൂടിയുള്ള അപേക്ഷ എന്റെ ഭർത്താവു് എനിക്കു് അനുവദിച്ചുതന്നു.

ഞങ്ങളുടെ കുടുംബത്തിന്റെ പുനരൈക്യത്തിനുവേണ്ടി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന വന്ദ്യവൈദികശ്രേഷ്ഠന്മാരായ ഒവരി റവ. ഫാദർ സിപ്രിയാനോസ് ററി. ഒ. സി. ഡി, റവ. ഫാദർ പത്രോസ് കിഴക്കേവീട്ടിൽ എന്നിവരുടെ സഹകരണത്തിലും, എന്റെ ബന്ധത്തിൽപ്പെട്ട പലരുടേയും സാന്നിദ്ധ്യത്തിലും 1953 നവമ്പർ 26-ാംനു- എന്റെ പുത്രൻ ശങ്കരത്തിൽ ശമുവേൽ അച്ചൻ എന്നെ കത്തോലിക്കാതിരുസ്സഭയിലേക്കു് സ്വീകരിച്ചു.

ഞാൻ ഇപ്പോൾ കത്തോലിക്കാസഭയുടെ വി. കർമ്മങ്ങളിൽ പതിവായി സംബന്ധിക്കുന്നു. എന്റെ മകന്റെ പ്രാർത്ഥനയാലാണ് എനിക്കു് ഈ ഭാഗ്യം കൈവന്നതെന്നു് ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. എനിക്കുവേണ്ടിയും, എന്റെ ഭർത്താവിന്റെ മനസ്സുതിരിവിനുവേണ്ടിയും സത്യദീപം വായനക്കാർ പ്രാർത്ഥിക്കണമെന്നപേക്ഷ.

## For favours received




Mrs. Rosamma John,
Perumanoor

100-ൽപരം അനുഭവസാക്ഷ്യങ്ങൾവഴി സുപ്രസിദ്ധങ്ങളായി തീർന്നിട്ടുള്ള

**നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം**

എന്നീ സിദ്ധൌഷധങ്ങൾ

തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, ഭരണങ്ങാനം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലെ സെയിൽസ് ഡിപ്പോകൾ വഴിയായും ഇരിങ്ങാലക്കുട, ആലുവാ, പാലാ, മാവേലിക്കര, പൊൻകുന്നം, കൊല്ലം മുതലായ സ്ഥലങ്ങളിലുള്ള 100-ൽപരം ഏജൻസികൾവഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു

മാസത്തിൽ രണ്ടു് തവണ വീതം പ്രസിദ്ധപ്പെടുത്തുന്ന "കാളൻസ് ബുള്ളററി"നിൽ നാനാവിധ രോഗങ്ങളുടെ ഉത്ഭവകാരണങ്ങളേയും പ്രതിവിധികളേയുംപററി എഴുതിവരുന്നതുകൊണ്ടു് മലബന്ധം, നീർവീഴ്ച, ചുമ, പനി, ക്ഷയം, ഏങ്ങൽ, അർശസ്സ്, പ്രമേഹം, ഗ്യാസ്ട്രബിൾ, വയറുവേദന, ഇന്ദ്രിയസ്ഖലനം, അസ്ഥിസ്രാവം, രക്തദുഷ്യം മുതലായ രോഗങ്ങൾകൊണ്ടു് നിരന്തരപ്പെട്ടു കഴിയുന്നവർ ഞങ്ങൾക്കു രോഗവിവരക്കുറിപ്പുകൾ അയക്കുന്നതിനുപകരം "കാളൻസ് ബുള്ളററിൻ" വായിക്കുന്നതു് ഉപകാരപ്രദമായിരിക്കും. പോസ്റ്റേജടക്കം ആറുമാസത്തേക്കുള്ള വരിസംഖ്യ ഒരു ഉറുപ്പികയാകുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന സെയിൽസ് ഡിപ്പോകളിൽനിന്നു് ഒററ പ്രതി ഒരണവീതം വിലക്കു കിട്ടുന്നതും വായനശാലകൾക്കുമാത്രം സൌജന്യമായി അയക്കുന്നതുമാകുന്നു.

എഴുത്തുകൾ മുതലായവ അയക്കേണ്ടും വിലാസം:- കാളൻ, നെല്ലായി

ജീവചരിത്രപംക്തി

# ജൂൺ ഹാവർ

(പ്രൊഫസർ ജോസഫ് മീനാട്ടൂർ)

ആനന്ദം ആരാഞ്ഞു അവൾ കന്യകാശ്രമത്തിൽ പ്രവേശിച്ചു അവിടെയാണ് അവൾ ആദ്യമായി യഥാർത്ഥമായ ആനന്ദം ആസ്വദിച്ചതു്.

ഹോളിവുഡ്ഡിലെ സുപ്രസിദ്ധതാരമായ ജൂൺ ഹാവർ അവളുടെ കാമുകന്റെ മരണത്തിനുശേഷം 1951-ൽ റോമാക്കു പോകുകയും അവിടെവച്ചു പരിശുദ്ധപിതാവിനെ ദർശിച്ചപ്പോൾ കന്യാസ്ത്രീയാകാനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. ഒരു നവ്യാനന്ദത്തോടെയാണ് അവൾ റോമായിൽനിന്നു തിരിച്ചുപോയതു്



The Bells of St. Mary's എന്ന ഗ്രന്ഥത്തിൽ ഒരു വാക്യമുണ്ടു്; "എന്തെങ്കിലും നഷ്ടമായതുകൊണ്ടല്ല നിങ്ങളൊരു കന്യാസ്ത്രീയാകുന്നതു്, പ്രത്യുത എന്തോ ഒന്നു് ലഭിച്ചതുകൊണ്ടാണ്." ജൂണിനു കാമുകൻ നഷ്ടമായെങ്കിൽ, കന്യകാലയത്തിൽ ആനന്ദവും ശാന്തിയും ലഭിച്ചു.

ജൂൺ ചെറുപ്പത്തിൽ ഒരു കത്തോലിക്കാ മതാവലംബിനിയായിരുന്നില്ല. അവളുടെ അച്ഛൻ ഒരു പ്രെസ്ബിറററിയനും അമ്മ കത്തോലിക്കയുമായിരുന്നു. ചെറുപ്പം മുതല്ക്കേ കത്തോലിക്കാമതത്തോടു് ഏതാണ്ടൊരു പ്രതിപത്തി അവൾക്കുണ്ടായിരുന്നു. അതിനാലായിരിക്കാം പള്ളിക്കൂടത്തിൽനിന്നു വന്നാലുടനെ ഒരു കത്തോലിക്കാപ്പള്ളിക്കടുത്തുപോയി കളിക്കാറുണ്ടായിരുന്നതു്. അവളുടെ ചേടത്തി ഒരു കത്തോലിക്കനെ കല്യാണംകഴിക്കുകയും കത്തോലിക്കാമതം സ്വീകരിക്കുകയുംചെയ്തു. ജൂണിനു അന്നു പതിനാറുവയസ്സു് പ്രായമായിരുന്നു. അധികം താമസിയാതെ അവളുടെ മറെറാരു സഹോദരിയോടൊന്നിച്ചു്, ജൂണും കത്തോലിക്കാമതം സ്വീകരിച്ചു.

ജൂൺ പരസ്നേഹസഹോദരികളുടെ സമൂഹത്തിൽ ചേരുവാൻ പോകുന്നുവെന്നുള്ള കാര്യം അധികമാളുകൾ അറിഞ്ഞിരുന്നില്ല. ചില നിവേദിതഹൃദയങ്ങൾ മാത്രമേ അതിനെപ്പററി അറിഞ്ഞിരുന്നുള്ളു. അവർക്കുമാത്രമേ, ഈദൃശമായ ഒരു നിശ്ചയത്തിനടിയിൽ ഒളിഞ്ഞുകിടക്കുന്ന ശാന്തിയും അഭിലാഷവും പ്രേമവും ഗ്രഹിക്കുവാൻ കഴിയുകയുള്ളു. അവൾ കന്യാസ്ത്രീയാകുവാൻ പോകുന്നുവെന്നു കേട്ടപ്പോൾ സിനിമാലോകം അത്ഭുതപരതന്ത്രമായി. അവളുടെ മിത്രങ്ങൾക്കായി അവൾ എഴുതി, "രണ്ടുകൊല്ലക്കാലമായി ഞാൻ ആലോചിച്ചുപോന്ന ഒരു കാര്യത്തിനുവേണ്ടി, അനേകകാലത്തെ പ്രാർത്ഥനയും പഠനവുംവഴി ഞാൻ സന്നദ്ധയാകുവാൻ പോവുകയാണ്. ഞാൻ ഒരു പരസ്നേഹസഹോദരിയാകുവാൻ നിശ്ചയിച്ചുകഴിഞ്ഞു......ഇതു സാധിക്കുന്നതിനു എനിക്കുള്ളതിൽ ഉപരിയായ കഴിവു ആവശ്യമാണ്. അതിനാലാണ് പ്രാർത്ഥനയും കർത്തവ്യനിർവ്വഹണവും നിറഞ്ഞ ഒരു പരിശീലനക്കളരിയിലൂടെ അതിനായി ഞാൻ തയ്യാറാകുവാൻ ശ്രമിക്കുന്നതു്......... എനിക്കറിയാം ഞാൻ എന്തുചെയ്യുവാനാണ് ആഗ്രഹിക്കുന്നതെന്നു്. എന്നാൽ ഞാൻ ആഗ്രഹിക്കുന്നതു ഈശ്വരൻ ആഗ്രഹിക്കുന്നതുതന്നെ ആയിരിക്കണം. അദ്ദേഹത്തിന്റെ തിരുമനസ്സു് നിറവേറട്ടെ."

പരസ്നേഹസഹോദരികളുടെ പ്രവർത്തനങ്ങൾ അവളുടെ അഭിലാഷങ്ങൾക്കു അനുയോജ്യമാണെന്നു തോന്നിയതിനാലാണ് അവരുടെ സമൂഹത്തെ ജൂൺ തെരഞ്ഞെടുത്തതു്. ആ സഹോദരികളുടെ "മാതൃഗൃഹ"ത്തിൽ ജൂൺ ഇപ്പോൾ ഒരു യോഗാർത്ഥിനിയാണ്. അവൾ രാവിലെ അഞ്ചുമണിക്കു് എഴുന്നേററു് ധ്യാനത്തിലും പ്രാർത്ഥനയിലും പങ്കുകൊള്ളുന്നു. അനന്തരം പരിശുദ്ധ കുർബാന കാണുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു. പ്രാതലിനുശേഷം, പതിനാറുമണിക്കൂർ നേരത്തെ ജോലിനിറഞ്ഞ ഒരു ദിവസം പഠനം, പ്രാർത്ഥന ഇത്യാദികൃത്യങ്ങളിൽ ഏർപ്പെട്ടു കഴിക്കുന്നു. രണ്ടുകൊല്ലം കഴിയുമ്പോൾ അവളുടെ പരിശീലനം അവസാനിക്കും. അപ്പോൾ, ദാരിദ്ര്യ ചാരിത്ര്യാനുസരണവ്രതങ്ങൾ വാഗ്ദാനം ചെയ്യാമെന്നു അവൾ പ്രതീക്ഷിക്കുന്നു. ആറുകൊല്ലങ്ങൾക്കുശേഷം അവൾക്കു നിത്യവ്രതവാഗ്ദാനം ചെയ്യുവാനും സാധിച്ചേക്കാം.

ആനന്ദം ആരാഞ്ഞു പലരും പണം ഉണ്ടാക്കുവാനും ഖ്യാതി നേടുവാനും ശ്രമിക്കുമ്പോൾ, ഇവയെല്ലാം ഉപേക്ഷിച്ചു്, സിനിമാതാരമായ ജൂൺ ഹാവർ കന്യാലയത്തിൽ പ്രവേശിക്കുകയും അവിടെ ആനന്ദാശ്ലേഷത്തിൽ ജീവിക്കുകയും ചെയ്യുന്നു.

## കന്യാസ്ത്രീകളെ സഹായിപ്പാൻ

സ്വന്തമായി യാതൊരു വസ്തുവകകളുമില്ലാതെ, പരസഹായംകൊണ്ടുതന്നെ കാലയാപനം ചെയ്യുന്ന പല കന്യാസ്ത്രീമഠങ്ങൾ യൂറോപ്യൻരാജ്യങ്ങളിലുണ്ടു്. എന്നാൽ ഇന്നത്തെ നിലയിൽ പലമഠങ്ങളും അനല്പമായ ക്ലേശങ്ങളനുഭവിക്കുന്നുണ്ടു്. സന്യാസസഭകളുടെ മേൽനോട്ടം വഹിക്കുന്ന റോമൻതിരുസംഘം ഇവരെ സഹായിക്കുന്നതിലേക്കു ഇപ്പോൾ ഒരു പ്രത്യേക ശാഖ ആരംഭിച്ചിരിക്കുന്നു. ലോകമൊട്ടുക്കായി ഒരഭ്യർത്ഥനയും തിരുസംഘം പുറപ്പെടുവിച്ചിട്ടുണ്ടു്.

ധർമ്മോദയം കമ്പനി, തൃശ്ശൂർ
(ESTD. 1919 A. D.)
## പുതിയ മാസക്കുറി
(As per Govt: Sanction L. Dis 181/54 dated 22-1-54)
നറുക്ക 1ക്ക് 100ക. 111 നറുക്ക്. 11 100ക. സല
ഒന്നാംതവണ— 1954 ഏപ്രിൽ 6-ാംനു / 1129 മീനം 24-ാംനു
കുറിയിൽ കുറഞ്ഞതു് 32-ൽ ഒരംശം (3ക. 2ണ. യുടെ വീതം) വരെ ചേരാം.
കൂടുതൽ വിവരങ്ങൾക്കു് കമ്പനി ആഫീസിലേക്കു് ഉടനെ എഴുതുക:
തൃശ്ശൂർ 25-1-'54 ചാലിശ്ശേരി അന്തോണി പൈലോത്തു, ചെയർമാൻ ഓഫ് ദി ബോർഡ്.

വിമർശനവീഥി

# പി. എസ്. പി.—ഐ. മു. കൂട്ടുകെട്ട്
# അതുകൊണ്ടു പി. എസ്. പി. നിഷിദ്ധം

തിരുകൊച്ചിയിലെ ഇപ്പോഴത്തെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ്പാർട്ടിക്ക് എതിരായിനിന്നു മത്സരിക്കുന്ന ഇടതുപക്ഷപാർട്ടികളിൽ ഒന്നായ പി. എസ്. പി. യുടെ സ്ഥാനാർത്ഥികൾക്കും, ആ ഇടതുപക്ഷങ്ങളിലെ മാർക്സിസ്റ്റുകളായ മററു മൂന്നു പാർട്ടികളുടെ സ്ഥാനാർത്ഥികൾക്കെന്നപോലെ, വോട്ടു കൊടുക്കാതെയിരിക്കുകയാണു കത്തോലിക്കരുടെ കർത്തവ്യമെന്നു് ഞങ്ങളും തിരുകൊച്ചിയിലെ മററു കത്തോലിക്കാ പത്രങ്ങളെപ്പോലെ ഉൽബോധിപ്പിച്ചിട്ടുണ്ടല്ലോ. എന്നാൽ പി. എസ്. പി. കാരും അവരുടെ അനുഭാവികളും ആശയക്കുഴപ്പംവരുത്തി കത്തോലിക്കാ വോട്ടറന്മാരെ ഈ കർത്തവ്യനിർവഹണത്തിൽനിന്നു് പിൻമാററുവാൻ പല അടവുകളും പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്. അതിലൊന്നാണ് ഇൻഡ്യയിലെ ഇംഗ്ലീഷുഭാഷയിലുള്ള ചില കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടേയും അവയിൽനിന്നു പകർത്തിയിട്ടുള്ള സത്യദീപത്തിൻെറയും സംക്ഷേപങ്ങൾ ഉദ്ധരിച്ച് പി. എസ്. പി. കത്തോലിക്കാ തത്വങ്ങളുടെ ദൃഷ്ടിയിൽ നിഷിദ്ധമല്ലെന്നു സ്ഥാപിക്കാനുള്ള ശ്രമവും പ്രചരണവും. അഖിലേന്ത്യാ പാർട്ടിയായ പി. എസ്. പി. സ്വതവേ നിഷിദ്ധമാണോ അല്ലയോ എന്നല്ലാ ഇപ്പോഴത്തെ പ്രശ്നം; പിന്നെയോ അതിൻെറ തിരുകൊച്ചി ശാഖ ഈ തിരഞ്ഞെടുപ്പിൽ സ്വീകരിച്ചിരിക്കുന്ന പ്രത്യേകമായ നിലപാടിൻെറ വെളിച്ചത്തിൽ ആ ശാഖ നിഷിദ്ധമായി പരിണമിച്ചിട്ടുണ്ടോ എന്നാണ്. പരിണമിച്ചിട്ടുണ്ടെന്നുള്ള തീരു യാതൊരു സംശയവുമില്ല. കമ്മ്യൂണിസ്റ്റുപാർട്ടി നേതൃത്വം വഹിക്കുന്ന മാർക്സിസ്റ്റുപാർട്ടികൾ ഉൾപ്പെട്ട ഐക്യമുന്നണിയുമായി തിരുകൊച്ചിയിലെ പി. എസ്. പി. കൂട്ടുകെട്ടിലേർപ്പെട്ടു പരസ്പരമുള്ള സഹായങ്ങളോടുകൂടി തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നു. അക്കാരണത്താൽ പി. എസ്. പി. യും നിഷിദ്ധമായി പരിണമിച്ചിരിക്കുന്നു.

## ഐ. മു. വിൻെറ പ്രകടനപത്രിക

ഇടതുപക്ഷഐക്യമുന്നണിയുടെ തിരഞ്ഞെടുപ്പുവിജ്ഞാപനം ഐക്യകമ്മിററി പുറപ്പെടുവിച്ചിട്ടുണ്ടല്ലോ. അതിൻെറ ആരംഭത്തിൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണ്.

“കോൺഗ്രസ്സുഭരണത്തെ മാററി തൽസ്ഥാനത്തു് ജനങ്ങളിൽ ഭൂരിപക്ഷത്തിൻെറ പ്രാതിനിധ്യം വഹിക്കുന്ന ഒരു ഗവർമ്മെൻറ് സ്ഥാപിക്കുന്നതിനുള്ള അവസരം ഈ തിരഞ്ഞെടുപ്പ് നമ്മുടെ മുൻപിൽ തുറന്നുതന്നിരിക്കുന്നു. ആ അവസരം ഉപയോഗപ്പെടുത്തുവാൻവേണ്ടി ഇടതുപക്ഷഐക്യമുന്നണിയും പി. എസ്. പി. യും ചേർന്ന് ഈ തിരഞ്ഞെടുപ്പിൽ കോൺഗ്രസിനെ യോജിച്ചുനിന്ന് എതിർക്കാൻ തീരുമാനിച്ചിരിക്കുന്നു. ഈ യോജിപ്പിൻെറ അടിസ്ഥാനത്തിൽ കോൺഗ്രസിനെ തോല്പിക്കുവാനും, ഇടതുപക്ഷഐക്യമുന്നണിക്കും പി. എസ്. പി. ക്കും അവരോടു യോജിച്ചുനില്ക്കുന്ന പുരോഗമനവാദികൾക്കും ഭൂരിപക്ഷം നേടുവാനും കഴിയുമെന്ന് ഇടതുപക്ഷഐക്യമുന്നണി വിശ്വസിക്കുന്നു. അങ്ങനെ ഭൂരിപക്ഷം നേടിയ കക്ഷികൾ ചേർന്ന് ഭരണഭാരം ഏറെറടുക്കുവാൻവേണ്ടി ഇടതുപക്ഷഐക്യമുന്നണി നിലകൊള്ളുന്നു.” പ്രകടനപത്രിക ഉപസംഹരിച്ചിരിക്കുന്നതു് ഇങ്ങനെയാണ്: “ഒരു ഗവർമ്മെൻറ് ഈ സ്റ്റേററിൽ രൂപീകരിക്കുവാൻ ഇടതുപക്ഷഐക്യമുന്നണിയുടേയും പി. എസ്. പി. യുടേയും സ്ഥാനാർത്ഥികളേയും അവരോടു് യോജിച്ചുനില്ക്കുന്ന മററു പുരോഗമനവാദികളായ സ്ഥാനാർത്ഥികളേയും ജയിപ്പിക്കുവാൻ ഇടതുപക്ഷഐക്യകമ്മിററി അഭ്യർത്ഥിക്കുന്നു.”

## പ്രസംഗയോഗങ്ങളിലെ പ്രസ്താവങ്ങൾ

ജനുവരി 18-ാംനു ചേരാനെല്ലൂർവച്ചു കൂടിയ രാഷ്ട്രീയസമ്മേളനത്തിൽ തിരുകൊച്ചി പി. എസ്. പി. യുടെ പ്രസിഡൻറായ ശ്രീ പട്ടംതാണുപിള്ള സമ്മതിച്ചു, ഇടതുപക്ഷപാർട്ടിയുടെ സംയുക്തഗവർമ്മെൻറു സ്ഥാപിക്കുവാൻ തനിക്കു സമ്മതമാണെന്ന്. “ഞങ്ങൾക്കു ഭൂരിപക്ഷം കിട്ടിയാൽ— ഇടതുപക്ഷപാർട്ടികൾ ജയിച്ചാൽ—ചെയ്യേണ്ടതു ചെയ്യും. അതു ഗവർമ്മെൻറുണ്ടാക്കുകയായിരിക്കും.” പശ്ചിമബംഗാളിലെ എം. എൽ. എ. യും ഒരു പ്രമുഖ കമ്മ്യൂണിസ്റ്റുനേതാവും ഇടതുപക്ഷങ്ങൾക്കുവേണ്ടി പ്രചരണംനടത്താൻ ഇവിടെ വന്നിരുന്നാളുമായ ശ്രീ ജ്യോതിബസു തിരുവനന്തപുരത്തുവച്ചു പത്രപ്രതിനിധികളോട് ഇപ്രകാരം പ്രസ്താവിച്ചു: “ഇപ്പോൾ നടക്കുവാൻ പോകുന്ന തിരഞ്ഞെടുപ്പിൻെറ പ്രധാനോദ്ദേശം കോൺഗ്രസിനെ തോല്പിക്കുക മാത്രമല്ല, ഇവിടെ മറെറാരു ഗവർമ്മെൻറ് രൂപീകരിക്കുകകൂടിയാണ്.” തിരുകൊച്ചിയിൽ പി. എസ്. പി.—ഐക്യമുന്നണി സഖ്യം ഒരു യാഥാർത്ഥ്യമായി തീർന്നതിൽ അദ്ദേഹം ആഹ്ലാദം പ്രകടിപ്പിച്ചു. മറെറല്ലാ തിരഞ്ഞെടുപ്പുകളിൽനിന്ന് വ്യത്യസ്തവും ഊർജ്ജസ്വലവുമായി കമ്മ്യൂണിസ്റ്റുപാർട്ടി ഈ തിരഞ്ഞെടുപ്പിനെ വീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം തുറന്നുപറഞ്ഞു.

തിരുകൊച്ചിയിൽ ഇടതുപക്ഷഐക്യത്തെ ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പൊളിററ്ബ്യൂറോ സ്വാഗതം ചെയ്യുന്നതു് പി. ടി. ഐ. യുടെ ഫെബ്രുവരി 1-ാം തീയതിയിലെ റിപ്പോർട്ടിൽ കണ്ടതിങ്ങനെയാണ്: “തിരുകൊച്ചിയിലെ അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ യോജിച്ചു മത്സരിക്കുവാൻ കമ്മ്യൂണിസ്റ്റുപാർട്ടിയും, ആർ. എസ്. പി. യും, കെ. എസ്. പി. യും, പി. എസ്. പി. യും ഏതാനും സ്വതന്ത്രന്മാരുംകൂടി ചെയ്ത തീരുമാനത്തെ ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടി കേന്ദ്രകമ്മിററിയുടെ പൊളിററ്ബ്യൂറോ പാസ്സാക്കിയ ഒരു പ്രമേയത്തിൽ സ്വാഗതം ചെയ്തിരിക്കുന്നു. തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ലഭിച്ച് ഭരണഭാരം ഏറെറടുക്കുവാൻ ഇവർ തയ്യാറായാൽ, ഒരു ഗവർമ്മെൻറ് രൂപീകരിക്കുന്നതിനെ തടയാൻ ആർക്കും സാദ്ധ്യമല്ലെന്ന് പൊളിററ് ബ്യൂറോ പ്രഖ്യാപിക്കുന്നു.”

വക്കലെ സമ്മേളിച്ച ഐക്യമുന്നണി തിരഞ്ഞെടുപ്പുയോഗത്തിൽ ശ്രീ പുന്നൂസ് പ്രസംഗമദ്ധ്യേ പ്രസ്താവിച്ചു: “ഞങ്ങൾ 107 പടക്കുതിരകളെ നിറുത്തിയിരിക്കുന്നു. ധൈര്യമുണ്ടെങ്കിൽ അവരെ തടഞ്ഞുനോക്കുക.” ആ യോഗത്തിൽ മി. ശ്രീകണ്ഠൻനായർ പറഞ്ഞു: “സോഷ്യലിസം തിരഞ്ഞെടുപ്പിൽക്കൂടി മാത്രം പെട്ടെന്നു കൈവരുത്താൻ കഴിയുമെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. ജനകീയമായ വർഗ്ഗസമരംകൊണ്ടു മാത്രമേ അതു സാദ്ധ്യമാകയുള്ളു. ഒരു വർഗ്ഗസമരമായി തിരഞ്ഞെടുപ്പിനെ മാററുവാൻ ഞങ്ങൾ യോജിച്ചിരിക്കുന്നു.”

പ്രകടനപത്രികയിൽനിന്നും പ്രസംഗയോഗങ്ങളിൽനിന്നും എടുത്തു് ഞങ്ങൾ മുകളിൽ ഉദ്ധരിച്ച പ്രസ്താവങ്ങളും കമ്മ്യൂണിസ്റ്റുപാർട്ടി പൊളിററ്ബ്യൂറോയുടെ മുകളിൽച്ചേർത്ത പ്രമേയവും അവിതർക്കിതമായി തെളിയിക്കുന്നതെന്താണ്? തിരുകൊച്ചിയിലെ പി. എസ്. പി. കമ്മ്യൂണിസ്റ്റുപാർട്ടിയോടും മററു മാർക്സിയൻ പാർട്ടികളോടും ഈ തിരഞ്ഞെടുപ്പിൽ കൂട്ടുകൂടിയിരിക്കുന്നതു് ഭൂരിപക്ഷം വോട്ടുകൾ പിടിച്ചെടുത്തു് നാലു പാർട്ടികളും ചേർന്നുള്ള ഒരു ഗവർമ്മെൻറു രൂപീകരിക്കുവാൻവേണ്ടിയാണെന്നല്ലയോ? ആ ഗവർമ്മെൻറിൽ മാർക്സിയൻ പാർട്ടികളായിരിക്കും കൂടുതൽ സ്വാധീനം ചെലുത്തുവാൻ ഇടയുള്ളതെന്നല്ലയോ? ആ സ്വാധീനം ചെലുത്തലിൻെറ ഫലമായി കത്തോലിക്കർക്ക് സ്വീകാര്യമല്ലാത്ത പല നടപടികളും തിരുകൊച്ചിയിൽ പ്രയോഗത്തിൽ വരുവാൻ സംഗതിവരുമെന്നല്ലയോ? അങ്ങനെയൊരു ദുരവസ്ഥ ഈ തിരുകൊച്ചിയിൽ ആവിർഭവിപ്പിക്കുവാൻ കാരണമാകും മാർക്സിയൻ പാർട്ടികളുമായുള്ള പി. എസ്. പി. യുടെ ഇപ്പോഴത്തെ കൂട്ടുകെട്ട്. അതുകൊണ്ടാണ് പി. എസ്. പി. ഈ തിരഞ്ഞെടുപ്പിൽ കത്തോലിക്കർക്കു നിഷിദ്ധമായ നില സ്വീകരിച്ചിരിക്കുകയാണെന്നും, പി. എസ്. പി. സ്ഥാനാർത്ഥികൾക്കു വോട്ടുകൊടുക്കുവാൻ കത്തോലിക്കർക്കു പാടുള്ളതല്ലെന്നും ഉൽബോധിപ്പിക്കുന്നതു്.

## അഖിലേന്ത്യാ ബിഷപ്പ്സ് കോൺഫറൻസിൻെറ നിർദ്ദേശം

ഇൻഡ്യയിലെ കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിനുമുൻപ്, 1951 ഒക്ടോബറിൽ, അഖിലേന്ത്യാ കത്തോലിക്ക് ബിഷപ്പ്സ് കോൺഫറൻസ് എന്ന സംഘടനയുടെ സമ്മേളനം ബാംഗ്ളൂരിൽ വച്ചു നടന്നയവസരത്തിൽ അതിൻെറ സ്റ്റാൻറിംഗ് കമ്മിററി ആ തിരഞ്ഞെടുപ്പിൽ കത്തോലിക്കർ വോട്ടുകൊടുക്കേണ്ടതു് ആർക്കെന്ന് ഒരു പ്രസ്താവനമൂലം ചൂണ്ടിക്കാണിച്ചുതന്നു. അതിലെ രണ്ടു് ഖണ്ഡികകളാണ് താഴെ ചേർക്കുന്നതു്.

“മനുഷ്യവ്യക്തിത്വത്തിൻെറ അന്തസ്സിനേയും സ്വാതന്ത്ര്യത്തേയും മുറുകെപ്പിടിക്കുകയും, കുടുംബത്തിൻെറയും സമുദായത്തിൻെറയും ഭദ്രതയെ കാത്തുസൂക്ഷിക്കുകയും, മതസ്വാതന്ത്ര്യത്തേയും വിദ്യാഭ്യാസസ്വാതന്ത്ര്യത്തേയും സംരക്ഷിക്കുകയും, എല്ലാററിലുമുപരിയായി സർവ്വാധിപത്യപരമായ ഭൗതികവാദത്തെ എതിർക്കുകയും ചെയ്യുന്ന സ്ഥാനാർത്ഥികൾക്കുവേണം കത്തോലിക്കർ വോട്ടുനൽകുവാൻ.”

“പ്രത്യക്ഷത്തിൽ ഉപദ്രവകരമല്ലെന്നു് തോന്നാമെങ്കിലും യഥാർത്ഥത്തിൽ മതത്തിനും സന്മാർഗ്ഗത്തിനും രാജ്യത്തിൻെറ ഭൗതികസുഖസമൃദ്ധിക്കും ബാധകമായ ആശയങ്ങളേയും രാഷ്ട്രീയപരിപാടികളേയും വച്ചുപുലർത്തുന്നവരുമായി വേഴ്ചയുള്ളവരെ നാം എപ്പോഴും സൂക്ഷിക്കേണ്ടതാണ്. അവരുടെ കുടിലപ്രവർത്തനങ്ങളിൽനിന്നു് വോട്ടർമാർ ഒഴിഞ്ഞുനില്ക്കണം.”

ഈ രണ്ടു ഖണ്ഡികകളിൽ ആദ്യത്തേതിൽ പറഞ്ഞിരിക്കുന്നതിൽനിന്നു് സ്പഷ്ടമായി കാണാം, മാർക്സിയൻപാർട്ടികൾക്കു തങ്ങളുടെ വോട്ടുകൊടുക്കുവാൻ കത്തോലിക്കർക്കു പാടുള്ളതല്ലെന്നു്. അത്തരം പാർട്ടികളോടും അവരുടെ ആശയങ്ങളോടും വേഴ്ചയുള്ള പാർട്ടികൾക്കും വോട്ടുകൊടുക്കുവാൻ കത്തോലിക്കർക്കു പാടുള്ളതല്ലെന്നു്. രണ്ടാമത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നതു് തിരുകൊച്ചിയിലെ ഇപ്പോഴത്തെ തിരഞ്ഞെടുപ്പിൽ ഏർപ്പെട്ടിരിക്കുന്ന പി. എസ്. പി. യെ പ്രത്യേകിച്ചും ബാധിക്കുന്നതാണ്. അവരുടെ ഇപ്പോഴത്തെ വേഴ്ചനിമിത്തം പി. എസ്. പി. ക്കു കത്തോലിക്കർ വോട്ടുകൊടുക്കരുതെന്നു താല്പര്യം. വിദ്യാഭ്യാസസ്വാതന്ത്ര്യത്തെ സംരക്ഷിക്കാത്തവർക്കു വോട്ടുകൊടുക്കുവാൻ കത്തോലിക്കർക്കു പാടില്ലെന്നു ബിഷപ്പ്സ് കോൺഫറൻസിൻെറ മേലുദ്ധരിച്ച നിർദ്ദേശത്തിൽ പറഞ്ഞിട്ടുള്ളതു് പ്രത്യേകം ശ്രദ്ധേയമാണ്. തിരുകൊച്ചി പി. എസ്. പി. യുടെ നേതാവായ ശ്രീ പട്ടംതാണുപിള്ള ഈ സംസ്ഥാനത്തെ വിദ്യാഭ്യാസം മുഴുവനും രാഷ്ട്രസാൽക്കരിക്കണമെന്നും പ്രൈവററ് ഏജൻസികൾക്കു ഇപ്പോഴത്തെപ്പോലുള്ള യാതൊരു സ്ഥാനവും വിദ്യാഭ്യാസരംഗത്തിൽ കൊടുത്തുകൂടായെന്നും നിയമസഭയ്ക്കകത്തും പുറത്തുംവച്ചു് ഇടവിടാതെ വാദിച്ചുകൊണ്ടിരിക്കുകയാണെന്നു് കുപ്രസിദ്ധമാണ്. ആകയാൽ അക്കാരണത്താലും അദ്ദേഹം നേതൃത്വം വഹിക്കുന്ന പി. എസ്. പി. ശാഖയ്ക്കു് വോട്ടുകൊടുക്കുവാൻ കത്തോലിക്കർക്കു പാടില്ലെന്നു സ്പഷ്ടം.

## വരാപ്പുഴമെത്രാപ്പോലീത്തായുടെ ഉദ്ബോധനം

അഖിലേന്ത്യാ ബിഷപ്പ്സ് കോൺഫറൻസിൻെറ ഈ നിർദ്ദേശംതന്നെയാണ് വന്ദ്യദിവ്യശ്രീ ഡോക്ടർ അട്ടിപ്പേററി തിരുമനസ്സുകൊണ്ടു് ഇപ്പോഴത്തെ തിരഞ്ഞെടുപ്പുസംബന്ധിച്ചു പുറപ്പെടുത്തിയ പ്രസ്താവനയിൽ ഉൽബോധിപ്പിച്ചിട്ടുള്ളതു്. മാർക്സിസ്ററുപാർട്ടികളെന്നു സ്വയം അവകാശപ്പെടുന്ന കമ്മ്യൂണിസ്റ്റ്, ആർ. എസ്സ്. പി., കെ. എസ്സ്. പി. എന്നീ പാർട്ടികൾക്കു യാതൊരു കത്തോലിക്കനും തൻെറ വിലയേറിയ വോട്ടു കൊടുത്തുകൂടാ എന്നു നിസ്സന്ദേഹം വിശദീകരിച്ചശേഷം പ്രജാസോഷ്യലിസ്റ്റുപാർട്ടിയെപ്പററി ഇപ്രകാരം ഉൽബോധിപ്പിക്കുന്നു:

“മാർക്സിസ്റ്റുകക്ഷികളെ നേരിട്ടു അനുകൂലിക്കുകമാത്രമല്ല, അവരെ പരോക്ഷമായി സഹായിക്കുകയോ, അധികാരത്തിൽ കടന്നുകൂടുവാനുള്ള അവരുടെ പരിശ്രമത്തിനു് ഏതെങ്കിലും വിധത്തിൽ പിൻതുണനൽകുകയോ ചെയ്യുന്ന എല്ലാം ശ്രമങ്ങളേയും സഭ നിരോധിക്കുന്നു. തിന്മയോടുള്ള പ്രത്യക്ഷമായ സഹക

വി. യൗസേപ്പുപിതാവിൻെറ സഹായത്താൽ ഉദ്ദിഷ്ടഫലപ്രാപ്തിക്കു ഉപകാരസ്മരണ. താമസിച്ചതിൽ ക്ഷമാപണം.

By Mrs. C. B. Pereira
Puthucurichy

രണാംപോലെതന്നെ പരോക്ഷമായ സഹകരണവും തെററായിട്ടുള്ളതാണ്. പി. എസ്. പി. എന്ന പേരിൽ അറിയപ്പെടുന്ന രാഷ്ട്രീയപാർട്ടി ഒരു മാർക്സിയൻപാർട്ടിയല്ലെന്ന് അവർ അവകാശപ്പെടുന്നുണ്ടെങ്കിലും, ഇവിടെയുള്ള മാർക്സിയൻ പാർട്ടികളുമായി വേഴ്ചസമ്പാദിച്ച് അധികാരം പിടിച്ചെടുക്കുവാൻ അവരെ സഹായിക്കുന്നതുകൊണ്ട് ആ പാർട്ടിയും കത്തോലിക്കർക്ക് സ്വീകാര്യമല്ലാതെ വന്നിരിക്കുന്നു. ഇതിനാൽ ഈ പ്രത്യേക സാഹചര്യത്തിൽ ഒരു കത്തോലിക്കനു തൻെറ വോട്ടുനൽകി ഈ പാർട്ടിയെ സഹായിക്കുവാൻ പാടില്ലാത്തതാണ്.”

ഇപ്പോഴത്തെ തിരഞ്ഞെടുപ്പിൽ തിരുകൊച്ചിയിലെ പി. എസ്. പി. ക്കു് വോട്ടുകൊടുക്കുവാൻ കത്തോലിക്കർക്കു് പാടില്ലെന്നു് ഇതിലധികം വ്യക്തമായും യുക്തിയോടുകൂടിയും പ്രതിപാദിക്കുവാൻ കഴിയുന്നതെങ്ങനെ? പി. എസ്. പി. യുടെ അഖിലേന്ത്യാനില എങ്ങനെയിരുന്നാലും തിരുകൊച്ചിയിലെ പി. എസ്. പി. ശാഖ ഇപ്പോഴത്തെ തിരഞ്ഞെടുപ്പിൽ നിഷിദ്ധപാർട്ടിയായി പരിണമിച്ചിരിക്കുന്നെന്നും അക്കാരണത്താൽ അതിനു വോട്ടുകൊടുക്കുവാൻ കത്തോലിക്കർക്കു പാടുള്ളതല്ലെന്നുമാണ് മനസ്സിലാക്കേണ്ടിയിരിക്കുന്നതു്.

—o—

Reg. M. No. 2293

# Sathya Deepam

Vol. 27 — Ernakulam February 17, 1954 — No. 25

# വിവിധവൃത്താന്തങ്ങൾ

### ഹീറോയിസം തേടിയ പെൺകുട്ടി

സർ ഹെർബെർട്ട് ട്രീ എന്ന ദേഹത്തിന്റെ ഓമനമകളുടെ 12-ാം ജന്മദിനമായിരുന്നു. ആൺകുട്ടികളെപ്പോലെ വസ്ത്രധാരണം ചെയ്താണു അന്നു രാവിലെ അവൾ പിതൃസന്നിധിയിൽ എത്തിയതു്. എന്താണിതെന്നു പിതാവു് അത്ഭുതപ്പെട്ടു ചോദിച്ചു. "ഡാഡീ! ഞാൻ ചരിത്രം കുറെയൊക്കെ വായിച്ചു. പുരുഷന്മാരെയും സ്ത്രീകളേയും ഞാൻ താരതമ്യം ചെയ്തുനോക്കിയതിൽ പുരുഷന്മാർക്കാണു കൂടുതൽ ഹീറോയിസം (ധീരപരാക്രമം) എന്നു എനിക്കു ബോധ്യമായി. അതുകൊണ്ടു ഇന്നുമുതൽ ഒരു പെൺകുട്ടിയാകുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ഒരു പുരുഷനാകാൻ പോകയാണു്." സർ ഹെർബെർട്ടിനു ചിരി അടക്കാൻ സാധിച്ചില്ല. അദ്ദേഹം ചോദിച്ചു: "നീ താരതമ്യപഠനം നടത്തിയ ഈ പുരുഷകേസരികൾ ആരൊക്കെയാണു്? "റിച്ചാർഡ് ദി ലയൺഹാർട്ടഡ്, നെൽസൻ പോൾ, പിന്നത്തേതു പപ്പം തന്നെ."

### കമ്മ്യൂണിസ്റ്റുകാർ ചെയ്യുന്ന ഉപകാരം

കമ്മ്യൂണിസ്റ്റു മർദ്ദനം വർദ്ധമാനമായി വരുന്നിടത്തെല്ലാം കത്തോലിക്കാസഭയ്ക്കു കൂടുതൽ പ്രചാരമാണു് സിദ്ധിച്ചുവരുന്നതെന്നുള്ളതു് അത്ഭുതാവഹമായിരിക്കുന്നു. ചൈനയിൽ പീഡനം കൂടിവരുന്തോറും ഹോങ്കോങ്ങിലെ സഭ പുരോഗമിച്ചുകൊണ്ടിരിക്കുന്നതായി കാണാം. യുദ്ധത്തിനുമുമ്പു് ഹോങ്കോങ്ങിൽ 8 കത്തോലിക്കാ പള്ളികളുണ്ടായിരുന്നുള്ളു. ഇപ്പോൾ 28 ദേവാലയങ്ങൾ അവിടെയുണ്ടു്. ഓരോ പള്ളിയിലും സാധാരണദിവസങ്ങളിൽ ശതക്കണക്കിനും, ആഘോഷത്തിരുനാളുവസരങ്ങളിൽ സഹസ്രക്കണക്കിനും ആളുകൾ ജ്ഞാനസ്നാനം സ്വീകരിച്ചുവരുന്നു. ഇപ്പോൾ ഹോങ്കോങ്ങിലുള്ളവരിൽ ഭൂരിഭാഗവും, ചുവപ്പന്മാർ ചൈനയിലേക്കു് ഇരച്ചുകയറിയപ്പോൾ അവിടെനിന്നു പലായനം ചെയ്തവരാണു്. കമ്മ്യൂണിസത്തിന്റെ മർദ്ദനം അവർ അവിടെവച്ചു അനുഭവിച്ചിട്ടുള്ളവരാണു്. ഈ മഹാവിപത്തിനുള്ള ഏക പ്രതിവിധി കത്തോലിക്കാസഭ മാത്രമാണെന്നു അതിനാൽ അവർ വേണ്ടപോലെ മനസ്സിലാക്കിയിട്ടുണ്ടു്.

### പോളണ്ടിനെപ്പറ്റി യു. എൻ. പ്രതിനിധി

പോളണ്ടിന്റെ യു. എൻ. ഡെലിഗേഷനിൽനിന്നു സ്ഥാനമുപേക്ഷിച്ചു് അമേരിക്കയിൽ അഭയം തേടിയിരിക്കുന്ന പോളണ്ടുകാർ മാറെക്ക് സ്റ്റനിസ്ലാവ് പറയുന്നതായതു്: "ഇന്നു മൂന്നു ലക്ഷത്തിൽപ്പരം പോളണ്ടുകാർ തടങ്കൽപ്പാളയത്തിൽ കിടപ്പുണ്ടു്. അവിടത്തെ ജനങ്ങളിൽ ആറോ ഏഴോ ശതമാനമേ കമ്മ്യൂണിസ്റ്റുകാരുള്ളു. അവിടെ സഭയെ നിർമ്മാർജ്ജനം ചെയ്യാൻ ഇക്കൂട്ടർ സർവ്വശ്രമങ്ങളും ചെയ്യുന്നുണ്ടു്. എന്നാൽ സഭ അവിടെ ശക്തിപ്രാപിച്ചുവരികയത്രേ. ഇന്നത്തെപ്പോലെ പള്ളികളിൽ ആളുകൾ തിങ്ങിക്കൂടുന്നതു ഞാൻ മറ്റൊരിക്കലും കണ്ടിട്ടില്ല. അതിരാവിലെ മുതൽ ഏകദേശം അസ്തമനംവരെ മിക്കപള്ളികളിലും ദിവ്യപൂജയുണ്ടു്......"

### മാനസാന്തരം ആരംഭിച്ചിട്ടേയുള്ളു

സതാക്കിലെ മെത്രാനായ കരാഡോറോയി തിരുമനസ്സുകൊണ്ടു് ഈയിടെ പുറപ്പെടുവിച്ച ഒരു ഇടയലേഖനത്തിൽ പറയുന്നു: നമ്മുടെ പ്രിയപ്പെട്ട രാജ്യത്തെ അതിന്റെ പൂർവ്വവിശ്വാസത്തിലേക്കു തിരികെ കൊണ്ടുവരുന്നതിനുള്ള നമ്മുടെ പരിശ്രമം സമാരംഭിച്ചിട്ടേയുള്ളു. നിരവധി പ്രാർത്ഥനകളും അപ്പസ്തോലിക പ്രവൃത്തികളും അതിലേക്കു് ആവശ്യമുണ്ടെന്നു നാം ഒരിക്കലും വിസ്മരിക്കരുതു്. കഴിഞ്ഞ മിഷൻ സൺഡേ പിരിവു 3715 പവൻവരെ എത്തിയെന്നുള്ളതിൽ നിന്നു നമ്മുടെ ജനങ്ങൾ അവരുടെ പങ്കു നിർവ്വഹിക്കുന്നതിൽ ഒട്ടും പിന്നാക്കമല്ലെന്നു പ്രത്യക്ഷമാക്കിയിട്ടുണ്ടു്.

### ഫിലിപ്പൈൻ മെത്രാപ്പോലീത്താ വോട്ടർമാരോടു്

അടുത്തു നടന്ന ഫിലിപ്പൈൻസിലെ പ്രസിഡണ്ടു തെരഞ്ഞെടുപ്പിൽ ജാറോയിലെ മെത്രാപ്പോലീത്തായായ ജോസ് കൊൻകോ തിരുമേനി സ്വജനങ്ങൾക്കു നൽകിയ ഒരു പ്രബോധനത്തിൽ ഇങ്ങനെ പറയുന്നു: "സ്വതന്ത്രജനാധിപത്യരാജ്യങ്ങളിലെ നല്ല പൗരന്മാർക്കെല്ലാം വോട്ടെന്നു പറയുന്നതു പരിശുദ്ധമായ ഒരവകാശമാകുന്നു. എന്നാൽ അതിനെ വ്യാപാരസാധനമാക്കിത്തീർക്കാതിരിക്കുന്നതിനും ദുഷ്പ്രയോഗിക്കാതിരിക്കുന്നതിനും നിങ്ങൾ അത്യന്തം ശ്രദ്ധാലുക്കളായിരിക്കണം. വീറു കാശുസമ്പാദിക്കാനുള്ള ഒരു വ്യാപാരവുമല്ലാ അതു്. വോട്ടു കൊടുത്തു പണം വാങ്ങുന്നവൻ സ്വാതന്ത്ര്യത്തെയാണു പണയപ്പെടുത്തുന്നതു്. വോട്ടുകൊണ്ടു വ്യാപാരം ചെയ്യാൻ തുനിയുന്നവൻ ദൈവതിരുമുമ്പാകെ മാത്രമല്ല, മനുഷ്യദൃഷ്ടിയിലും ഒരു മഹാപാതകമാണു ചെയ്യുന്നതു്. അതുപോലെതന്നെ ഒരു സ്നേഹിതനെയോ സംബന്ധിയേയോ പ്രീണിപ്പിക്കുന്നതിനോ, ഒരു ശത്രുവിനോടു പകരംവീട്ടുന്നതിനോ ഉപയോഗപ്പെടുത്തേണ്ട ഒന്നല്ല അതെന്നു ഓർത്തുകൊള്ളണം. വ്യക്തിപരമായ സ്നേഹമോ ദ്വേഷമോ അല്ല ഇവിടെ പരിഗണിക്കേണ്ടതു്. രാജ്യത്തിന്റെ പൊതുനന്മയെ ലാക്കാക്കി പ്രവർത്തിക്കണം. വിവേകപൂർവ്വം, വിശ്വസ്തതാപൂർവ്വം ശ്രദ്ധാസമേതവും ആത്മാർത്ഥതയോടുകൂടിയും കൈകാര്യം ചെയ്യേണ്ട ഒരേർപ്പാടാണിതു്."

### അൽമായ പ്രേഷിതത്വം ഊർജ്ജിതപ്പെടുത്തണം

ലൂഥറൻ സഭയിൽനിന്നു കത്തോലിക്കാമതം സ്വീകരിച്ചിട്ടുള്ള ഒരു അമേരിക്കൻ തൊഴിലാളി പറയുകയാണു്: "എന്റെ സഹജോലിക്കാരായി ഒട്ടധികം കത്തോലിക്കരുണ്ടു്. മതസംബന്ധമായി ഞാൻ എന്തെങ്കിലും അവരോടു ചോദിച്ചാൽ പലപ്പോഴും അവർ സംസാരവിഷയം മാറ്റിക്കളകയാണു ചെയ്യുന്നതു്" "പോൾ സർണോറിയോ" എന്ന എഴുത്തുകാരൻ ഇക്കാര്യം സംബന്ധിച്ചു ഇങ്ങനെ രേഖപ്പെടുത്തുന്നു: "വായാടികളായ കമ്മ്യൂണിസ്റ്റുകാരോടും വാദക്കാരായ ക്രിസ്ത്യാനികളോടും നിബിഡമായ ഈ ലോകത്തിലാണു് നാം കഴിഞ്ഞുകൂടുന്നതു്. മതകാര്യങ്ങളെപ്പറ്റി പറഞ്ഞുതുടങ്ങുമ്പോൾ നാം പ്രായേണ മൂകത്വം അഭിനയിക്കുന്നു." എന്താണിതിന്റെ കാരണം എന്നു ചോദിച്ചുകൊണ്ടു ഒരു ലേഖകൻ പ്രതിവചിക്കുന്നു: "അജ്ഞതയാണു ഏറിയകൂറും ഇതിനു കാരണം. സങ്കോചനിമിത്തം മൗനം അവലംബിക്കുന്നവരും ഉണ്ടാകാം. അൽമായപ്രേഷിതത്വത്തിന്റെ ഒരു വലിയ ന്യൂനതയാണിതു്. പൂർണ്ണമായ മറുപടി പറയത്തക്ക അറിവു നിങ്ങൾക്കില്ലെങ്കിൽ അറിവുള്ളവരുമായി അവരെ കൂട്ടി ഏർപ്പെടുത്തിക്കൊടുക്കുകയെങ്കിലും ചെയ്യുക. എന്തുമാത്രം മാനസാന്തരങ്ങൾ ഈ വഴിക്കു നിങ്ങൾക്കു കൈവരുത്തുവാൻ സാധിക്കും!"

### മോൺസിഞ്ഞോർ വെർനൻ ജോൺസൺ

സുപ്രസിദ്ധനായ ഈ വന്ദ്യദേഹം ഈയിടെ ഡബ്ലിനിൽ വച്ചു് ആയിരത്തിൽപ്പരം വരുന്ന ഒരു ജനക്കൂട്ടത്തോടു പ്രസംഗിക്കയിൽ താൻ കത്തോലിക്കാസഭയിൽ വന്നെത്തിയതിന്റെ ചരിത്രത്തെപ്പറ്റിയും പ്രസ്താവിക്കയുണ്ടായി: ഒരു പ്രോട്ടസ്റ്റന്റു വൈദികന്റെ പുത്രനായിരുന്നു അദ്ദേഹം. ഓക്സ്ഫോഡിൽവച്ചു മോൺസിഞ്ഞോർ റോനാൾഡ് നോക്സിന്റെ ആപ്തമിത്രമായിത്തീർന്നു. ആംഗ്ലിക്കൻസഭയിൽ പട്ടമേറ്റശേഷം അദ്ദേഹം ഒരു പ്രോട്ടസ്റ്റന്റു് സന്യാസസഭാംഗമായി. ധ്യാനങ്ങൾ നടത്തുകയിൽ കുമ്പസാരത്തേയും ദിവ്യബലിയേയുംപറ്റി ശക്തിയുക്തം പ്രസംഗിച്ചിരുന്നു. 1914-ൽ വി. ചെറുപുഷ്പത്തിന്റെ സ്വയംകൃതചരിത്രം വായിക്കാനിടയായി. അനേകമാസങ്ങൾ ഈ സ്വകൃതഗ്രന്ഥം അദ്ദേഹത്തിന്റെ ധ്യാനവിഷയമായിരുന്നു. ഒടുവിൽ ലിസ്യൂ സന്ദർശിച്ചു. ദൈവജനനി ചെറുപുഷ്പത്തെ അത്ഭുതകരമായി സുഖപ്പെടുത്തിയ മുറിയിൽവച്ചു അദ്ദേഹത്തിൽ അത്ഭുതാവഹമായ ഒരു പരിവർത്തനമുണ്ടാകുകയാണു ചെയ്തതു്. "അതിൽപ്പിന്നെ ഞാൻ ആംഗ്ലിക്കൻ സഭയിലേക്കു പിന്തിരിഞ്ഞിട്ടില്ലെന്നു പറയാം. ഇംഗ്ലണ്ടിലെത്തിയ ഉടനെ ഞാൻ കത്തോലിക്കാസഭയിലേക്കു് സ്വീകരിക്കപ്പെട്ടു. താമസംവിനാ വൈദികാധ്യയനത്തിനായി റോമിലേക്കു് പോകയും ചെയ്തു."

### ബ്രിട്ടീഷ് മജിസ്ട്രേറ്റിന്റെ ഉചിതകൃത്യം

സൗത്ത് ഷീൽഡ്സ് എന്ന സ്ഥലത്തെ ജോസഫ് ഹാർപ്പർ എന്ന പുസ്തകക്കച്ചവടക്കാരന്റെ കടയിൽനിന്നു കണ്ടെടുത്ത 3148 അശ്ലീലഗ്രന്ഥങ്ങളും മാസികകളും ദഹിപ്പിച്ചുകളയുന്നതിനു അവിടത്തെ മജിസ്ട്രേട്ട് ഉത്തരവിട്ടിരിക്കുന്നു. 'ഈ പുസ്തകങ്ങളുടെ ഉള്ളും പുറവും ഒരുപോലെ മനുഷ്യഹൃദയങ്ങളെ ദുഷിപ്പിക്കുന്നവയാണു്' എന്നത്രേ പ്രോസിക്യൂട്ടിങ്ങ് ഇൻസ്പെക്ടർ ചാർജ്ജുചെയ്തതു്. ഇത്തരം കേസ് പ്രോസിക്യൂട്ടിങ്ങ് ഇൻസ്പെക്ടർമാരും, മജിസ്ട്രേട്ടുമാരും കേരളത്തിനും ഒഴിച്ചുകൂടാത്ത ആവശ്യമായിത്തീർന്നിരിക്കയാണു്.

### കർദ്ദിനാളിന്റെ അഭിപ്രായം

ഇംഗ്ലണ്ടിലെ കർഡിനൽ ഗ്രിഫിൻ തിരുമനസ്സുകൊണ്ടു് "ദൈവപരിപാലനാപുത്രിമാർ" എന്ന കന്യാസ്ത്രീകളാൽ നടത്തപ്പെടുന്ന ഒരു വിദ്യാലയത്തിന്റെ ഉൽഘാടനം നടത്തുകയായിരുന്നു. സഭയുടെ മദർ ജനറാൾ മാർപ്പാപ്പായുടെ കുറേമുമ്പുണ്ടായ ഉൽബോധനം അനുസരിച്ചു് ചില മാറ്റങ്ങളോടുകൂടിയ വസ്ത്രങ്ങൾ ധരിച്ചാണു് സമ്മേളനത്തിൽ സന്നിഹിതയായതു്. മദർ ജനറാളിനെ അനുമോദിച്ചുകൊണ്ടു് കർദ്ദിനാൾ തിരുമേനി പറഞ്ഞു: "ശരിയായിരിക്കുന്നു. മറ്റു സഹോദരിമാരും ഈ രീതിതന്നെ വേഗം അനുകരിച്ചുകൊണ്ടാൽമതി. നിങ്ങളുടെ പഴയ സമ്പ്രദായത്തിൽനിന്നു ഗണ്യമായ ഒരു വ്യതിയാനം തന്നെയാണിതു്. ഇതിൽക്കൂടുതൽ പരിഷ്കരിക്കാനുണ്ടെന്നു എനിക്കു തോന്നുന്നില്ല."

### ഏഴാമത്തെ മെത്രാൻ അറസ്റ്റ് ചെയ്യപ്പെട്ടു

അറസ്റ്റുചെയ്യപ്പെട്ട കർഡിനൽ വിഷിൻസ്കി തിരുമനസ്സിലെ സഹമെത്രാനായ ബിഷപ്പ് ബാർനിയാക്കും ബന്ധനസ്ഥനാക്കപ്പെട്ടിരിക്കുന്നു. മുമ്പു കർദ്ദിനാൾ തിരുമനസ്സിലെ സെക്രട്ടറിയായിരുന്നിട്ടുള്ള ഈ വന്ദ്യദേഹം ഗ്നിയെസ്നോ മെത്രാസനഭരണം നടത്തിവരികയായിരുന്നു. കമ്മ്യൂണിസ്റ്റു് കാരാഗൃഹത്തിൽ വലയുന്ന ഏഴാമത്തെ മെത്രാനാണിദ്ദേഹം. മറ്റു വൈദികരുടെ പേരിലുള്ള ചാർജ്ജുകൾ ഇപ്പോൾ അവിടെ വിചാരണയിലിരിക്കുന്നുണ്ടു്. ചെങ്കോടിക്കു കമ്പിടാത്ത സകല വിശ്വാസികളേയും സമൂലനാശം ചെയ്യുന്നതിനുള്ള ഒരു യജ്ഞമാണു അവിടെ നടക്കുന്നതു്.

### തീർത്ഥയാത്രക്കാർ സൂക്ഷിക്കണം

യഹൂദന്മാരും അറബികളും തമ്മിലുള്ള കശപിശ വീണ്ടും അവിടവിടെ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നതിനാൽ തിരുസ്ഥലങ്ങളിലേക്കുള്ള തീർത്ഥയാത്രകൾ ശ്രദ്ധാപൂർവ്വകങ്ങളായിരുന്നുകൊള്ളണമെന്നു പലസ്തീനായിൽനിന്നുള്ള ഒരു റിപ്പോർട്ടിൽ അറിയിച്ചിരിക്കുന്നു. ഏതുനേരത്തും വലിയ ഏറ്റുമുട്ടലുണ്ടാകാൻ പാടുള്ള സാഹചര്യങ്ങളാണുള്ളതെന്നു റിപ്പോർട്ടിൽ പറയുന്നു. ഇസ്രായേൽ ഗവൺമെന്റിന്റെ വിസായുള്ള സന്ദർശകന്മാർക്കു അറബികൾ പ്രവേശനം അനുവദിക്കുന്നില്ല. അതിനാൽ അതാതു സ്ഥലത്തെ കോൺസലർമാരുമായി വേണ്ട ആലോചനകൾ ചെയ്തു പുറപ്പെടാൻ വിദേശികൾ ശ്രദ്ധിക്കേണ്ടതാകുന്നു.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

